# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

NOVEMBER 2025 | Vol - 5 ● Issue - 11 ● 16 Page Tabloid | www.syromalabarvision.com


# പ്രകാശവീഥിയിൽ സഭ

റവ. ഡോ. അരുൺ കലമറ്റം

തിരുസഭയുടെ ആത്മാവബോധം ദൈവശാസ്ത്ര ലോകത്തും സാധാരണ ചർച്ചകളിലും ശരിയായ വിധത്തിൽ ഗ്രഹിക്കുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യാത്തതാണ് സഭാത്മകമായ മിക്ക പ്രതിസന്ധികളുടെയും അടിസ്ഥാനകാരണം. തിരുസഭയെ എങ്ങനെ മനസ്സിലാക്കുന്നു എന്നതിനെ ആശ്രയിച്ചാണല്ലോ ഒരാൾ സഭയോട് ഇടപെടുന്നതും സഭാത്മക വിഷയങ്ങളെ അവതരിപ്പിക്കുന്നതും. സഭയെ ഒരു രാഷ്ട്രീയ സംവിധാനത്തെ പോലെ കാണുന്നവർ രാഷ്ട്രീയമായും ഒരു സാമൂഹികസംവിധാനമായി മനസ്സിലാക്കുന്നവർ സാമൂഹിക സേവനാർത്ഥവും സഭയെ പരിഗണിക്കും. ചിലർ സഭയെ ഒരു വിപ്ലവ പ്രസ്ഥാനം എന്ന പോലെയോ ക്ലബ്ബ്പോലെയോ സ്ഥാപനം പോലെയോ കരുതുന്നതിന്റെ കാരണവും ഇതാണ്. എന്നാൽ യഥാർഥത്തിൽ എന്താണ് തിരുസഭ എന്നാണ് തിരുസഭതന്നെ മനസ്സിലാക്കുന്നത്?

തിരുസഭാദർശനത്തിൽ ദൈവശാസ്ത്ര വിശകലനങ്ങളെക്കാൾ എപ്പോഴും പ്രാധാന്യമർഹിക്കുന്നത് സൂനഹദോസുകളുടെ പ്രബോധനങ്ങളാണെന്ന് നമുക്കറിയാം സൂനഹദോസുകൾ പൊതുവിൽ വിശ്വാസ വിഷയങ്ങളെക്കുറിച്ച് സഭയോടും ലോകത്തോടും സംസാരിച്ചിരുന്നു. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ കൂടുതൽ ശ്രദ്ധിച്ചത് തിരുസഭയെക്കുറിച്ചുതന്നെ സംസാരിക്കാനാണ്. തിരുസഭ എന്താണെന്നുള്ള തിരുസഭയുടെ തന്നെ ആത്മാവബോധമാണ് ലൂമൻ ജെൻസിയും (Lumen Gentium) എന്ന ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ.

രണ്ടാം വത്തിക്കാൻ കൗൺസിൽ തിരുസഭയെക്കുറിച്ച് സംസാരിക്കുന്നത് പ്രധാനമായും മൂന്ന് പദങ്ങൾ ഉപയോഗിച്ചാണ്. രഹസ്യം, ദൈവജനം, മിശിഹായുടെ ശരീരം എന്നിവയാണവ. കൗൺസിൽ ഈ പദങ്ങളെ ഏത് അർഥത്തിൽ, ഏതു മൂല്യത്തിൽ പഠിപ്പിക്കുന്നു എന്നാണ് നാം പരിശോധിക്കുവാൻ പോകുന്നത്.

## ദൈവജനം

രണ്ടാം വത്തിക്കാൻ കൗൺസിൽ ചർച്ചകളിൽ ഏറ്റവും അധികം തെറ്റിദ്ധരിപ്പിക്കപ്പെട്ടിട്ടുള്ള പദമാണ് ദൈവജനം. ദൈവജനമാണ് തിരുസഭ എന്ന് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുവെന്ന് നാം ധാരാളമായി പറഞ്ഞുകേൾക്കാറുണ്ട്. എന്നാൽ, തിരുസഭ നാം മനസ്സിലാക്കുന്നതുപോലെയുള്ള ഒരു 'ദൈവജനമല്ല' എന്ന് പഠിപ്പിക്കുന്നതാണ് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദൈവജന പരാമർശങ്ങൾ എന്നത് നമ്മെ അത്ഭുതപ്പെടുത്തും. യഥാർഥത്തിൽ ദൈവജനം എന്നത് ഒരു പഴയനിയമ പരാമർശമാണ്. ഇസ്രയേൽ ജനത്തെയാണ് 'ദൈവജനം' എന്നതുകൊണ്ട് വിശുദ്ധ ഗ്രന്ഥം ഉദ്ദേശിക്കുന്നത്. അവിടെ, അവർ ഒരുമിച്ച് ചേർക്കപ്പെട്ട ഒരു 'ജനം' ആയിരുന്നു. ദൈവം സ്വന്തമാക്കിയ ദൈവത്തിന്റെ ജനം. അവരെ ഒരു ജനമാക്കി തീർക്കുന്നതിന് വേണ്ടിയാണ് ദൈവം 40 സംവത്സരങ്ങൾ മരുഭൂമിയിൽ അവരോടൊത്ത് സഞ്ചരിച്ചത്, അവരോട് ഉടമ്പടി ചെയ്തത്, നിയമങ്ങൾ നൽകി അവരെ അനുസരണയും സ്വത്വബോധവും ഉള്ള ഒരു സമൂഹമാക്കിമാറ്റിയത്.



** തിരുസഭാദർശനത്തിൽ ദൈവശാസ്ത്ര വിശകലനങ്ങളെക്കാൾ എപ്പോഴും പ്രാധാന്യമർഹിക്കുന്നത് സൂനഹദോസുകളുടെ പ്രബോധനങ്ങളാണെന്ന് നമുക്കറിയാം സൂനഹദോസുകൾ പൊതുവിൽ വിശ്വാസ വിഷയങ്ങളെക്കുറിച്ച് സഭയോടും ലോകത്തോടും സംസാരിച്ചിരുന്നു. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിൽ കൂടുതൽ ശ്രദ്ധിച്ചത് തിരുസഭയെക്കുറിച്ചുതന്നെ സംസാരിക്കാനാണ്. തിരുസഭ എന്താണെന്നുള്ള തിരുസഭയുടെ തന്നെ ആത്മാവബോധമാണ് ലൂമൻ ജെൻസിയും (Lumen Gentium) എന്ന ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ.**

പുതിയ നിയമം തിരുസഭയെ ദൈവജനം എന്ന് വിളിക്കുന്നില്ല. വളരെ വിപുലമായ ഒരർഥത്തിൽ പഴയ നിയമ ഇസ്രായേലിന്റെ തുടർച്ചയാണ് തിരുസഭ എന്ന് സൂചിപ്പിക്കാൻ വേണ്ടി മാത്രമാണ് ദൈവജനം എന്ന പരാമർശം കൗൺസിൽ നടത്തുന്നത്. ഒപ്പം മനുഷ്യവംശം എന്ന നിലയിലും സഭാസമൂഹത്തിന്റെ അംഗങ്ങൾ എന്ന നിലയിലുമുള്ള അസ്തിത്വത്തെക്കുറിച്ചും ഇതര സമൂഹങ്ങളോട് ഉണ്ടാകേണ്ട ബന്ധത്തെക്കുറിച്ചും പരാമർശിക്കുന്നതിന് വേണ്ടി മാത്രമാണ് ദൈവജനം എന്ന പരാമർശം കൗൺസിൽ ഉപയോഗിക്കുന്നത്. 'ജനം' വല്ലാതെ വിലമതിക്കപ്പെടുന്ന ഇടങ്ങളിൽ ദൈവാധികാരം വിസ്മരിക്കപ്പെടും. ജനത്തിന് ഉചിതമായത് ജനാധിപത്യം ആണെന്ന് സങ്കൽപ്പിക്കപ്പെടും. ജനത്തിന്റെ ആധിപത്യമല്ല, ദൈവത്തിന്റെ ആധിപത്യമാണ് തിരുസഭയുടെ ജീവിതക്രമം. ദൈവജനം എന്ന പരാമർശം അമിതമായ സ്വാതന്ത്ര്യദാഹത്തിന്റെയും സാമൂഹിക വിപ്ലവ സ്വപ്നങ്ങളുടെയും പൗരോഹിത്യ വിദ്വേഷത്തിന്റെയും ഉപകരണമായി മാറുന്നതും നാം ശ്രദ്ധിച്ചിട്ടുണ്ടാകും.

## രഹസ്യാത്മകതയുടെ സഭ

ദൈവജനമല്ലെങ്കിൽ പിന്നെ എന്താണ് സഭ? തിരുസഭ ഒരു ജനസമൂഹം എന്നതിനപ്പുറത്ത് അഭൗമികമായ ദൈവിക രഹസ്യമാണ് എന്ന് തിരുസഭ എളിമയോടെ അംഗീകരിക്കുന്നു. മനുഷ്യന്റെ ബുദ്ധിക്ക് അജ്ഞാതമാംവിധം മറഞ്ഞിരിക്കുന്നതും പരിശുദ്ധ റൂഹായാൽ മാത്രം വെളിപ്പെടുത്തുന്നതും ആണ് തിരുസഭ എന്ന സ്വർഗീയ രഹസ്യം എന്നുതന്നെയാണ് തിരുസഭയുടെ തിരിച്ചറിവ്. തിരുസഭ 'ഞങ്ങൾ നിർമ്മിച്ചെടുത്ത' ഞങ്ങളുടെ നിയന്ത്രണത്തിലുള്ള ഒരു സംവിധാനമല്ല എന്ന തിരുസഭയുടെ വിനയാന്വിതമായ ഏറ്റുപറച്ചിലാണിത്. ദൃശ്യമായ ഭൗതിക സംവിധാനങ്ങളും ഘടകങ്ങളും നാം ഉൾപ്പെടുന്ന മനുഷ്യരുടെ കൂട്ടായ്മയും തിരുസഭയുടെ ദൃശ്യ ഘടകങ്ങളാണ്. എന്നാൽ തിരുസഭ എന്ന യാഥാർത്ഥ്യം ഈ ദൃശ്യ ഘടകങ്ങൾക്കതീതമാണെന്ന് നമുക്കറിയാം.

സ്വർഗത്തിലെയും ശുദ്ധീകരണ സ്ഥലത്തെയും ഭൂമിയിലെയും സഭാംഗങ്ങൾ ഒരുമിച്ച് ചേരുന്നതാണ് തിരുസഭ. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്വർഗീയ അംഗങ്ങൾ തന്നെയാണ്. കാരണം അവരാണ് മിശിഹാ ജീവിതത്തെ അതിന്റെ പരിപൂർണ്ണതയിൽ സ്വന്തമാക്കിയവർ. നമ്മൾ ഒരുമിച്ച് കൂടുന്ന നമ്മുടെയൊരു സംഘടനാ സംവിധാനമായി തിരുസഭയെ കരുതരുത്. സ്വർഗീയ സഭയുടെ മാതൃകയും ജീവിത വഴിയുമാണ് തിരുസഭയുടെ ഐഡന്റിറ്റി. അതുകൊണ്ടാണ് കൗൺസിൽ ഒന്നാം അധ്യായത്തിൽ തന്നെ തിരുസഭയുടെ രഹസ്യാത്മകതയെ കുറിച്ച് സംസാരിക്കുന്നത്. പരിശുദ്ധ സഭ ഭൂമിയിൽ മിശിഹായെ സന്നിഹിതമാക്കുന്ന അവിടുത്തെ കൂദാശയാണ്. തിരുസഭയെ നയിക്കുന്നത് ഭൗമിക സംവിധാനങ്ങൾ അല്ല അവയിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവാണ് എന്ന തിരിച്ചറിവ് തിരുസഭയെ മനുഷ്യബുദ്ധിക്ക് അതീതമായ രഹസ്യമാണെന്ന് തിരിച്ചറിയാൻ നമ്മെ സഹായിക്കും.

സഭ ഈ ഭൂമിയിൽ തന്നെ ദൈവരാജ്യമാണ് എന്ന യാഥാർഥ്യം തിരുസഭയുടെ രഹസ്യാത്മകതയോട് ചേർത്ത് മനസ്സിലാക്കേണ്ടതാണ്. 'ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെയുണ്ട്' എന്നാണ് ഈശോ ശ്ലീഹന്മാരോട് അരുൾ ചെയ്തത്. അഭൗമികമായ സ്വർഗ്ഗരാജ്യത്തെ തിരുസഭ പരിമിതവും ഭൗതികവുമായ ഈ ഭൂമിയിൽ സന്നിഹിതമാക്കുന്നു. അതൊരു വലിയ രഹസ്യമാണ്.

## മിശിഹായുടെ ശരീരം

അങ്ങനെയെങ്കിൽ യഥാർഥത്തിൽ തിരുസഭ എന്താണ്? അത് മിശിഹായുടെ യഥാർഥ ശരീരമാണ് എന്നതാണ് പരിശുദ്ധ സൂനഹ

ശേഷം പേജ് 3-ൽ

## എഡിറ്റോറിയൽ

# ശ്രവിക്കുന്ന സഭയിൽ ഒരുമിച്ചു നടക്കാം!

ചരിത്രത്തിൽ സഭയെപ്പോലെ ഇത്ര ദൃശ്യമായതും അത്രതന്നെ തെറ്റിദ്ധരിക്കപ്പെട്ടതുമായ സംവിധാനങ്ങൾ വളരെ കുറവാണ്. ചിലർക്കു സഭ അധികാരത്തിന്റെ ഘടനയായി തോന്നുന്നു; മറ്റുചിലർക്കു സഭ കഴിഞ്ഞ കാലത്തിന്റെ ഒരു അവശിഷ്ടം മാത്രമാണ്. പക്ഷേ, ഓരോ മനുഷ്യധാരണകൾക്കുമടിയിൽ ഒരു ദൈവികരഹസ്യം മറഞ്ഞിരിക്കുന്നു. സഭയെക്കുറിച്ചുള്ള ഈ രഹസ്യമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ 'ജനതകളുടെ പ്രകാശം' എന്ന പ്രമാണരേഖയിലൂടെ ആധുനിക ലോകത്തിനു മനസിലാകുംവിധം നൽകാൻ ശ്രമിച്ചത്.

സഭയെക്കുറിച്ചുള്ള ഈ സത്യം ആധുനിക മനുഷ്യനു മനസിലാക്കാൻ എളുപ്പമല്ല. ദൃശ്യവും അതേസമയം അദൃശ്യവുമായതും, ഭൗതികവും എന്നാൽ ആത്മീയവുമായതും, ഒരേസമയം മാനുഷികവും ദൈവീകവുമായതുമായ ഈ യാഥാർത്ഥ്യത്തെ മനസ്സിലാക്കാൻ സ്വയംപര്യാപ്തതയുടെയും വിഭാഗീയതയുടെയും കാലഘട്ടത്തിൽ ജീവിക്കുന്ന മനുഷ്യൻ ക്ലേശിക്കുന്നു. സംവിധാനങ്ങളോടുള്ള അവിശ്വാസം പുലർത്തുന്ന സംസ്കാരത്തിൽ, രഹസ്യവും എന്നാൽ ഒരു സമൂഹവുമെന്ന സഭയുടെ സ്വഭാവം പലപ്പോഴും വൈരുധ്യമായി കാണപ്പെടുന്നു. എന്നാൽ ഈ വൈരുധ്യംതന്നെയാണ് സഭയെ വിശ്വസനീയയാക്കുന്നത്. കാരണം, മനുഷ്യർ തമ്മിലുള്ള ധാരണകളുടെ ഫലമല്ല സഭ; ദൈവം മുൻകൈയെടുത്തതിന്റെ ഫലമായി, കുരിശിൽ കുത്തിമുറിവേൽപ്പിക്കപ്പെട്ട ഈശോയുടെ ഹൃദയത്തിൽനിന്നു ജനിച്ചതും പരിശുദ്ധാത്മാവിനാൽ ഒരുമിച്ചുചേർക്കപ്പെട്ടതും ശുദ്ധീകരിക്കപ്പെട്ടതും ദൗത്യത്തിലേക്ക് അയക്കപ്പെട്ടതുമായ ഒരു ജനതയാണത്.

ഇന്നത്തെ സഭ സിനഡാലിറ്റിയുടെ പാത സ്വീകരിക്കുമ്പോൾ, വത്തിക്കാൻ കൗൺസിലിന്റെ ഈ ദർശനം പുതുതായി പ്രതിധ്വനിക്കുന്നു. ഒരുമിച്ചു നടക്കാനും പരസ്പരം ശ്രവിക്കാനും പരിശുദ്ധാത്മാവിന്റെ നിമന്ത്രണങ്ങൾക്കു കാതോർക്കാനും മാമോദീസ സ്വീകരിച്ച എല്ലാവരെയും സിനഡാലിറ്റി ക്ഷണിക്കുന്നു. സിനഡാലിറ്റി സഭയുടെ പരമ്പരാഗതമായ അധികാര സംവിധാനത്തെ മാറ്റിസ്ഥാപിക്കുകയല്ല, മറിച്ചു, കൗൺസിൽ വിഭാവനംചെയ്ത കൂട്ടായ്മയുടെയും കൂട്ടുത്തരവാദിത്വത്തിന്റെയും ചൈതന്യത്തിൽ അതിനെ നവീകരിക്കുകയാണു ചെയ്യുന്നത്. ഫ്രാൻസിസ് മാർപാപ്പ പറഞ്ഞതുപോലെ, മൂന്നാം സഹസ്രാബ്ദത്തിൽ ദൈവം സഭയിൽനിന്നു പ്രതീക്ഷിക്കുന്ന വഴിയാണത്.

എന്നാൽ ഈ യാത്ര എളുപ്പമല്ല. വേഗതയുടെയും സ്വാതന്ത്ര്യത്തിന്റെയും കാലഘട്ടത്തിൽ വളർന്ന ആധുനിക മനുഷ്യനു ക്ഷമയുടെയും ശ്രവിക്കുന്നതിന്റെയും അനുസരിക്കുന്നതിന്റെയും മൂല്യങ്ങൾ പലപ്പോഴും അപ്രസക്തമെന്നു അനുഭവപ്പെടുന്നു. സഭയുടെ കൂട്ടായ വിവേചനത്തിനുള്ള ക്ഷണം മന്ദഗതിയായോ കാലികസംസ്കാര വിരുദ്ധമായോ തോന്നാം. പക്ഷേ, ഈ സാവകാശംതന്നെയാണ്, പ്രതികരിക്കുന്നതിനെക്കാൾ കേൾക്കാൻ തയാറാകുന്ന മനോഭാവമാണ്, സഭയുടെ ആഴം വെളിപ്പെടുത്തുന്നത്. അതിവേഗ ആശയവിനിമയത്തിന്റെ ലോകത്തിൽ, സഭ ധ്യാനത്തിന്റെ നിശബ്ദതയാണ് നൽകുന്നത്; സ്വയംപ്രകടനത്തിന്റെ സംസ്കാരത്തിൽ സഭ കൂട്ടായ്മയുടെ കല പഠിപ്പിക്കുന്നു; ഒറ്റപ്പെടലിന്റെ യുഗത്തിൽ സ്നേഹത്തിൽ അടിയുറച്ച ഒരു ഭാഗമാകാൻ സഭ നിർദേശിക്കുന്നു.

ഇന്നത്തെ സഭ മുറിവുകളില്ലാത്തവളല്ല, എന്നിരുന്നാലും ദൈവത്തിന്റെ ശാശ്വതമായ വിശ്വസ്തതയുടെ അടയാളമായി സഭ തുടരുന്നു. സഭയുടെ വിശ്വാസ്യത പരിപൂർണതയിലല്ല, മറിച്ച് മാനസാന്തരത്തിലാണ് അടിസ്ഥാനമിട്ടിരിക്കുന്നത്; അവളുടെ കർത്താവും മാതൃകയുമായ ഈശോയിലേക്കുള്ള നിരന്തരമായ മടങ്ങിവരവാണത്. അതിനാൽ കൗൺസിൽ ദർശനത്തെ സിനഡാലിറ്റിയുടെ ചൈതന്യത്തിൽ പുനർനിർണ്ണയിക്കുന്ന പ്രക്രിയയയിൽ, പുറമെനിന്നു വിലയിരുത്താതെ കൂടെനടന്നു മനസിലാക്കാൻ സഭ ആധുനിക മനുഷ്യരെ ക്ഷണിക്കുന്നു. കൂടെനടക്കലും സ്നേഹത്തോടെയുള്ള കേൾക്കലുമാണ് സഭയുടെ സമകാലിക ദർശനവും ദൗത്യവും. ■

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**സഹ രക്ഷാധികാരി**
മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, കൂരിയ ബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**എക്സിക്യൂട്ടിവ് എഡിറ്റർ**
ഫാ. ടോം ഓലിക്കരോട്ട്
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ. ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ

**എഡിറ്റോറിയൽ ബോർഡ്**
ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ
ഫാ. ജോബിൻ കാഞ്ഞിരത്തിങ്കൽ
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
സി. നവ്യ ടോം DST
സി. റോസ്മിത SMC
സി. ജെസ്സി മരിയ OP

**ഡിസൈൻ & പ്രിന്റ്:** ഡോൺ ബോസ്കോ IGACT, എറണാകുളം, Ph: 0484-2806411
**ഐ.ടി. സപ്പോർട്ട്:** ജോബ് ജോസഫ്

For Editorial queries: Email: syromalabarvision@gmail.com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

## ഓർമിക്കാനൊരു ദിനം

**നവംബർ 1:** മാർ സ്റ്റീഫൻ ചിറപ്പണത്ത് (2016), മാർ വിൻസെന്റ് നെല്ലായിപ്പറമ്പിൽ (2019), മാർ അലക്സ് താരാമംഗലം (2022) എന്നീ മെത്രാന്മാരുടെ അഭിഷേകം.

സകല വിശുദ്ധരുടെ തിരുനാൾ

**നവംബർ 2:** സകല മരിച്ചവരുടെ ഓർമ

**നവംബർ 5:** വി.സഖറിയ, വി. ഏലീശ്വാ

**നവംബർ 6:** മാർ ജോർജ് ആലപ്പാട്ട് മെത്രാന്റെ ചരമം (1973)

മാർ ഗ്രേഷ്യൻ മുണ്ടാടൻ മെത്രാന്റെ അഭിഷേകം (1977)

**നവംബർ 8:** മാർ ജോസഫ് പാംപ്ലാനി മെത്രാപ്പോലീത്തായുടെ അഭിഷേകം (2017)

**നവംബർ 12:** മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ മെത്രാന്റെ അഭിഷേകം (2017)

**നവംബർ 16:** സീറോമലബാർ ഹയരാർക്കി സ്ഥാപനപരസ്യം (1924)

**നവംബർ 17:** സമ്പർക്ക മാധ്യമദിനം

**നവംബർ 18:** മാർ ടോണി നീലങ്കാവിൽ മെത്രാന്റെ അഭിഷേകം (2017)

**നവംബർ 19:** മാർ സൈമൺ സ്റ്റോക്ക് പാലാത്തറ മെത്രാന്റെ ചരമം (2022)

**നവംബർ 21:** മാർ സെബാസ്റ്റ്യൻ വയലിൽ മെത്രാന്റെ ചരമം (1986)

മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനം

**നവംബർ 22:** മാർ മാത്യു വട്ടക്കുഴി മെത്രാന്റെ ചരമം (2016)

മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ മെത്രാന്റെ അഭിഷേകം (2017)

**നവംബർ 24:** മിശിഹായുടെ രാജത്വത്തിരുനാൾ

**നവംബർ 28:** മാർ ജേക്കബ് മനത്തോടത്ത് മെത്രാന്റെ അഭിഷേകം (1992)

**നവംബർ 30:** ഇന്ന് പാതിരാത്രിമുതൽ പിറവിത്തിരുനാൾ വരെ വിവാഹാഘോഷം മുടക്ക്

വി.അന്ത്രയോസ് ശ്ലീഹ

## നാമഹേതുകതിരുനാൾ മംഗളങ്ങൾ

**നവംബർ 30**



ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്

## വഴികാട്ടികൾ

# അലക്സാണ്ട്രിയായിലെ വി. ക്ലമന്റ്

**റവ.ഡോ. അലക്സ് സെബാസ്റ്റ്യൻ കൊല്ലംകളം**



ക്രിസ്തുവർഷം 150 ഓടെ ഏഥൻസിൽ വിജാതീയ മാതാപിതാക്കളിൽനിന്നു ജനിച്ച ടൈറ്റസ് ഫ്ളാവിയസ് ക്ലമൻസ് വിശ്വാസസമർത്ഥക പിതാക്കന്മാരിൽ (Apologists) ഒരാളാണ്. ഇറ്റലിയിലും മെഡിറ്ററേനിയൻ മേഖലയിലും പല ഗുരുക്കന്മാരുടെ കീഴിൽ പരിശീലനം നേടിയ ക്ലമന്റ് ഏഡി 180 മുതൽ 200 വരെ അലക്സാണ്ട്രിയൻ വിദ്യാക്ഷേത്രത്തിന്റെ അധ്യക്ഷനായിരുന്ന പന്തേനൂസിന്റെ ശിഷ്യനായിരുന്നപ്പോഴാണ് ക്രൈസ്തവവിശ്വാസത്തിലേക്ക് ആകർഷിക്കപ്പെട്ടത് എന്ന് പൊതുവെ കരുതപ്പെടുന്നു. ക്രൈസ്തവവിശ്വാസം സ്വീകരിച്ചതിനുശേഷമാണ് അദ്ദേഹം അലക്സാണ്ട്രിയായിലെത്തിയത് എന്നു പറയുന്ന ചരിത്രകാരന്മാരുമുണ്ട്. എന്നാൽ അലക്സാണ്ട്രിയായിലെ പഠനകാലത്താണ് അദ്ദേഹം പുരോഹിതനാകുന്നത് എന്നതിൽ എല്ലാവർക്കും ഏകാഭിപ്രായമാണ്. ഏ ഡി 200-ൽ പന്തേനൂസിന്റെ മരണശേഷം ക്ലമെന്റ് ആ വിദ്യാക്ഷേത്രത്തിന്റെ സാരഥ്യം ഏറ്റെടുത്തുവെങ്കിലും സെപ്തിമൂസ് സെവേരൂസിന്റെ മതപീഡനത്തെ തുടർന്ന് ആ കലാലയം കുറച്ചുകാലത്തേക്ക് അടയ്ക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന് അവിടെനിന്ന് പലായനം ചെയ്യേണ്ടിവന്നു. (പിന്നീട് ആ സ്ഥാനം ഏറ്റെടുത്ത ഒരിജൻ അദ്ദേഹത്തിന്റെ ശിഷ്യരിൽ ഒരാളായിരുന്നു). തന്റെ ശിഷ്യരിൽ ഒരാളും ജറുസലേമിന്റെ മെത്രാനുമായിരുന്ന അലക്സാണ്ടറിന്റെ സംരക്ഷണയിൽ തുടർന്ന അദ്ദേഹം ഏ.ഡി 215-ലാണ് ഇഹലോകവാസം വെടിഞ്ഞത്.

പ്രശസ്തനും ഏവരാലും അംഗീകരിക്കപ്പെട്ടവനും പുരോഹിതനുമായ ക്ലമന്റ് കർത്താവിന്റെ സഭയെ ശക്തിപ്പെടുത്തുകയും വളർത്തുകയും ചെയ്തു എന്ന് ഈ അലക്സാണ്ടർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. (St. Jerome, De Viris Illustribus 38). യഹൂദർക്ക് മോശയുടെ നിയമം എന്നപോലെ യവനർക്ക് തത്വശാസ്ത്രവും സത്യത്തിന്റെ പൂർണതയായ വചനമാകുന്ന മിശിഹായിലേക്ക് നയിക്കുന്ന പാതയാണെന്ന് അദ്ദേഹം പഠിപ്പിച്ചു. വിജാതീയ വിശ്വാസത്തിന്റെ അർഥശൂന്യതയും ക്രൈസ്തവവിശ്വാസത്തിന്റെ വിശുദ്ധിയും കുലീനതയും അവതരിപ്പിക്കുന്ന 'പ്രൊത്രെപ്തിക്കോസ്' (പ്രബോധനം), ക്രൈസ്തവരുടെ കടമകളെക്കുറിച്ചുള്ള നിർദേശങ്ങളടങ്ങിയ 'പെദഗോഗോസ്' (അധ്യാപകൻ) എന്നിവ അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കൃതികളാണ്. ■

വലിയ ഇടയന്റെ ഹൃദയത്തിൽനിന്ന്

# ഒരുമിച്ചുനടക്കാനുള്ള പാതകൾ

മേജർആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ



സഭയ്ക്കുള്ള പലവിശേഷണങ്ങളിലൊന്നാണ് തീർഥാടകയായ സഭ. വാസ്തവത്തിൽ വളരെ അന്വർഥമായ വിശേഷണം കൂടിയാണ് അത്. കാരണം സഭ എന്നും തീർത്ഥാടനപാതയിലാണ്. സ്വർഗമെന്ന ലക്ഷ്യം കേന്ദ്രമാക്കിയുള്ള തീർത്ഥാടനം. ഈ യാത്രയിൽ പലപ്രതിസന്ധികളും പ്രതിബന്ധങ്ങളും ഉണ്ടാവുക സാധാരണമാണ്. ഇവയെ ഏതെല്ലാംവിധത്തിൽ അതിജീവിക്കാനും നേരിടാനും കഴിയുന്നുവോ അപ്പോൾ മാത്രമേ നമ്മുടെ യാത്ര ലക്ഷ്യം കൈവരിക്കുകയുള്ളൂ.

ഏതു യാത്രയും എളുപ്പമാകുന്നത് ഒരേ ചിന്താഗതിക്കാരുമൊത്തുള്ള സഹയാത്രയിലൂടെയാണ്; ഒരേതരത്തിൽ ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയുമ്പോഴാണ്. എന്നാൽ അത് അത്ര എളുപ്പമല്ല. വ്യത്യസ്ത ചിന്താഗതിക്കാരും അഭിപ്രായങ്ങളുള്ളവരും വീക്ഷണഗതികളുള്ളവരുമാണ് മനുഷ്യർ. അക്കാരണത്താൽത്തന്നെ അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികം. തെറ്റിദ്ധാരണകൾകൊണ്ടും കടുംപിടുത്തങ്ങൾകൊണ്ടും സ്വാർഥതകൊണ്ടും അഭിപ്രായഭിന്നതകൾ ഉടലെടുക്കാം. എന്നാൽ അവയെ പരിഹരിക്കാനുള്ള എളുപ്പമാർഗമാണ് സംവാദങ്ങൾ.

സഭയെ സംബന്ധിച്ച് ഇതേറെ പ്രധാനപ്പെട്ടതാണ്. പരസ്പരസംവാദത്തിലൂടെയാണ് സഭയെന്നും വളർന്നിട്ടുള്ളത്. അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കാനും ഒരുമിച്ചുനിന്ന് പൊതുനന്മയ്ക്കായി തീരുമാനങ്ങൾ നടപ്പിലാക്കാനും സഭയെന്നും ശ്രദ്ധിച്ചിട്ടുണ്ട്, വിജയിച്ചിട്ടുമുണ്ട്. ഫ്രാൻസിസ് മാർപാപ്പ മുന്നോട്ടുവച്ച സിനഡാലിറ്റി എന്ന ആശയം ഇവിടെയാണ് ഏറെ പ്രസക്തമാകുന്നത്. സിനഡും സിനഡാലിറ്റിയും ഒരുമിച്ചുപോകുന്നവയാണ്, സഭയ്ക്കുള്ളിൽ കൂട്ടായ്മ വളർത്തുകയും വിശ്വാസത്തിന്റെയും പ്രത്യാശയുടെയും പ്രാധാന്യം ഓർമിപ്പിക്കുകയുമാണ് സിനഡാലിറ്റി ചെയ്യുന്നത്. സഭ കൂട്ടായ്മയോടെ ജീവിക്കുന്നതിനുള്ള ഒരു മാർഗമാണ് സിനഡാലിറ്റി എന്നു ഒറ്റവാക്കിൽ പറയാം, വിഭജനം കുറയ്ക്കുക, സംവാദം പ്രോത്സാഹിപ്പിക്കുക അതാണ് സിനഡാലിറ്റി. കൂട്ടായ്മ വളർത്തണമെങ്കിൽ നാം കേൾക്കാൻ തയ്യാറാകണം, നിശ്ശബ്ദതപാലിക്കാൻ തയ്യാറാകണം. ചർച്ചക്ക് സന്നദ്ധമാകണം. സഭയെന്ന കുടുംബത്തിലും പൊതുസമൂഹത്തിനുപോലും ഇതേറെ പ്രസക്തമാണ്.



**പരസ്പരസംവാദത്തിലൂടെയാണ് സഭയെന്നും വളർന്നിട്ടുള്ളത്. അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കാനും ഒരുമിച്ചുനിന്ന് പൊതുനന്മയ്ക്കായി തീരുമാനങ്ങൾ നടപ്പിലാക്കാനും സഭയെന്നും ശ്രദ്ധിച്ചിട്ടുണ്ട്, വിജയിച്ചിട്ടുമുണ്ട്.**

ആരാധനക്രമപരമായ വിയോജിപ്പുകൾ നമ്മുടെ സഭയുടെ ശാന്തമായ പ്രയാണത്തെ കുറെക്കാലങ്ങളായി അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒന്നാണെന്ന് നമുക്കെല്ലാം അറിയാം. ഏതൊരു വ്യവസ്ഥിതിയുടെയും പുരോഗതിയെ തടസ്സപ്പെടുത്തുന്നവയാണ് അന്ത:ഛിദ്രങ്ങൾ. അകമേതന്നെയുള്ള വെല്ലുവിളികളാണ് അത്. അകത്തുനിന്നുകൊണ്ടുതന്നെ നാശം വരുത്താനുള്ള ശ്രമം. പുറമേനിന്നുള്ള ആക്രമണങ്ങളെ നേരിടാൻ നമ്മൾ ശക്തരോ അല്ലെങ്കിൽ പുറമെയുള്ള ആക്രമണങ്ങളെക്കുറിച്ച് ബോധവാന്മാരോ ആകുമ്പോഴും അകത്തുനിന്നുള്ള ആക്രമണങ്ങളെക്കുറിച്ച് നമ്മളിൽ പലരും ബോധവാന്മാരല്ല. നാശം സമ്പൂർണ്ണമായിക്കഴിയുമ്പോൾ മാത്രമേ നാം അതേക്കുറിച്ച് തിരിച്ചറിയാറുമുള്ളൂ. എന്നാൽ ഭാവിയിലേക്കു പ്രത്യാശയോടെ നോക്കിക്കൊണ്ട് പ്രശ്നങ്ങളെ നമുക്ക് ഒരുമിച്ചിരുന്ന് സംബോധന ചെയ്യാം. തർക്കങ്ങളെ നമുക്ക് കീറിമുറിച്ചു വികൃതമാക്കാതിരിക്കാം. ക്ഷമിക്കാനും സഹിഷ്ണുത പുലർത്താനുമാണല്ലോ നമ്മുടെ ഗുരു നമുക്ക് മാതൃക കാണിച്ചുതന്നിരിക്കുന്നത്. അതിനപ്പുറമുള്ള ഒരു മാതൃകയും നമ്മുടെ മുമ്പിലില്ല. അതുകൊണ്ട് ക്രിസ്തുശിഷ്യരെന്ന നിലയിൽ നമ്മൾ ആ മാതൃക അനുകരിക്കാനും അനുസരിക്കാനും കടപ്പെട്ടവരാണ്. അതുകൊണ്ട് ഇനിയുള്ള കാലമെങ്കിലും ആദിസ്നേഹത്തിലേക്ക് തിരിച്ചുനടക്കാനുള്ള അവസരമാകട്ടെ. പൊട്ടക്കിണറുകളുടെയും മരുഭൂമികളുടെയും നീരുറവ വറ്റിയ ജലാശയങ്ങളുടെയും പിന്നാലെ പായാതെ നമുക്ക് നിത്യജീവന്റെ ഉറവയായ ക്രിസ്തുവിലേക്ക് തിരികെനടക്കാം. നമുക്കിനി ഒരുമിച്ചുനടക്കാം. അതിന് പരസ്പരം ശ്രവിക്കാം. നിശ്ശബ്ദത പാലിക്കേണ്ട ഇടങ്ങളിൽ നിശ്ശബ്ദത പാലിക്കാം. തുറവിയുള്ളവരാകാം. പരസ്പരസ്നേഹത്തിലും സാഹോദര്യത്തിലും കൈകൾ കോർത്ത് ഒരേ പിതാവിന്റെ മക്കളായി നമുക്കു മുന്നോട്ടു നടക്കാം. ■

---

ഒന്നാം പേജ് തുടർച്ച

ദോസ് നൽകുന്ന ഉത്തരം. ഇത് യഥാർഥത്തിൽ കൗൺസിലിന്റെ കണ്ടെത്തലല്ല, വിശുദ്ധ ഗ്രന്ഥ പാരമ്പര്യത്തിൽ നിന്നും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിൽ നിന്നും തിരുസഭ നിരന്തരം ബോധ്യപ്പെടുന്ന യാഥാർത്ഥ്യമാണ്. പരിശുദ്ധ മാമോദിസയിലൂടെ മിശിഹാ തന്റെ ഉത്ഥിത ശരീരത്തിൽ നമ്മെ ഒട്ടിച്ചുചേർത്ത് സഭയെ സ്ഥാപിച്ചു. ഈ ശരീരത്തിന്റെ ശിരസ്സ് മിശിഹായും നാം അതിന്റെ അവയവങ്ങളുമാണ്. ഇസ്രയേൽ എന്ന ദൈവജനത്തെ സംബന്ധിച്ച് അവരുടെ ബന്ധം ഒരു സമൂഹത്തിലെ അംഗങ്ങൾ എന്ന നിലയിൽ മാത്രമാണുള്ളത്. എന്നാൽ തിരുസഭയിലാകട്ടെ ഒരു ശരീരത്തിലെ അവയവങ്ങൾ തമ്മിലുള്ള ബന്ധമാണുള്ളത് എന്നതാണ് തിരുസഭയെ ലോകത്തിലെ മറ്റെല്ലാ ബന്ധങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത്. തിരുസഭയുടെ അനന്യത അവൾ മിശിഹായുടെ ശരീരമായിരിക്കുന്നു എന്നതിലാണ്.

തിരുസഭയുടെ രഹസ്യാത്മകത തിരുസഭ മിശിഹായുടെ ശരീരമായിരിക്കുന്നു എന്ന യാഥാർഥ്യത്തിലാണ് ഉൾച്ചേർന്നിരിക്കുന്നത്. വിശുദ്ധ കുർബാനയ്ക്ക് സമാനമെന്നോണം തിരുസഭയിലും ദൃശ്യവും അദൃശ്യവുമായ യാഥാർഥ്യങ്ങളുണ്ട്. രണ്ടിടത്തും ഈ അദൃശ്യയാഥാർഥ്യം മിശിഹാ എന്ന ദൈവീക വ്യക്തിയാണ്. തിരുസഭ മിശിഹാ തന്നെയാണെന്ന് ബോധ്യപ്പെടാത്ത ആരും തിരുസഭയെ തിരിച്ചറിയുന്നില്ല, സ്നേഹിക്കുന്നുമില്ല! തിരുസഭ ഒരു മതമോ വെറുമൊരു വിശ്വാസസമൂഹമോ ദൈവജനമോ അല്ല പകരം മിശിഹായുടെ ശരീരത്തിലുള്ള അധിവസിക്കലാണ് എന്ന് നാം നിരന്തരം ഓർക്കുകയും പഠിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

അതുകൊണ്ടുതന്നെ, യഥാർഥമായ ദൈവാരാധന അർപ്പിക്കുന്നത് നാമുൾപ്പെടുന്ന ജനക്കൂട്ടമല്ല പകരം മിശിഹാ തന്നെയാണ്. അവിടുന്ന് തന്റെ ശരീരത്തിൽ പിതാവിന് അർപ്പിക്കുന്ന ബലിയിലാണ് അവയവങ്ങൾ എന്ന നിലയിൽ നാം പങ്കുചേരുന്നത്. തിരുസഭയെ വെറും ദൈവജനമായി കണക്കാക്കുന്നിടത്ത് വിശുദ്ധ കുർബാനയും ദൈവാരാധനയും അർഥമില്ലാത്തതായി മാറും. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തിരുസഭാ ദർശനം ശരിയായ വിധത്തിൽ മനസ്സിലാക്കാൻ നമുക്ക് ഈ തിരിച്ചറിവുകൾ ആവശ്യമുണ്ട്.

## ദൈവശാസ്ത്ര വീക്ഷണങ്ങൾ

കത്തോലിക്കാ ദൈവശാസ്ത്രം തിരുസഭയെക്കുറിച്ച് സംസാരിക്കുന്നത് ചില സുപ്രധാന അടിത്തറകളിൽ ഉറച്ചുനിന്നുകൊണ്ടാണ്. വിശുദ്ധ ഗ്രന്ഥം, സഭാ പിതാക്കന്മാരുടെ രചനകൾ, കൗൺസിൽ പ്രബോധനങ്ങൾ, ത്രിത്വ ദൈവശാസ്ത്രം ഇവയെ ശരിയായി വ്യാഖ്യാനിച്ചിട്ടുള്ള ദൈവശാസ്ത്രജ്ഞന്മാർ തുടങ്ങിയവയൊക്കെയാണ് അവ. ഇവയെ വളരെ സ്വതന്ത്രമായി (liberal) വ്യാഖ്യാനിക്കുന്നവരും യാഥാസ്ഥിതികമായി വ്യാഖ്യാനിക്കുന്നവരും ഉണ്ട് എന്ന് മാത്രം. പ്രസക്തമായ മറ്റുചില തിരുസഭാദൈവശാസ്ത്ര വീക്ഷണങ്ങൾ കൂടി പരാമർശിക്കാം

## കമ്മ്യൂണിയൻ സഭാശാസ്ത്രം (Communion Ecclesiology)

ആധുനിക സഭയിൽ ഏറ്റവും അധികം വിലമതിക്കപ്പെടുന്ന സഭാ ദർശനമാണിത്. വത്തിക്കാൻ കൗൺസിലിന്റെ പ്രധാന ഉൾക്കാഴ്ചകളിൽ ഒന്നാണ് 'കമ്മ്യൂണിയൻ (Communion)' എന്ന ആശയം. Joseph Rtazinger, Henri de Lubac, Yves Congar തുടങ്ങിയ പ്രശസ്തരായ ദൈവശാസ്ത്രജ്ഞർ ഈ വീക്ഷണത്തിന് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. തിരുസഭയുടെ ആന്തരിക സ്വഭാവം തന്നെ കൂട്ടായ്മ ആണെന്നും, കൂട്ടായ്മയുടെ അടയാളമായ വിശുദ്ധ കുർബാനയിൽ അധിഷ്ഠിതമാണ് തിരുസഭ എന്നുമുള്ള ബോധ്യം തിരുസഭയിൽ തന്നെ വലിയ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. എല്ലാ വ്യക്തിസഭകൾക്കും തുല്യമായ സ്ഥാനവും പ്രാധാന്യവും തിരുസഭയിൽ ഉണ്ടെന്നും ആ കൂട്ടായ്മയാണ് തിരുസഭയുടെ അസ്ഥിത്വം എന്നും തിരുസഭ തിരിച്ചറിയുന്നു. 'വിശുദ്ധ കുർബാന സ്വീകരിക്കുകഎന്നാൽ തിരുസഭയുടെ കൂട്ടായ്മയെ സ്വീകരിക്കുക എന്നാണർത്ഥം' എന്ന് റാറ്റ്സിംഗർ എഴുതി. 'സഭ പ്രധാനമായും ഒരു സ്ഥാപനമോ സംഘടനയോ അല്ല; മറിച്ച് മിശിഹായിലും പരിശുദ്ധാത്മാവിലും വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ പങ്കിടുന്ന ഒരു കമ്മ്യൂണിയൻ, അഥവാ ദൈവസഹവാസത്തിന്റെ ജീവിതം തന്നെയാണ്.' എന്ന് കോംഗാർ പ്രസ്താവിച്ചു.

## സഭ രക്ഷയുടെ കൂദാശ

കൂദാശകൾ അദൃശ്യമായ ദൈവകൃപയുടെ ദൃശ്യമായ അടയാളമാണ്. സഭ തന്നെയാണ് ദൈവകൃപ ലോകത്തിന് ദൃശ്യമാക്കുന്ന ഏറ്റവും വലിയ കൂദാശ. മിശിഹാ തന്റെ ശരീരമായ സഭയിൽ വസിക്കുകയും അവളിലൂടെ അവൻ മനുഷ്യർക്ക് രക്ഷയുടെ അടയാളം ആവുകയും ചെയ്യുന്നു. ഹെന്റി ഡി ലൂബാക്ക് എന്ന ഫ്രഞ്ച് ദൈവശാസ്ത്രജ്ഞനാണ് 'സഭ ഒരു കൂദാശ' എന്ന ആശയം ആധുനിക ദൈവശാസ്ത്രത്തിൽ ശക്തമായി പുനരവതരിപ്പിച്ചതും കൗൺസിൽ രേഖകളെ സ്വാധീനിച്ചതും. കാർഡിനൽ റാനർ സഭയെ ദൈവകൃപയുടെ അടിസ്ഥാന കൂദാശ എന്ന് വിശേഷിപ്പിച്ചു. 'ദൈവം ചരിത്രത്തിൽ മനുഷ്യർക്കു ദൃശ്യമാകുന്നത് സഭയിലൂടെയാണ്. അതിനാൽ, സഭ ദൈവകൃപയുടെ സാമൂഹിക രൂപമാണെന്നും, കൂദാശകൾ ആ കൃപയുടെ സൂക്ഷ്മ പ്രകടനങ്ങൾ ആണെന്നും അദ്ദേഹം കരുതി.

## തീർഥാടക സഭ

യുഗാന്ത്യോന്മുഖമായി യാത്ര ചെയ്യുന്ന ഒരു തീർഥാടക സമൂഹമാണ് തിരുസഭ എന്ന വീക്ഷണം ഏറെ അർഥപൂർണ്ണമാണ്. സഭ ദൈവരാജ്യത്തിലേക്കുള്ള യാത്രയിലാണ്. അവൾ ചരിത്രത്തിൽ സാക്ഷ്യം വഹിക്കുന്നതും, നിത്യത്തിൽ പൂർത്തിയാവുന്നതുമായ ദൈവസഭയാണ്. ഈ യാത്രയിൽ അവളെ നയിക്കുന്നതു മിശിഹായാണ്, ശക്തിയാകുന്നത് റൂഹയാണ്, ലക്ഷ്യം ദൈവസമാഗമമാണ്. 'സഭ ഭൂമിയിൽ തന്റെ അന്തിമ നിവാസമില്ലാത്തവളാണ്; അവൾ എപ്പോഴും ദൈവത്തിലേക്ക് സഞ്ചരിക്കുന്ന യാത്രികയായിരിക്കുന്നു.' എന്ന് റാറ്റ്സിംഗർ എഴുതി.

## സഭയുടെ മാതൃകകൾ (Models of the Church)

അവറി ഡല്ലസ് സങ്കീർണ്ണമായ തിരുസഭാത്മകയാഥാർഥ്യം വ്യത്യസ്ത കോണുകളിൽ നിന്ന് മനസ്സിലാക്കാനായി 'സഭയുടെ മാതൃകകൾ' എന്ന പ്രസിദ്ധമായ വീക്ഷണം മുന്നോട്ടുവച്ചു. നാം ഇതുവരെ ചർച്ച ചെയ്തതു ഉൾപ്പെടെയുള്ള 6 മാതൃകകളാണ് അവ. 1. സ്ഥാപനമാതൃകയിലുള്ള സഭ (Institutional Model): സഭയെ മിശിഹാ സ്ഥാപിച്ച ദൃശ്യസമൂഹമായും ശ്രേണിബദ്ധമായ അധികാരഘടനയുള്ള ഒരു സ്ഥാപനമായും അവതരിപ്പിക്കുന്നു. 2. ആത്മീയസഹവാസമാതൃക (Mystical Communion Model) സഭയെ വിശ്വാസം, സ്നേഹം, കൃപ എന്നിവയാൽ ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിലുള്ള ആത്മീയസമൂഹമായി അവതരിപ്പിക്കുന്നു. 3. കൗദാശിക മാതൃക (Sacramental Model) സഭയെ അദൃശ്യകൃപയുടെ ദൃശ്യ അടയാളമായി കാണുന്നു. 4. സുവിശേഷപ്രഖ്യാപന മാതൃക (Herald Model) സഭയുടെ ദൗത്യമായ ദൈവവചനപ്രഘോഷണത്തെ മുൻനിർത്തി അവതരിപ്പിക്കുന്നു. 5. ശുശ്രൂഷക മാതൃക (Servant Model) സഭയെ മനുഷ്യരാശിയുടെ ശുശ്രൂഷകയായും സാമൂഹ്യനീതിയുടെയും കാരുണ്യത്തിന്റെയും പ്രതീകമായും അവതരിപ്പിക്കുന്നു. 6. ശിഷ്യസമൂഹമാതൃക (Communtiy of Disciples Model) സഭയെ മിശിഹായെ പിന്തുടരുന്ന ശിഷ്യഗണത്തിന്റെ കൂട്ടായ്മയായി അവതരിപ്പിക്കുന്നു. ഡല്ലസിന്റെ അഭിപ്രായത്തിൽ, സഭയുടെ ദൈവീയ രഹസ്യം ഒരൊറ്റ മാതൃകയാൽ പൂർണ്ണമാകുന്നില്ല. വിവിധ മാതൃകകളുടെ സമന്വയത്തിലൂടെ മാത്രമേ തിരുസഭാ രഹസ്യം അനാവ്രതമാവുകയുള്ളൂ. അതുതന്നെയാണ് തിരുസഭാശാസ്ത്രത്തെ വിവിധ കോണുകളിലൂടെ അവതരിപ്പിക്കുന്നതിന്റെ പ്രസക്തിയും. ■

# സഭ ഒരു സിനഡൽ സമൂഹം; ലക്ഷ്യത്തിലേക്ക് ഇനി എത്ര ദൂരം?

റവ. ഡോ. ടോം ഓലിക്കരോട്ട്

സഭയെ സിനഡൽസമൂഹം ആയി കാണുക എന്നത് ക്രിസ്തീയപാരമ്പര്യത്തിൽ വളരെ പ്രാധാന്യമുള്ളതും ഇന്ന് കൂടുതൽ ഊന്നൽ നൽകുന്നതുമായ ഒരു ആശയമാണ്. ഫ്രാൻസിസ് മാർപാപ്പ റോമിൽ വിളിച്ചുകൂട്ടിയ സിനഡ് ഓൺ സിനഡാലിറ്റിക്കുശേഷമാണ് സഭയെക്കുറിച്ചുള്ള ഇത്തരത്തിലുള്ള കാഴ്ചപ്പാട് നമ്മുടെ ഇടയിൽ പ്രചുരപ്രചാരത്തിലായത്. സഭ സിനഡൽ സമൂഹമാണ് എന്ന ആശയം സഭയുടെ സ്വഭാവത്തെയും ദൗത്യത്തെയും ആഴത്തിൽ വിശദീകരിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്നുണ്ട് എന്നതാണ് യാഥാർഥ്യം.

## സിനഡൽ എന്ന വാക്കിന്റെ അർഥം

'സിനഡ്' (Synod) എന്ന വാക്ക് ഗ്രീക്ക് പദങ്ങളായ 'സുൻ' (Syn) (കൂടെ/ഒരുമിച്ച്) എന്നും 'ഹോഡോസ്' (Hodos) (വഴി/പാത) എന്നും ചേർന്നാണ് രൂപപ്പെട്ടത്. ഇതിന്റെ അർഥം 'ഒരുമിച്ച് നടക്കുക' (Walking Together) എന്നാണ്. സഭയിലെ എല്ലാ അംഗങ്ങളും (മെത്രാന്മാർ, വൈദികർ, സന്യസ്തർ, അൽമായർ) പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തിൽ ഒരേ പാതയിൽ ഒരുമിച്ച് സഞ്ചരിക്കുകയും ക്രിസ്തുവിന്റെ ദൗത്യത്തിൽ പങ്കുചേരുകയും ചെയ്യുക എന്നതാണ് സഭ സിനഡൽ സമൂഹം ആയിരിക്കുക എന്നതുകൊണ്ട് അർഥമാക്കുന്നത്.

## സിനഡൽ സമൂഹത്തിന്റെ മൂന്ന് പ്രധാന സവിശേഷതകൾ

സിനഡൽ സമൂഹമെന്ന നിലയിൽ സഭയുടെ പങ്ക് പ്രധാനമായും മൂന്ന് അടിസ്ഥാനതൂണുകളിൽ അധിഷ്ഠിതമാണ്: കൂട്ടായ്മ (Communion), പങ്കാളിത്തം (Participation), ദൗത്യം (Mission).

**1. കൂട്ടായ്മ (Communion)**

സഭയുടെ സിനഡൽ സ്വഭാവം ത്രിത്വൈക ദൈവത്തിലെ (പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്) പരസ്പരബന്ധത്തിലും ഐക്യത്തിലുമാണ് വേരൂന്നിയത്. ഓരോ അംഗവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ശിരസ്സായ ക്രിസ്തുവിൽ ഒന്നായി പരസ്പരം സ്നേഹത്തിലും ബഹുമാനത്തിലും കഴിയുക എന്നതാണ് കൂട്ടായ്മയുടെ പങ്ക്. സഭ ഒരു 'ഭരണസംവിധാനം' മാത്രമല്ല, 'കുടുംബം' കൂടിയാണ്. എല്ലാവർക്കും അവരവരുടെ സ്ഥാനങ്ങൾ ഉണ്ടെങ്കിലും അടിസ്ഥാനപരമായി എല്ലാവരും ഒരേ കുടുംബത്തിലെ അംഗങ്ങളാണ്. ഈ ആത്മീയബന്ധത്തെക്കുറിച്ചുള്ള തിരിച്ചറിവ് സഭയുടെ ഐക്യം ശക്തിപ്പെടുത്തുന്നു.

**2. പങ്കാളിത്തം (Participation)**

ദൈവജനത്തിലെ ഓരോ അംഗത്തിനും സഭയുടെ ജീവിതത്തിലും തീരുമാനങ്ങളിലും പങ്കുണ്ടെന്ന് സിനഡൽ സമൂഹം ഓർമിപ്പിക്കുന്നു. സഭയുടെ എല്ലാ തലങ്ങളിലും അതായത് പ്രാദേശിക ഇടവകകൾ മുതൽ മെത്രാന്മാരുടെ സിനഡുകൾ വരെ സംഭാഷണവും ശ്രദ്ധിക്കലും നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. മെത്രാന്മാരും വൈദികരും മാത്രമല്ല, അൽമായരും, യുവജനങ്ങളും, ദുർബലരുമായ എല്ലാവരും തങ്ങളുടെ അനുഭവങ്ങളും ചിന്തകളും പങ്കുവെക്കണം. പരസ്പരം ശ്രദ്ധിക്കുക എന്നതാണ് സിനഡാലിറ്റിയുടെ ഏറ്റവും വലിയ പങ്ക്. പരിശുദ്ധാത്മാവ് ആർക്കുവേണ്ടിയും പ്രത്യേകമായി സംസാരിക്കുന്നില്ല, മറിച്ച് സഭാംഗങ്ങളുടെ കൂട്ടായ സംഭാഷണത്തിലൂടെയാണ് അവിടുന്ന് സംസാരിക്കുന്നത് എന്ന കാഴ്ചപ്പാട് ഉൾക്കൊള്ളുക. സഭയുടെ ഭരണപരമായ കാര്യങ്ങളിലും അജപാലനപരമായ കാര്യങ്ങളിലും അൽമായർക്ക് അവരുടെ കഴിവുകൾക്കനുസരിച്ച് ഉത്തരവാദിത്തങ്ങൾ നൽകുന്നു.



പരിശുദ്ധാത്മാവിന്റെ മാർഗനിർദ്ദേശത്തിൽ ഒരേ പാതയിൽ ഒരുമിച്ച് സഞ്ചരിക്കുകയും ക്രിസ്തുവിന്റെ ദൗത്യത്തിൽ പങ്കുചേരുകയും ചെയ്യുക എന്നതാണ് സഭ സിനഡൽ സമൂഹം ആയിരിക്കുക എന്നതുകൊണ്ട് അർഥമാക്കുന്നത്.

**3. ദൗത്യം (Mission)**

ഒരുമിച്ചുള്ള നടത്തത്തിന്റെ ആത്യന്തിക ലക്ഷ്യം ക്രിസ്തു നൽകിയ മഹാദൗത്യം ലോകത്തിൽ നിറവേറ്റുക എന്നതാണ്. സഭയുടെ ദൗത്യം (സുവിശേഷ പ്രഘോഷണം, സേവനം, നീതിക്കുവേണ്ടിയുള്ള നിലപാടുകൾ) എന്നത് ശ്രേണിയിലുള്ളവരുടെ മാത്രം ഉത്തരവാദിത്തമല്ല, മറിച്ച് എല്ലാ സ്നാനമേറ്റവരുടെയും പൊതുവായ ഉത്തരവാദിത്തമാണ്. സിനഡൽ സമൂഹം ഒരുമിച്ചിരുന്ന് ആലോചിക്കുമ്പോൾ, തങ്ങൾ ജീവിക്കുന്ന ലോകത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിയുകയും എല്ലാവരുടെയും കഴിവുകൾ ഉപയോഗിച്ച് ക്രിസ്തുവിന്റെ സുവിശേഷം ലോകത്തിന്റെ അതിരുകൾ വരെ എത്തിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. പുറത്തേക്ക് പോകുക എന്ന ക്രിസ്തുവിന്റെ കൽപ്പന കൂട്ടായി നിറവേറ്റുന്നതാണ് സിനഡൽ ദൗത്യം.

## സിനഡൽ സമൂഹമെന്ന നിലയിൽ സഭ ഇന്ന് നേരിടുന്ന വെല്ലുവിളികൾ

സിനഡാലിറ്റി അഥവാ 'ഒരുമിച്ചുള്ള നടത്തം' എന്ന ആശയം സഭയുടെ സ്വഭാവപരമായ ഒന്നാണെങ്കിലും നിലവിലെ സാഹചര്യത്തിൽ ഒരു പൂർണ്ണ സിനഡൽ സമൂഹമായി രൂപാന്തരപ്പെടാൻ സഭ വലിയ വെല്ലുവിളികൾ നേരിടുന്നുണ്ട്. ഈ വെല്ലുവിളികൾ ആന്തരികമായും ബാഹ്യമായും നിലകൊള്ളുന്നു.

**1. ശ്രേണീബദ്ധമായ ഘടനയും അധികാരകേന്ദ്രീകരണവും (Hierarchical tSructure and Cetnralization of Power)**

പുരാതനകാലം മുതൽ സഭയിൽ നിലനിന്നിരുന്ന അധികാരശ്രേണി (Hierarchy) സിനഡാലിറ്റിക്ക് ഒരു പ്രധാന തടസമാണ്.

വൈദിക കേന്ദ്രീകരണം: തീരുമാനങ്ങൾ എടുക്കുന്നതിൽ മെത്രാന്മാർക്കും വൈദികർക്കും മാത്രമുള്ള പ്രാധാന്യം. അൽമായർക്ക് ഉപദേശം നൽകാനുള്ള പങ്ക് മാത്രമാണുള്ളത് എന്ന ചിന്താഗതി ഇപ്പോഴും ശക്തമാണ്. 'ഭരിക്കുന്നവർ' (മെത്രാന്മാരും വൈദികരും) 'ഭരിക്കപ്പെടുന്നവർ' (അൽമായർ) എന്ന പഴയ മാതൃക സിനഡാലിറ്റിയുടെ പങ്കാളിത്തം (Participation) എന്ന ആശയത്തിന് വിരുദ്ധമാണ്.

ഉത്തരവാദിത്തമില്ലായ്മ: പലപ്പോഴും അൽമായർക്ക് തങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കപ്പെടുമെന്നോ, അത് തീരുമാനങ്ങളെ സ്വാധീനിക്കുമെന്നോ ഉള്ള വിശ്വാസമില്ലായ്മ. ഇത് സിനഡൽ പ്രക്രിയകളോട് അവർക്ക് നിസ്സംഗത ഉണ്ടാക്കാൻ കാരണമാകുന്നു.

മാറ്റത്തെക്കുറിച്ചുള്ള ഭയം: അധികാരത്തിലിരിക്കുന്നവർക്ക് തങ്ങളുടെ അധികാരം പങ്കുവെക്കുന്നതിനോ അല്ലെങ്കിൽ മാറ്റങ്ങൾ അംഗീകരിക്കുന്നതിനോ ഉള്ള വിമുഖത.

**2. ശ്രദ്ധിക്കാനുള്ള വിമുഖതയും അപര്യാപ്തമായ പരിശീലനവും (Reluctance to Listen and Lack of Training)**

സിനഡാലിറ്റിയുടെ കാതൽ പരസ്പരം ശ്രദ്ധിക്കുക എന്നതാണെങ്കിലും, അത് പ്രാവർത്തികമാക്കുന്നത് ശ്രമകരമാണ്.

ചർച്ചാ വേദികളുടെ അഭാവം: ഇടവകതലങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും തുറന്നതും സത്യസന്ധവുമായ സംവാദത്തിനുള്ള വേദികൾ കുറവാണ്. അഥവാ ഉണ്ടായാൽ തന്നെ, അത് ചില പ്രത്യേക ഗ്രൂപ്പുകളുടെ മാത്രം ശബ്ദമായി ചുരുങ്ങാനുള്ള സാധ്യതയുണ്ട്.

'എല്ലാം അറിയുന്നവരുടെ' മനോഭാവം: സഭാനേതൃത്വത്തിൽ ചിലർക്ക്, തങ്ങളാണ് എല്ലാം അറിയുന്നവർ എന്ന മനോഭാവം സിനഡൽ സംഭാഷണത്തിന്റെ ആഴം കുറയ്ക്കുന്നു. പരിശീലനത്തിന്റെ കുറവ്: സിനഡാലിറ്റി എന്നത് കേവലം മീറ്റിംഗുകൾ കൂടുന്നതല്ല, മറിച്ച് ഒരു ആത്മീയ പ്രക്രിയയാണ്. ആത്മീയവിവേചനം (Spiritual Discernment) എങ്ങനെ നടത്തണമെന്നതിനെക്കുറിച്ച് വൈദികർക്കും അൽമായർക്കും മതിയായ പരിശീലനം ലഭിക്കാത്തത് ഒരു വെല്ലുവിളിയാണ്.

**3. താൽപ്പര്യമില്ലായ്മയും നിസ്സംഗതയും (Apathy and Indifference)**

സിനഡൽ പ്രക്രിയകളിൽ സഭയിലെ എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തുക എന്നത് ഒരു വെല്ലുവിളിയാണ്.

അൽമായരുടെ നിസ്സംഗത: സഭയുടെ നടത്തിപ്പ് വൈദികർ മാത്രം ചെയ്താൽ മതി എന്ന ചിന്താഗതി പല അൽമായരിലും ഉണ്ട്. തങ്ങളുടെ ശബ്ദത്തിന് വിലയില്ലെന്ന് കരുതി അവർ മനഃപൂർവ്വം മാറിനിൽക്കുന്നു.

വിമർശനത്തെക്കുറിച്ചുള്ള ഭയം: പല വിശ്വാസികളും (പ്രത്യേകിച്ച് യുവജനങ്ങളും സ്ത്രീകളും) തങ്ങളുടെ സത്യസന്ധമായ അഭിപ്രായങ്ങൾ തുറന്നുപറഞ്ഞാൽ വിമർശിക്കപ്പെടുകയോ സഭാധികാരികളുടെ അപ്രീതിക്ക് പാത്രമാകുകയോ ചെയ്യുമോ എന്ന് ഭയപ്പെടുന്നു.

**4. ചില വിഷയങ്ങളിലെ ഭിന്നത:** ആരാധനക്രമം, സഭയുടെ സ്വത്തുക്കൾ, സമുദായങ്ങൾ തമ്മിലുള്ള തർക്കങ്ങൾ തുടങ്ങിയ വൈകാരിക വിഷയങ്ങളിലെ അഭിപ്രായവ്യത്യാസങ്ങൾ സിനഡൽ പ്രക്രിയയെ ഒരുമിക്കാനുള്ള വേദിയാക്കുന്നതിന് പകരം ഭിന്നിപ്പിന്റെ വേദിയാക്കി മാറ്റുന്നു. ഉദാഹരണത്തിന്, കേരളത്തിലെ ചില സഭകളിൽ ഭൗതിക സ്വത്തിനെക്കുറിച്ചും ആരാധനക്രമത്തെച്ചൊല്ലിയുമുള്ള തർക്കങ്ങൾ സിനഡൽ മനോഭാവത്തിന് വലിയ തടസമാണ്.

**5. സാമുദായികവും പ്രാദേശികവുമായ വെല്ലുവിളികൾ (Communal and Regional Challenges)**

ഇന്ത്യൻ സഭയുടെ പ്രത്യേക പശ്ചാത്തലത്തിൽ, സിനഡൽ യാത്ര കൂടുതൽ സങ്കീർണ്ണമാണ്.

ജാതിയുടെ സ്വാധീനം: ക്രിസ്ത്യാനികൾക്കിടയിലും നിലനിൽക്കുന്ന ജാതി ചിന്താഗതികളും വിവേചനങ്ങളും കൂട്ടായ്മ (Communion) എന്ന സിനഡൽ ആശയത്തിന് വിരുദ്ധമാണ്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ (പ്രത്യേകിച്ച് ദളിത് ക്രൈസ്തവരുടെ) ശബ്ദം ഫലപ്രദമായി കേൾക്കാൻ കഴിയാത്തത് സിനഡൽ സമൂഹമായി മാറുന്നതിന് തടസമുണ്ടാക്കുന്നു. റീത്തുകൾ തമ്മിലുള്ള ഭിന്നത: ഇന്ത്യയിലെ വിവിധ കത്തോലിക്കാ റീത്തുകൾ (ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര) തമ്മിലുള്ള ബന്ധങ്ങളിലും അധികാരപരിധിയിലുമുള്ള തർക്കങ്ങൾ സിനഡൽ യാത്രയെ മന്ദഗതിയിലാക്കുന്നു. 'ഒരുമിച്ചുള്ള നടത്തം' എന്ന ആശയം, റീത്തുകൾ തമ്മിൽ യഥാർഥസഹകരണവും ഐക്യവും ഉണ്ടാകുമ്പോൾ മാത്രമേ സാധ്യമാകൂ.

ഈ വെല്ലുവിളികളെല്ലാം സഭയുടെ ആത്മീയ പരിവർത്തനത്തിനും (Spiritual Conversion) ഘടനാപരമായ പരിഷ്കരണത്തിനും ഉള്ള ആഹ്വാനമാണ്. സിനഡാലിറ്റി വിജയിക്കണമെങ്കിൽ, ഓരോ അംഗവും ഭയമില്ലാതെ സംസാരിക്കാനും, മറ്റുള്ളവരുടെ ശബ്ദം ദൈവത്തിന്റെ ശബ്ദമായി കണക്കാക്കി ശ്രദ്ധിക്കാനും സന്നദ്ധരാകേണ്ടതുണ്ട്.

## സിനഡൽ സമൂഹത്തിന്റെ പങ്ക് ചുരുക്കത്തിൽ

സംവാദത്തിന്റെ സംസ്കാരം വളർത്തുക: വിശ്വാസികൾക്കിടയിൽ തുറന്ന, ഭയമില്ലാത്ത സംസാരം (പാറേസ്യ) പ്രോത്സാഹിപ്പിക്കുക.

ശ്രദ്ധിക്കലിന് പ്രാധാന്യം നൽകുക: ഓരോ അംഗത്തിന്റെയും പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവരുടെ, ശബ്ദം കേൾക്കുക.

ഒരുമിച്ചുള്ള വിവേചനം: ഓരോ വിഷയത്തിലും ദൈവഹിതം എന്താണെന്ന് കൂട്ടായി പ്രാർഥനാപൂർവ്വം തിരിച്ചറിയുക.

ഒരു സിനഡൽ സമൂഹം എന്നത് കേവലം ഒരു താത്കാലിക സമ്മേളനമല്ല, മറിച്ച് സഭയുടെ അസ്തിത്വപരമായ രീതിയാണ്. സഭയുടെ അടിസ്ഥാനഘടനയെ കൂടുതൽ ജീവനുള്ളതും പങ്കാളിത്തപരവും ലോകത്തോട് പ്രതികരിക്കുന്നതുമാക്കാൻ ഇത് സഹായിക്കുന്നു. ■

# നിധി മറഞ്ഞിരിക്കുന്ന 'വയൽ'

ബൈബിൾ സംശയങ്ങൾ

റവ. ഡോ. ടോം ഓലിക്കരോട്ട്



മത്തായിയുടെ സുവിശേഷം 13-ാം അധ്യായത്തിലെ പ്രധാനപ്പെട്ട ഉപമകളിലൊന്നാണ് വയലിൽ മറഞ്ഞിരിക്കുന്ന നിധിയുടെ ഉപമ (മത്തായി 13:44). ഇത് സ്വർഗരാജ്യത്തിന്റെ അമൂല്യത പ്രഖ്യാപിക്കുന്നു. ഉപമയുടെ കാതൽ വ്യക്തിപരമായ പ്രതിബദ്ധതയെക്കുറിച്ചാണെങ്കിലും ദൈവരാജ്യം ഭൂമിയിൽ പ്രകടമാക്കുന്നതും വളർത്തുന്നതുമായ സമൂഹമെന്നനിലയിൽ സഭയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനുള്ള അടിസ്ഥാന തത്വങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു.

**ഉപമയുടെ സന്ദേശം**

സമ്പൂർണ്ണമായ ത്യാഗം: മത്തായി 13:44 ഇങ്ങനെ വായിക്കുന്നു: 'സ്വർഗരാജ്യം വയലിൽ മറഞ്ഞിരിക്കുന്ന നിധിപോലെയാണ്. ഒരു മനുഷ്യൻ അത് കണ്ടെത്തിയപ്പോൾ, അവൻ അത് വീണ്ടും മറച്ചുവെച്ചു, തുടർന്ന് തന്റെ സന്തോഷത്തിൽ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങി. 'ഈ ഹ്രസ്വമായ ഉപമ, വലിയ വിലയേറിയ മുത്തിന്റെ ഉപമയുമായി (മത്തായി 13:45-46) ചേർന്ന്, സ്വർഗരാജ്യത്തിന് പകരമായി മറ്റൊന്നില്ലെന്ന് പഠിപ്പിക്കുന്നു. നിധി ക്രിസ്തുവിലുള്ള രക്ഷ, ദൈവത്തിന്റെ ഭരണം, നിത്യജീവൻ എന്നിവ ഉൾപ്പെടുന്ന സ്വർഗരാജ്യത്തിന്റെ മൂല്യം ഏറ്റവും ഉയർന്നതും താരതമ്യം ചെയ്യാനാവാത്തതുമാണ്.

കണ്ടെത്തൽ: നിധി കണ്ടെത്തിയ മനുഷ്യൻ, ലോകത്തിന്റെ മറ്റ് കാര്യങ്ങളേക്കാൾ രാജ്യത്തിന്റെ മൂല്യം തിരിച്ചറിയുന്ന വ്യക്തിയെ പ്രതിനിധീകരിക്കുന്നു. അവന്റെ പ്രതികരണം സന്തോഷത്തിന്റേതാണ്. ഇതൊരു ഭാരമുള്ള കടമയല്ല, മറിച്ച് അമൂല്യമായ ഒരു നേട്ടത്തിലെ സന്തോഷമാണ്.

വില നൽകൽ: വയൽ സ്വന്തമാക്കാൻ 'തനിക്കുള്ളതെല്ലാം വിൽക്കുന്ന' മനുഷ്യന്റെ പ്രവൃത്തി, ദൈവരാജ്യത്തിൽ പങ്കുചേരുന്നതിന് സമ്പൂർണ്ണമായ പ്രതിബദ്ധതയും സമൂലമായ ത്യാഗവും ആവശ്യമാണെന്ന് വ്യക്തമാക്കുന്നു. ലൗകികമായ ഒന്നിനും അതിനോട് കിടപിടിക്കാനാവില്ല. ഈ ലോകത്തിലെ സുഖസൗകര്യങ്ങളും സമ്പത്തും ത്യജിക്കുന്നത് വലിയ ലാഭത്തിനു വേണ്ടിയുള്ള സന്തോഷകരമായ ഒരു വിനിമയായി ഉപമ അവതരിപ്പിക്കുന്നു. സ്വർഗരാജ്യം എല്ലാറ്റിനേക്കാളും വലുതായതിനാൽ അതിനുവേണ്ടി ജീവിതത്തിൽ എല്ലാം വിട്ടുകളയാനുള്ള ഏകമനസ്സോടുകൂടിയ പ്രവൃത്തി അത് ആവശ്യപ്പെടുന്നു.

> **ധനം, സുഖം, ലൗകിക അഭിലാഷങ്ങൾ, എന്തിന്, സ്വന്തം ജീവൻ പോലും ക്രിസ്തുവിനുവേണ്ടി ത്യജിക്കാനുള്ള സന്നദ്ധതയോടെ ജീവിക്കുന്ന സഭയുടെ സാക്ഷ്യം രാജ്യത്തിന്റെ മൂല്യത്തെക്കുറിച്ചുള്ള ശക്തമായ പ്രഖ്യാപനമാണ്. ഉപമയിലെ വ്യക്തിഗത സന്തോഷം സഭയിൽ ഒരു കൂട്ടായ സന്തോഷമായി മാറുന്നു.**

വയലിൽ മറഞ്ഞിരിക്കുന്ന നിധിയുടെ ഉപമ ഒരു വ്യക്തി, മിശിഹായുടെ കൈമാറപ്പെടുന്ന രക്ഷയുടെ ആനന്ദത്തെയാണ് അന്വർത്ഥമാക്കുന്നതെങ്കിലും സഭയുടെ പ്രാധാന്യംകൂടെ വ്യക്തമാക്കുന്നുണ്ട്. 1) നിധി സുവിശേഷമാണെങ്കിൽ അത് മറഞ്ഞിരിക്കുന്ന വയൽ സുവിശേഷത്തിന്റെ സൂക്ഷിപ്പുകാരിയായ സഭയാണ്. കാരണം സഭയാണ് ക്രിസ്തുവിന്റെ രാജ്യത്തെ ലോകത്തിന് മുന്നിൽ സാക്ഷ്യപ്പെടുത്തുന്ന കൂട്ടായ്മ. അതിനാൽ, സുവിശേഷത്തിന്റെ സംരക്ഷക സമൂഹം എന്ന നിലയിൽ നിധി മറഞ്ഞിരിക്കുന്ന 'വയൽ' എന്നതിനെ സഭയുമായി ബന്ധിപ്പിക്കാവുന്നതാണ്. ക്രിസ്തുവിന്റെ സുവിശേഷമാകുന്ന നിധിയും അവന്റെ രാജ്യത്തിന്റെ സാന്നിധ്യവും സംരക്ഷിക്കാനും പ്രഖ്യാപിക്കാനുമായി സ്ഥാപിക്കപ്പെട്ട സമൂഹമാണ് സഭ. സഭയിൽ നിധി നിലനിർത്തുന്നു: ദൈവവചനം (സുവിശേഷം) സഭയുടെ പഠിപ്പിക്കലുകളിലൂടെ സംരക്ഷിക്കപ്പെടുന്നു. മാത്രമല്ല, കൂദാശകളിലൂടെ ആളുകൾ ദൈവരാജ്യവുമായി ബന്ധപ്പെടുന്നു. സഭയുടെ ആരാധന, കൂട്ടായ്മ, ഉപദേശം എന്നിവയുടെ പശ്ചാത്തലത്തിലാണ് ആളുകൾ ദൈവരാജ്യമാകുന്ന അമൂല്യ നിധിയെക്കുറിച്ച് അറിയുന്നതും അത് സ്വന്തമാക്കുന്നതും. അങ്ങനെ ദൈവരാജ്യത്തിന്റെ സത്യം ലോകത്തിന് മുന്നിൽ പ്രകടമാക്കുന്ന ഒരു മാധ്യമമായി സഭ നിലകൊള്ളുന്നു.

2) സമൂല പ്രതിബദ്ധതയുടെ കൂട്ടായ്മ സ്വർഗരാജ്യത്തിന്റെ മൂല്യം തിരിച്ചറിയുകയും സന്തോഷത്തോടെ എല്ലാം സമർപ്പിക്കുകയും ചെയ്തവരുടെ ഒത്തുചേരലാണ് സഭ. ക്രിസ്തുവിനെ പിൻപറ്റാൻ 'എല്ലാം വിൽക്കാൻ' തയ്യാറുള്ളവരുടെ സമൂഹമാണിത്. ശിഷ്യത്വത്തിന്റെ വില സഭ നിരന്തരം ഓർമ്മിപ്പിക്കുന്നു. ധനം, സുഖം, ലൗകിക അഭിലാഷങ്ങൾ, എന്തിന്, സ്വന്തം ജീവൻ പോലും ക്രിസ്തുവിനുവേണ്ടി ത്യജിക്കാനുള്ള സന്നദ്ധതയോടെ ജീവിക്കുന്ന സഭയുടെ സാക്ഷ്യം രാജ്യത്തിന്റെ മൂല്യത്തെക്കുറിച്ചുള്ള ശക്തമായ പ്രഖ്യാപനമാണ്. ഉപമയിലെ വ്യക്തിഗത സന്തോഷം സഭയിൽ ഒരു കൂട്ടായ സന്തോഷമായി മാറുന്നു. ദൈവരാജ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ വിശ്വാസികൾ പരസ്പരം പ്രോത്സാഹിപ്പിക്കുന്നു. ലോകത്തിന് ഭ്രാന്തായി തോന്നുന്ന, എന്നാൽ സത്യത്തിൽ ഏറ്റവും യുക്തിസഹമായ ഈ ജീവിതരീതിയിൽ ഉറച്ചുനിൽക്കാൻ സഭ ആവശ്യമായ ഉത്തരവാദിത്തവും പിന്തുണയും നൽകുന്നു.

3) ദൈവരാജ്യകേന്ദ്രീകൃത ജീവിതത്തെ വളർത്തുന്നു ദൈവത്തിന്റെ ഭരണത്തിൻ കീഴിലുള്ള ജീവിതം എങ്ങനെയായിരിക്കണമെന്ന് പഠിപ്പിക്കാനും മാതൃകയാക്കാനും സഭയ്ക്ക് സുപ്രധാന കടമയുണ്ട്. ലോകത്തിന്റെ മൂല്യങ്ങൾക്കതീതമായി രാജ്യത്തിന്റെ തത്വങ്ങൾക്കനുസരിച്ച് ജീവിക്കുന്ന ഒരു പ്രതിസാംസ്കാരിക സമൂഹമായി ഇത് പ്രവർത്തിക്കുന്നു. താൽക്കാലികമായവയെ നിത്യമായവയുമായി കൈമാറ്റം ചെയ്യുന്ന നിത്യമായ വീക്ഷണം സഭ പരിപോഷിപ്പിക്കുന്നു. ഇത് ലോകത്തിന്റെ ക്ഷണികമായ ആഗ്രഹങ്ങളിൽ നിന്നുപരിയായി, ദൈവരാജ്യമാകുന്ന ആത്യന്തിക സമ്മാനത്തിലേക്ക് നയിക്കുന്നു. മിഷനറി ദൗത്യം: നിധിയുടെ മൂല്യം തിരിച്ചറിയുമ്പോൾ അത് മറ്റുള്ളവരുമായി പങ്കുവെക്കാൻ ഒരു അടിയന്തിരത ഉണ്ടാക്കുന്നു. സഭ ഒരു കൂട്ടായസ്ഥാപനം എന്ന നിലയിൽ, 'വയലിലേക്ക്' (ലോകത്തിലേക്ക്) പോയി രാജ്യത്തിന്റെ സുവിശേഷം പ്രഖ്യാപിക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു. മറഞ്ഞിരിക്കുന്ന നിധി ദൃശ്യമാക്കുകയും എല്ലാവർക്കും പ്രാപ്യമാക്കുകയും ചെയ്യുക എന്നതാണ് അതിന്റെ പരമമായ ദൗത്യം.

**ഉപസംഹാരം:** സ്വർഗരാജ്യം സകലതിനേക്കാളും വിലമതിക്കുന്ന നിധിയാണെന്ന് മത്തായി 13:44 പഠിപ്പിക്കുന്നു. ക്രിസ്തുവിന്റെ ഭരണത്തിന്റെ അതുല്യമായ മൂല്യത്തിനായി നിരന്തരം അന്വേഷിക്കുകയും സന്തോഷത്തോടെ നിധി കണ്ടെത്തുകയും സമൂലമായി ത്യാഗം ചെയ്യുകയും മറ്റുള്ളവരെയെല്ലാം അങ്ങനെ ചെയ്യാൻ ക്ഷണിക്കുകയും ചെയ്യുന്ന ജീവനുള്ള, ദൃശ്യമായ കൂട്ടായ്മയുടെ അടയാളമായിരിക്കുക എന്നതാണ് സഭയുടെ അനിവാര്യമായ കർത്തവ്യം. ■

# പാരനോയ്ഡ് പേഴ്സണാലിറ്റി ഡിസോർഡർ – വസ്തുതകൾ

മെന്റൽ ഹെൽത്ത് കോർണർ

റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ

പാരനോയ്ഡ് എന്ന് പറഞ്ഞാൽ അതിനർഥം സംശയക്കാർ എന്നാണ്. ഇവർക്ക് എല്ലാറ്റിനെയും എല്ലാവരെയും സംശയം ആയിരിക്കും. നല്ലൊരു കാര്യം പറഞ്ഞാൽ പോലും അതിന്റെ പിന്നിൽ വേറെ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ എന്ന് ചിന്തിക്കുന്നു. അതുപോലെത്തന്നെ വീട്ടുകാരെയും അയൽപക്കക്കാരെയും സംശയദൃഷ്ടിയോടുകൂടി എപ്പോഴും കാണുന്ന വ്യക്തിത്വങ്ങളായിരിക്കാം.

**ലക്ഷണങ്ങൾ**

ശരിയായ കാരണമില്ലാതെ മറ്റുള്ളവർ തന്നെ ചൂഷണം ചെയ്യുന്നുവെന്നോ ഉപദ്രവിക്കുമെന്നോ വഞ്ചിക്കുമെന്നോ സംശയിക്കുന്നു. സുഹൃത്തുക്കളുടെയും സഹപ്രവർത്തകരുടെയും വിശ്വാസ്യതയെ സംബന്ധിച്ച, ന്യായീകരിക്കാത്ത മിഥ്യാധാരണകളിൽ (Delusions) മുഴുകിയിരിക്കുന്നു. മറ്റുള്ളവരുമായി വിശ്വസ്തത പുലർത്താനോ വ്യക്തിഗതവിവരങ്ങൾ വെളിപ്പെടുത്താനോ ഇഷ്ടപ്പെടുന്നില്ല. കാരണം വിവരങ്ങൾ തങ്ങൾക്കെതിരെ ഉപയോഗിക്കുമെന്ന് അവർ ഭയപ്പെടുന്നു. പരാമർശങ്ങളിലും സംഭവങ്ങളിലും മറഞ്ഞിരിക്കുന്ന നിന്ദ്യമായ അല്ലെങ്കിൽ ഭീഷണിപ്പെടുത്തുന്ന അർഥങ്ങൾ വായിക്കുന്നു. അവർ പൊതുവെ കോപത്തോടെ പ്രതികരിക്കുന്നവരും പെട്ടെന്ന് പ്രതികാരം ചെയ്യുന്നവരുമാണ്. ദീർഘകാലത്തെ മദ്യപാനരോഗത്തിന്റെ അവസാനഘട്ടങ്ങളിൽ നാഡികളുടെ ബലഹീനത കൊണ്ടും മറ്റും ലൈംഗികശേഷി അസ്തമിക്കുന്ന അവസ്ഥ ഇത്തരക്കാരിൽ കാണാറുണ്ട് ഈ അവസ്ഥയിലാണ് രോഗി പങ്കാളിയെ സംശയിക്കുന്നത്. ഇതിനെ ആൾക്കഹാൾ ഇൻഡ്യൂസ് ഡെല്യൂഷണൽ ഡിസോർഡർ എന്നാണ് വിളിക്കുന്നത്. പങ്കാളിയുടെ വിശ്വസ്തതയെക്കുറിച്ച് ന്യായീകരണമില്ലാത്ത നിരന്തരം സംശയങ്ങൾ ഉന്നയിക്കുകയും വിമർശനങ്ങളോട് അമിതമായി പ്രതികരിക്കുകയും ചെയ്യുന്നു.

**കാരണങ്ങൾ**

പാരനോയ്ഡ് പേഴ്സണാലിറ്റി ഡിസോർഡറിന്റെ കാരണം അജ്ഞാതമാണ്. എന്നിരുന്നാലും ജൈവശാസ്ത്രപരവും പാരിസ്ഥിതികവുമായ ഘടകങ്ങളുടെ സംയോജനം പാരനോയ്ഡ് പേഴ്സണാലിറ്റി ഡിസോർഡറിന് കാരണമാകുമെന്ന് ഗവേഷണങ്ങൾ തെളിയിക്കുന്നു. സ്കീസോഫ്രീനിയ ചരിത്രമുള്ള കുടുംബങ്ങളിൽ ഈ അസുഖം കൂടുതലായി കാണപ്പെടുന്നു. പാരമ്പര്യമായി വ്യക്തിവൈകല്യങ്ങളുള്ള കുടുംബങ്ങളിൽ ജനിക്കുന്ന കുട്ടികളിൽ സാധാരണക്കാരേക്കാൾ ഈ പ്രശ്നമുണ്ടാവാൻ സാധ്യത കൂടുതലാണ്. കുട്ടിക്കാലത്തെ മാനസികപീഡനം, ആഘാതം തുടങ്ങിയവ ഈ രോഗാവസ്ഥയ്ക്ക് പലപ്പോഴും കാരണമാകുന്നുണ്ട്.

**ചികിത്സാ സമീപനങ്ങൾ**

ഇത്തരം വ്യക്തിയുടെ ചിന്താരീതികളും പെരുമാറ്റങ്ങളുമെല്ലാം സംശയപ്രകൃതമുള്ള വ്യക്തിത്വത്തിന്റെ പ്രത്യേകതയാണെന്നും ആ വ്യക്തിയിൽ ഇത്തരത്തിലുള്ള വ്യക്തിത്വം രൂപപ്പെടുവാൻ സാധ്യതയുണ്ടാക്കിയ അനുഭവങ്ങൾ ചൂണ്ടിക്കാട്ടി കുടുംബാംഗങ്ങളെ ബോധ്യപ്പെടുത്തണം. ഈ വ്യക്തിക്ക് എന്തെങ്കിലും പ്രശ്നം ഉള്ളതായി സ്വയം അംഗീകരിക്കാത്തതിനാൽ സ്വന്തം ഇഷ്ടപ്രകാരം ചികിത്സ തേടാൻ ബുദ്ധിമുട്ടാണെന്ന യാഥാർഥ്യം വീട്ടുകാരെ അറിയിക്കണം. ചികിത്സ വിജയിക്കുന്നതിന് തടസങ്ങൾ നിരവധിയാണ്. പലപ്പോഴും സംശയരോഗി മരുന്ന് കഴിക്കാൻ വിസമ്മതിക്കുന്നു. ചില സന്ദർഭങ്ങളിൽ ഇത്തരം വ്യക്തികളിൽ ഭയവും സംശയവും വർദ്ധിച്ച് അവർ അക്രമവാസനയും ആക്രമണസ്വഭാവവും പ്രദർശിപ്പിച്ചാൽ ആശുപത്രിയിൽ പ്രവേശിച്ച് മാനസികാരോഗ്യവിദ്ഗധരുടെ കീഴിൽ വിദഗ്ധചികിത്സ നൽകേണ്ടതാണ്. ഇവിടെ രോഗിയുടെ വിഷാദാവസ്ഥ, ഉത്കണ്ഠ എന്നിവയും ചികിത്സയുടെ ഭാഗമാകുന്നു. സൈക്കോളജിസ്റ്റിന്റെ സഹായത്തോടെ വ്യക്തിയുടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള കഴിവ് മെച്ചപ്പെടുത്താനും ചിന്താരീതിയിലുള്ള വികലതകളെ തിരുത്താനും സാധിക്കുമെന്നും മനസ്സിലാക്കി കൊടുക്കണം. ■

# ദിലേക്സി തേ (ഞാൻ നിന്നെ സ്നേഹിച്ചു)

പ്രബോധനപാത
ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ

ലെയോ പതിനാലാമൻ പാപ്പായുടെ ആദ്യത്തെ അപ്പസ്തോലിക പ്രബോധനമാണ് ദിലേക്സി തേ (ഞാൻ നിന്നെ സ്നേഹിച്ചു). വെളിപാട് പുസ്തകം മൂന്നാം അധ്യായം ഒമ്പതാമത്തെ തിരുവചനമാണ് ഇത്. ഫ്രാൻസിസ് മാർപാപ്പ ആരംഭിച്ച ഈ രേഖ അദ്ദേഹത്തിന്റെ കാലശേഷം ലെയോ പതിനാലാമൻ പാപ്പ പൂർത്തിയാക്കുകയാണ് ഉണ്ടായത്. വിശ്വാസത്തിൽ നിന്ന് പാവപ്പെട്ടവരോടുള്ള സ്നേഹത്തെ വേർതിരിക്കാനാകില്ലെന്ന അടിസ്ഥാനസന്ദേശമാണ് ഈ പ്രബോധന രേഖയിലൂടെ മാർപാപ്പ പങ്കുവയ്ക്കുന്നത്. വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാൾ ദിവസമാണ് ഈ പ്രബോധനം മാർപാപ്പ ഒപ്പു വച്ചിരിക്കുന്നത്. ഈ പ്രബോധന രേഖയ്ക്ക് അഞ്ച് അധ്യായങ്ങൾ ആണുള്ളത്. 121 ഖണ്ഡികകളിലായി വിവിധ വിഷയങ്ങൾ മാർപാപ്പ അവതരിപ്പിക്കുന്നു.

ഒന്നാം അധ്യായത്തിൽ സഹിക്കുന്നവരോട് ചേർന്ന് ഐക്യത്തിൽ ആയിരിക്കുന്ന ദൈവസ്നേഹത്തെ കുറിച്ചാണ് അവതരിപ്പിക്കുന്നത്. പാവപ്പെട്ടവർ പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമല്ല, സ്വീകരിക്കപ്പെടേണ്ട ഒരു രഹസ്യമാണ് (നമ്പർ 4). സഭാംഗങ്ങൾ സാമൂഹ്യവും സാമ്പത്തികവുമായ മണ്ഡലങ്ങളിൽനിന്ന് ബഹിഷ്കൃതരായ പാവപ്പെട്ട മനുഷ്യരുടെ നിശബ്ദനിലവിളികളോട് തുറവിയുള്ളവരും ശ്രദ്ധ പുലർത്തുന്നവരും ആകണം. ദരിദ്രനായ ഓരോ വ്യക്തിയും ക്രിസ്തുസാന്നിധ്യത്തിന്റെ കൂദാശയാണ് (നമ്പർ 9).

രണ്ടാം അധ്യായത്തിൽ കത്തോലിക്കാസഭയുടെ സാമൂഹ്യപ്രബോധനങ്ങളെ പാപ്പ സംക്ഷിപ്തമായി അവതരിപ്പിക്കുന്നു. ഈ




**ഫ്രാൻസിസ് മാർപാപ്പ ആരംഭിച്ച ഈ രേഖ അദ്ദേഹത്തിന്റെ കാലശേഷം ലെയോ പതിനാലാമൻ പാപ്പ പൂർത്തിയാക്കുകയാണ് ഉണ്ടായത്. വിശ്വാസത്തിൽനിന്ന് പാവപ്പെട്ടവരോടുള്ള സ്നേഹത്തെ വേർതിരിക്കാനാകില്ലെന്ന അടിസ്ഥാനസന്ദേശമാണ് ഈ പ്രബോധനരേഖയിലൂടെ മാർപാപ്പ പങ്കുവയ്ക്കുന്നത്. വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാൾ ദിവസമാണ് ഈ പ്രബോധനം മാർപാപ്പ ഒപ്പുവച്ചിരിക്കുന്നത്. ഈ പ്രബോധന രേഖയ്ക്ക് അഞ്ച് അധ്യായങ്ങൾ ആണുള്ളത്. 121 ഖണ്ഡികകളിലായി വിവിധ വിഷയങ്ങൾ മാർപാപ്പ അവതരിപ്പിക്കുന്നു.**

എളിയവരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത് എന്ന ഈശോയുടെ തിരുവചനത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് പാവങ്ങളോടൊപ്പം ആയിരിക്കാനുള്ള സഭയുടെ ദൗത്യത്തെ പാപ്പ ഓർമ്മിപ്പിക്കുന്നു. ദൈവം ദരിദ്രരെ സ്നേഹിക്കുന്നു അതിനാൽ സഭയും ദരിദ്രർക്ക് മുൻഗണന നൽകണം എന്ന കാതലായ സന്ദേശം ഈ പ്രബോധന രേഖയിലൂടെ മാർപാപ്പ അവതരിപ്പിക്കുന്നു. പാവങ്ങളെ മറക്കുന്ന സഭ ക്രിസ്തുവിനെയാണ് മറക്കുന്നത് (നമ്പർ 17). രൂപതകളും സന്യാസസമൂഹങ്ങളും അവരുടെ ശുശ്രൂഷകളെയും വാർഷിക പദ്ധതികളെയും വിലയിരുത്തി നല്ല സമരിയാക്കാരന്റെ ആർദ്രതയും കാരുണ്യവും അവയിൽ പ്രതിഫലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തണമെന്ന് മാർപാപ്പ ആഹ്വാനം ചെയ്യുന്നു.

മൂന്നാം അധ്യായത്തിൽ ആഗോളതലത്തിൽ ദാരിദ്ര്യത്തെ വളർത്തുന്ന രാഷ്ട്രീയപരവും സാമ്പത്തികവുമായ ശക്തികളെക്കുറിച്ച് പാപ്പ വിശകലനം ചെയ്യുന്നു. പാപ്പയുടെ വീക്ഷണത്തിൽ നിർബന്ധിത കുടിയേറ്റവും ചൂഷണം ചെയ്യുന്ന തൊഴിലുകളും ആധുനിക കാലഘട്ടത്തിലെ അനീതിയുടെയും അടിമത്തത്തിന്റെയും ഉദാഹരണങ്ങളാണ്. പ്രവാസത്തിന്റെ അനുഭവം ദൈവജനത്തിന്റെ ചരിത്രമാണ്. വിശുദ്ധ ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്ന അബ്രഹാം, മോശ, ഈജിപ്തിലേക്ക് പലായനം ചെയ്ത തിരുക്കുടുംബം, സ്വന്തം ജനതയാൽ തിരസ്കൃതനായ ക്രിസ്തു ഇവരെല്ലാം പ്രവാസികൾ ആയിരുന്നു. ഓരോ നിരസിക്കപ്പെട്ട പ്രവാസിയിലും ക്രിസ്തു തന്നെയാണ് നമ്മുടെ വാതിൽക്കൽ മുട്ടുന്നത്. ലോകം മതിലുകൾ പണിയുമ്പോൾ സഭ പാലങ്ങൾ പണിയണം (നമ്പർ 75). ആധുനികകാലഘട്ടത്തിൽ പ്രവാസികളുടെ അജപാലനത്തിൽ ശ്രദ്ധ പതിപ്പിച്ച രണ്ടു വിശുദ്ധരാണ് വിശുദ്ധ ജോൺ ബാപ്റ്റിസ്റ്റ് സ്കലബ്രീനിയും വിശുദ്ധ ഫ്രാൻസീസ് സേവ്യർ കബ്രീനിയും.

നാലാം അധ്യായത്തിൽ തിരുസഭ സ്വീകരിക്കേണ്ട ലാളിത്യത്തിന്റെ മുഖത്തെക്കുറിച്ചാണ് പാപ്പാ പറയുന്നത്. വൈദികസമൂഹം പാവങ്ങളോടൊപ്പം ജീവിക്കണമെന്നും അവരുടെ ദുഃഖങ്ങളിൽ പങ്കുചേരണമെന്നും ഈ പ്രബോധന രേഖ ആവശ്യപ്പെടുന്നു. സഭ പാവങ്ങളോട് താദാത്മ്യപ്പെടണമെന്നത് ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ ശക്തമായി ഉയർന്നുകേട്ട ഒരു കാര്യമായിരുന്നു. എൽസാൽവദോറിലെ ആർച്ച് ബിഷപ്പായിരുന്ന ഓസ്കർ റൊമേരോയുടെ രക്തസാക്ഷിത്വം ഈ ചിന്താധാരയുടെ പ്രസക്തി വർദ്ധിപ്പിച്ചു.

അഞ്ചാം അധ്യായത്തിൽ പാവപ്പെട്ടവരോടുള്ള സ്നേഹം പ്രവൃത്തികളിലൂടെ പ്രകടിപ്പിക്കപ്പെടണമെന്ന് പാപ്പാ ഉദ്ബോധിപ്പിക്കുന്നു. സ്നേഹം വാക്കുകളിൽ ഒതുക്കാതെ, നല്ല സമരിയാക്കാരനെപ്പോലെ, ജീവിതത്തിൽ പ്രാവർത്തികമാക്കണം. ദാനധർമ്മം ഇന്നും പ്രസക്തമാണെന്ന് പാപ്പാ ഓർമ്മിപ്പിക്കുന്നു.

ദിലേക്സി തേ എന്ന പ്രബോധനരേഖയിലൂടെ, ദരിദ്രരുടെ മുഖങ്ങളിൽ സഭ തന്റെ ആത്മാവിനെ വീണ്ടും കണ്ടെത്താൻ, ക്രിസ്തുവിനൊപ്പം നടക്കാൻ ലെയോ പാപ്പാ നമ്മെ ക്ഷണിക്കുന്നു. ■

# അക്വിലെയിലെ റൂഫിനസ് ഇന്ത്യയിലെ സഭയെക്കുറിച്ച്

ലിറ്റർജിക്കൽ റിസർച്ച് സെന്റർ
പഠനപരമ്പര
റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

ക്രിസ്തുവർഷം 345-ൽ ഇറ്റലിയിലെ അകിലെക്ക് അടുത്തുള്ള കോൺകോർഡിയിലാണ് റൂഫിനസ് ജനിച്ചത്. റോമിലെ പഠനത്തിനിടയിൽ അദ്ദേഹം വിശുദ്ധ ജെറോമുമായി സമ്പർക്കം പുലർത്തി. പിന്നീട് അദ്ദേഹം അകിലെയിൽ സന്യാസിയായി. 371-ൽ അദ്ദേഹം ഈജിപ്ത് സന്ദർശിക്കുകയും അവിടെ ആറു വർഷം സന്യാസിയായി ജീവിക്കുകയും ചെയ്തു. പിന്നീട് സിറിയയിലൂടെയും മെസപ്പൊട്ടോമിയയിലൂടെയും സഞ്ചരിച്ച ശേഷം അദ്ദേഹം ജെറുസലേമിലേക്ക് പോയി. നിരവധി വർഷങ്ങൾക്ക് ശേഷം ഇറ്റലിയിലേക്ക് മടങ്ങി. വിസിഗോത്തുകൾ റോം ആക്രമിച്ച 407 വരെ അവിടെ തുടർന്നു. അവിടെ നിന്ന് അദ്ദേഹം സിസിലിയിലേക്ക് പോയി. അവിടെ എ. ഡി. 410-ൽ മരിച്ചു. അദ്ദേഹം തന്റെ Ecclesiastical History എന്ന ഗ്രന്ഥത്തിൽ ഇന്ത്യയിൽ സുവിശേഷം അറിയിച്ച വിശുദ്ധ ഫ്രുമെൻസിയസിന്റെ ജീവിതത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. അത് ഇപ്രകാരമാണ്: ദൈവവചനം പ്രസംഗിക്കുന്നതിനായി അപ്പസ്തോലന്മാർ നറുക്കെടുപ്പിലൂടെ ലോകത്തിന്റെ വിഭജനം



**ദൈവവചനം പ്രസംഗിക്കുന്നതിനായി അപ്പസ്തോലന്മാർ നറുക്കെടുപ്പിലൂടെ ലോകത്തിന്റെ വിഭജനം നടത്തിയപ്പോൾ വ്യത്യസ്ത പ്രദേശങ്ങൾ വ്യത്യസ്ത അപ്പസ്തോലന്മാർക്ക് ലഭിച്ചു. പാർത്തിയ തോമസിനും മത്തായിക്കും ലഭിച്ചു. അതിനോടു ചേർന്നുള്ള ഭാഗം ബർത്തലോമിയോവിനാണ് ലഭിച്ചത്. അത് പാർത്തിയാക്കും ഇന്ത്യയ്ക്കും ഇടയ്ക്കായിരുന്നു. ഇന്ത്യയിൽ പല ഭാഷകൾ സംസാരിക്കുന്ന ആളുകൾ ഉണ്ടായിരുന്നു.**

നടത്തിയപ്പോൾ വ്യത്യസ്ത പ്രദേശങ്ങൾ വ്യത്യസ്ത അപ്പസ്തോലന്മാർക്ക് ലഭിച്ചു. പാർത്തിയ തോമസിനും മത്തായിക്കും ലഭിച്ചു. അതിനോടു ചേർന്നുള്ള ഭാഗം ബർത്തലോമിയോവിനാണ് ലഭിച്ചത്. അത് പാർത്തിയാക്കും ഇന്ത്യയ്ക്കും ഇടയ്ക്കായിരുന്നു. ഇന്ത്യയിൽ പല ഭാഷകൾ സംസാരിക്കുന്ന ആളുകൾ ഉണ്ടായിരുന്നു.

മെട്രോഡസ് എന്ന തത്വചിന്തകൻ ലോകത്തെ പഠിക്കാൻ ആയി ഇന്ത്യയിൽ എത്തി. ടയറിലെ ഒരു തത്വചിന്തകൻ ആയിരുന്ന മെരോപിയസും ഇതുപോലെ ഇന്ത്യയിലേക്ക് പോകാൻ ആഗ്രഹിച്ചു. സാഹിത്യത്തിൽ പഠനം നടത്തിയിരുന്ന രണ്ട് കുട്ടികളെയും അദ്ദേഹം കൂടെ കൊണ്ടുപോയി. അവർ എദേസിയസും ഫ്രുമെൻസിയസും ആയിരുന്നു. എന്നാൽ ഈ തത്വചിന്തകൻ വധിക്കപ്പെടുകയും ഈ കുട്ടികൾ പിടിക്കപ്പെടുകയും ചെയ്തു. കൂടെ ഉണ്ടായിരുന്നവരെയും വധിച്ചു. ഈ കുട്ടികളെ രാജാവിന്റെ അടുത്ത് ഹാജരാക്കി. അവരിൽ സന്തുഷ്ടനായ രാജാവ് അനുജൻ എടേസിയസിനെ തന്റെ പാനപാത്രവാഹകനായും കൂടുതൽ അറിവുള്ള ജ്യേഷ്ഠനെ തന്റെ ട്രഷറർ ആയും നിയമിച്ചു. ഇരുവരെയും രാജാവ് വളരെയധികം ബഹുമാനിച്ചിരുന്നു. പിന്നീട് ജ്യേഷ്ഠന് രാജ്യത്തിന്റെ ഭരണത്തിൽ വലിയ പങ്കു നൽകി. ഈ സമയത്ത് അദ്ദേഹം രാജ്യത്തെ ക്രിസ്ത്യാനികളെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അവർക്ക് ആരാധനാലയങ്ങൾ പണിതുനൽകി. ക്രിസ്തീയ വിശ്വാസത്തിന്റെ വിത്തുകൾ വിതയ്ക്കുന്നതിൽ അദ്ദേഹം വളരെയധികം താൽപര്യം കാണിച്ചു.

പിൽക്കാലത്ത് എദ്രേസിയൂസ് തന്റെ നാട്ടിലേക്ക് മടങ്ങി. സുവിശേഷം പ്രചരിപ്പിക്കാനുള്ള തീഷ്ണതയോടെ ഫ്രുമെൻസിയൂസ് അലക്സാണ്ടറിയായിലേക്ക് പോയി. അവിടെ അദ്ദേഹം സ്ഥലത്തെ അന്നത്തെ മെത്രാനോട് ചെയ്തതെല്ലാം വിശദീകരിച്ചു. അവിടെ കൂടുതൽ മിഷൻ പ്രവർത്തനത്തിനായി യോഗ്യനായ ഒരാളെ തിരഞ്ഞെടുത്തു അങ്ങോട്ട് അയക്കണമെന്ന് അദ്ദേഹം മെത്രാനോട് ആവശ്യപ്പെട്ടു. എന്നാൽ അത്തനാസിയോസ് മെത്രാൻ ഇദ്ദേഹത്തെ തന്നെയാണ് ഈ നിയോഗം ഭരമേൽപ്പിച്ചത്. ഈ ദൗത്യം ഏറ്റെടുത്ത് അദ്ദേഹം ഇന്ത്യയിലേക്ക് തിരിച്ചു. അവിടെ അനേകം വിജാതീയരെ അദ്ദേഹം ക്രൈസ്തവവിശ്വാസത്തിലേക്ക് കൊണ്ടുവന്നു. ഇന്ത്യയുടെ പല ഭാഗങ്ങളിൽ അദ്ദേഹം ആളുകളെ ക്രിസ്ത്യാനികൾ ആക്കി, പള്ളികൾ സ്ഥാപിച്ചു, പൗരോഹിത്യം നൽകി. ഇക്കാര്യങ്ങൾ ഒന്നും കെട്ടുകഥകൾ അല്ല, അദ്ദേഹത്തിന്റെ തന്നെ കൂട്ടാളിയായ എദേസിയൂസിന്റെ അധരങ്ങളിൽ നിന്ന് ലഭിച്ചതാണ് (PL XXI, 478). ■

# ഹ്രസ്വമായ നീതിന്യായ നടപടിക്രമം



CANON LAW

റവ. ഡോ. ജോഷി കുളത്തുങ്കൽ

വിവാഹത്തിന്റെ അസാധുത്വം തെളിയിക്കുന്ന നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് രണ്ട് മോത്തു പ്രോപ്രിയോകൾ ഫ്രാൻസിസ് മാർപാപ്പ 2015 സെപ്റ്റംബർ എട്ടാം തീയതി പ്രസിദ്ധീകരിക്കുകയുണ്ടായി. *Mitis Iudex Dominus Iesus* എന്ന മോത്തു പ്രോപ്രിയോ ലത്തീൻ സഭയ്ക്ക് വേണ്ടിയും *Mitis et misericors Iesus* എന്ന മോത്തു പ്രോപ്രിയോ പൗരസ്ത്യ സഭകൾക്ക് വേണ്ടിയും ഉള്ളതാണ്. 2014-2015 വർഷങ്ങളിൽ റോമിൽ നടന്ന കുടുംബത്തെ പറ്റിയുള്ള സിനഡിൽ വിവാഹത്തിന്റെ അസാധുത്വം തെളിയിക്കുന്ന നടപടിക്രമങ്ങൾ ലളിതമാക്കണമെന്നും നടപടിക്രമങ്ങളുടെ കാലതാമസം കുറയ്ക്കണമെന്നുള്ള മെത്രാന്മാരുടെ ആവശ്യം കണക്കിലെടുത്തുകൊണ്ടാണ് ഈ മാറ്റങ്ങൾ ഫ്രാൻസിസ് മാർപാപ്പ വരുത്തിയത്. സഭാകോടതികൾ കാര്യക്ഷമമായി പ്രവർത്തിക്കാതെ വരുകയും വിവാഹകേസുകളിലുള്ള തീരുമാനങ്ങളിൽ കാലതാമസം വരുകയും ചെയ്യുമ്പോൾ കേസിലെ കക്ഷികൾക്ക് നീതി നിഷേധിക്കപ്പെടുകയാണ് ചെയ്യുന്നത്. ഇത്തരം സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് വിവാഹം അസാധുവായി പ്രഖ്യാപിക്കുവാൻ നിലവിലുള്ള സാധാരണ നടപടിക്രമങ്ങൾക്കും രേഖാമൂലമായ നടപടിക്രമങ്ങൾക്കും പുറമേ ഹ്രസ്വമായ മറ്റൊരു നടപടിക്രമം കൂടി ഫ്രാൻസിസ് മാർപാപ്പ വിഭാവനം ചെയ്യുന്നത്. പൗരസ്ത്യസഭകളുടെ പരിഷ്കരിച്ച കാനോനിക നിയമം 1369 മുതൽ 1373 വരെയുള്ള കാനോകളിലാണ് ഹ്രസ്വമായ നടപടിക്രമത്തെ പറ്റി പ്രതിപാദിക്കുന്നത്.

ഈ നടപടിക്രമം ഉപയോഗിക്കണമെങ്കിൽ ചില പ്രത്യേക നിബന്ധനകൾ പാലിക്കപ്പെടേണ്ടതായിട്ടുണ്ട്. അതിനാൽ തന്നെ എല്ലാ കേസുകളും ഹ്രസ്വ നടപടിക്രമത്തിലൂടെ പരിഹരിക്കുവാൻ സാധ്യമല്ല. ഒന്നാമതായുള്ള ഒരു നിബന്ധന, സഭാകോടതിയുടെ മുൻപാകെയുള്ള പരാതിയുടെ പ്രാഥമികമായ അവതരണത്തിൽ തന്നെ വിവാഹത്തിന്റെ അസാധുത്വം തെളിയിക്കുന്ന വളരെ വ്യക്തമായ കാരണങ്ങൾ ഉണ്ടായിരിക്കണം. അതോടൊപ്പം പ്രധാനപ്പെട്ട തെളിവുകൾ, മറ്റു രേഖകൾ എന്നിവ ഹാജരാക്കിയിരിക്കണം. വിശ്വാസരാഹിത്യം, ഹ്രസ്വമായ വിവാഹ ജീവിതം, പ്രത്യുല്പാദനം ഒഴിവാക്കാൻ നടത്തിയ ഗർഭചിദ്രം, വിവാഹേതര ബന്ധങ്ങൾ, പകരുന്ന രോഗങ്ങൾ, കുട്ടികൾ ഉണ്ടാകാത്ത സ്ഥിതി, മുൻ വിവാഹത്തിൽ കുട്ടികൾ ഉണ്ടെന്നുള്ള കാര്യം മനപ്പൂർവ്വം പങ്കാളിയിൽ നിന്ന് മറച്ചുവയ്ക്കൽ, നിർബന്ധിച്ച് വിവാഹത്തിന് സമ്മതിപ്പിക്കൽ, വിവാഹത്തിന്റെ കടമകളും ഉത്തരവാദിത്വങ്ങളും മനസ്സിലാക്കാൻ പറ്റാത്ത മാനസിക അവസ്ഥ എന്നിവയെല്ലാം ഹ്രസ്വമായ നടപടിക്രമം അവലംബിക്കുന്നതിനുള്ള കാരണങ്ങളാണ്. പരാതിയുടെ ഉള്ളടക്കം ശരിയായി വിലയിരുത്തി പ്രസ്തുത കേസ് ഹ്രസ്വനടപടിക്രമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണമോ എന്ന് തീരുമാനിക്കേണ്ടത് ജുഡീഷ്യൽ വികാരിയാണ്.

മറ്റൊരു നിബന്ധന, സഭാ കോടതിയിൽ സമർപ്പിക്കുന്ന പരാതിയിൽ ഇരു കൂട്ടരും ഒപ്പുവയ്ക്കണമെന്നുള്ളതാണ്. രണ്ടു കക്ഷികളുടെയും സമ്മതം കൂടാതെ ഹ്രസ്വമായ നടപടിക്രമം അവലംബിക്കാൻ ആവുകയില്ല. പരാതിക്കാരൻ സമർപ്പിക്കുന്ന പരാതി ഹ്രസ്വമായ നടപടിക്രമത്തിന്റെ പരിധിയിൽ വരുന്നുണ്ടെന്ന് ജുഡീഷ്യൽ വികാരി വിലയിരുത്തുകയും അതേസമയം എതിർകക്ഷിയുടെ ഒപ്പ് പരാതിയിൽ ഇല്ലാതിരിക്കുകയും ചെയ്താൽ എതിർകക്ഷിയുടെ സമ്മതം ജുഡീഷ്യൽ വികാരി ചോദിച്ചറിയണം. എതിർഭാഗം മറുപടിയൊന്നും നൽകുന്നില്ലെങ്കിൽ പ്രസ്തുത കേസ് ഹ്രസ്വ നടപടി ക്രമത്തിലൂടെ പൂർത്തിയാക്കുവാൻ സാധിക്കുകയില്ല. വിവാഹം അസാധുവാക്കുന്ന കാരണത്തിൽ (Ground) ഇരുകൂട്ടർക്കും യോജിപ്പില്ലെങ്കിലും ഹ്രസ്വമായ നടപടിക്രമം ഉപയോഗിക്കാൻ പാടുള്ളതല്ല.

ഹ്രസ്വനടപടിക്രമത്തിലെ മറ്റൊരു പ്രധാന സ്വഭാവം, രൂപതാ മെത്രാൻ ആയിരിക്കും പ്രസ്തുത കേസിലെ ജഡ്ജി എന്നതാണ്. ഹ്രസ്വ നടപടിക്രമത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം രൂപതാ മെത്രാനിൽ നിക്ഷിപ്തമാണ്. എന്നിരുന്നാലും കേസിന്റെ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കുന്നത് ജുഡീഷ്യൽ വികാരിയോ മറ്റൊരു ജഡ്ജിയോ ആയിരിക്കും. അതിനുശേഷം തന്റെ തീരുമാനം പ്രഖ്യാപിക്കുന്നതിന് മുമ്പ് രൂപതാ മെത്രാൻ കാനോൻ നിയമ വിദഗ്ധരുടെ ഉപദേശം തേടേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ ഹ്രസ്വനടപടിക്രമത്തിലൂടെ ഒരു വിവാഹത്തിന്റെ അസാധുത്വം തെളിയിക്കാൻ ആയില്ലെങ്കിൽ രൂപതാ മെത്രാന് അസാധുത്വം തെളിയിക്കപ്പെട്ടിട്ടില്ല എന്ന വിധി നൽകുവാൻ കഴിയുകയില്ല. മറിച്ച് സാധാരണ നടപടിക്രമത്തിലേക്ക് മേൽപ്പറഞ്ഞ വിവാഹ കേസ് മാറ്റിവിടുകയാണ് ചെയ്യേണ്ടത്.

ഇരു കൂട്ടരും സംയുക്തമായി സമർപ്പിക്കുന്ന പരാതി ആയതിനാൽ ഹ്രസ്വ നടപടിക്രമത്തിലെ കേസുകൾക്ക് അപ്പീലിന് സാധ്യതയില്ല. എങ്കിലും ഡിഫൻഡർ ഓഫ് ദ ബോണ്ടിനോ പാർട്ടികൾക്കോ തക്കതായ കാരണങ്ങൾ ഉണ്ടെങ്കിൽ അപ്പീൽ നൽകാവുന്നതാണ്. നിയമം അനുശാസിക്കുന്ന സമയത്തിനുള്ളിൽ അപ്പീൽ നൽകിയില്ലെങ്കിൽ പ്രസ്തുത വിവാഹം അസാധുവാണെന്ന ഡിക്രി രൂപതാ മെത്രാൻ പുറപ്പെടുവിക്കുന്നതാണ്. ഹ്രസ്വ നടപടിക്രമത്തിന്റെ നിബന്ധനകൾക്കുള്ളിൽ വരുന്ന ഒരു വിവാഹ കേസ് അതേ നടപടി ക്രമത്തിൽ തന്നെ ചെയ്യേണ്ടതാണ്. എന്നാൽ എല്ലാ കേസുകളും ഹ്രസ്വനടപടി ക്രമത്തിലൂടെ തീർപ്പാക്കണമെന്ന ഉദ്ദേശ്യവും ശരിയല്ല. വിവാഹ തകർച്ചകളിൽപെട്ടു കഴിയുന്ന അനേകംവ്യക്തികളോടുള്ള സഭയുടെ അജപാലനപരമായ കരുതലിന്റെയും കരുണയുടെയും അടയാളമാണ് ഫ്രാൻസിസ് മാർപാപ്പ വിഭാവനം ചെയ്ത ഈ ഹ്രസ്വ നടപടിക്രമം. ■

# ഈശോയുടെ സ്നേഹശുശ്രൂഷയുടെ പിന്തുടർച്ചക്കാർ

## ഫാ. ജോൺ കിഴക്കൂടൻ സ്ഥാപിച്ച മർത്താസന്യാസിനി സമൂഹം (സി.എസ്.എം)






1948 ഓഗസ്റ്റ് 15ന് അവിഭക്തതൃശൂർ രൂപതയിൽ രൂപതവൈദികനായ ഫാ. ജോൺ കിഴക്കൂടൻ സ്ഥാപിച്ചതാണ് മർത്താസന്യാസിനി സമൂഹം അഥവാ സി. എസ്. എം.

നസ്രത്തിലെ ഈശോയുടെ ലളിതജീവിതം അനുകരിച്ച്, നിസാരജോലികൾ പോലും അസാധാരണമാംവിധം വലിയ സ്നേഹത്തോടെ നിർവഹിച്ചു അധ്വാനിക്കുന്ന ജനങ്ങൾക്കും ദരിദ്രർക്കും നിരാലംബർക്കും മിശിഹായുടെ അനുകമ്പാർദ്രസ്നേഹം നിസ്വാർത്ഥശുശ്രൂഷയിലൂടെ അനുഭവവേദ്യമാക്കി കൊടുക്കുക എന്നതാണ് ഈ സന്യാസിനി സമൂഹത്തിന്റെ കാരിസം. യേശുനാഥനോടുള്ള സ്നേഹം ശുശ്രൂഷയിലൂടെ പ്രകാശിപ്പിച്ച വി. മർത്തായുടെ മാതൃക സ്വീകരിച്ച് അഗതിശുശ്രൂഷ, രോഗീശുശ്രൂഷ, കുടുംബപ്രേഷിതത്വം, അജപാലനരംഗം, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ, മിഷൻപ്രവർത്തനം, വിദ്യാഭ്യാസം, എക്യുമെനിസം, കൈത്തൊഴിലുകളുടെ പരിശീലനം തുടങ്ങിയ മേഖലകളിൽ സഭാംഗങ്ങൾ അർപ്പണബോധത്തോടെ പ്രവർത്തിക്കുന്നു.

'ഈ ജനക്കൂട്ടത്തോട് എനിക്ക് അനുകമ്പ തോന്നുന്നു' എന്ന ദൈവവചനം പ്രചോദകമന്ത്രമായി സ്വീകരിച്ച് ഈശോയുടെ അനുകമ്പാർദ്ര സ്നേഹം ജാതിമത ഭേദമില്ലാതെ എല്ലാവർക്കും അനുഭവവേദ്യമാക്കിയ സ്ഥാപക പിതാവിന്റെ കാലടികളെ പിഞ്ചെന്നു കൊണ്ട് 425 സഹോദരിമാർ തൃശൂർ, പാലക്കാട്, ഇരിഞ്ഞാലക്കുട, തലശേരി, എറണാകുളം, കോതമംഗലം, ഇടുക്കി രൂപതകളിലും ഭോപ്പാൽ, സാഗർ, മ്യാവൂ, ബാലസോർ, രാമനാഥപുരം എന്നീ മിഷൻ രൂപതകളിലും ഇറ്റലി, റോം, അമേരിക്ക, ജർമ്മനി എന്നീ വിദേശരാജ്യങ്ങളിലും നാനാ ജാതി മതസ്ഥരുടെ ഇടയിൽ പ്രവർത്തിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിൽ വിളങ്ങിയിരുന്ന എളിമയും പരസ്നേഹവും സമൂഹമധ്യസ്ഥയായ വി.മർത്തായുടെ അതിഥിസൽക്കാര തൽപരതയും സ്നേഹശുശ്രൂഷയും കൈമുതലാക്കി ജീവിതക്ലേശങ്ങൾക്കും പ്രതിസന്ധികൾക്കും മധ്യേ പ്രാർഥനയിൽ നിന്ന് ശക്തിയുംപ്രകാശവും സ്വീകരിച്ചുകൊണ്ട് സഹോദരിമാർ സമൂഹചൈതന്യവും തനിമയും നിലനിർത്തുന്നു.

കാലഘട്ടത്തിന്റെ സൂചനകളും മനുഷ്യമക്കളുടെ ആവശ്യങ്ങളും കണക്കിലെടുത്തുകൊണ്ട് ക്രിസ്തുവിൽ എല്ലാം സമുദ്ധരിക്കുക എന്ന ലക്ഷ്യത്തോടെയാണ് മർത്താസന്യാസിനിസമൂഹാംഗങ്ങൾ പ്രവർത്തിക്കുന്നത്. ദൈവരാജ്യം ലോകം മുഴുവൻ പ്രചരിപ്പിക്കുന്നതിന്, തുറന്ന മനസ്സോടെയും വിശ്വസിക്കുന്ന ഹൃദയത്തോടെയും ദീർഘവീക്ഷണത്തോടെയും ഭാവിയിലേക്ക് നോക്കി പ്രത്യാശയുടെ ജ്വാല ജ്വലിപ്പിച്ചു തിരുസഭയിൽ വിരാചിക്കുകയാണ് മർത്താസന്യാസിനിമാർ.

മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലുള്ള ഒരു സ്വതന്ത്രസന്യാസിനി സമൂഹമായ മർത്താ സന്യാസിനിസമൂഹം 2013-ൽ ലൂർദ് നാഥാ പ്രോവിൻസ്, ഗുഡ് ഷെപ്പേഡ് പ്രോവിൻസ് എന്നിങ്ങനെ രണ്ട് പ്രൊവിൻസുകളായി വിഭജിക്കപ്പെട്ടു. സി. ബിയാട്രിസ് ആണ് സുപ്പീരിയർ ജനറൽ. ■

# കല്യാൺ, ഷംഷാബാദ്, ഉ
# മാർ ജോസഫ് തച്ചാപറ

## മാർ സെബാസ്റ്റ്യൻ വടക്കേൽ ഉജ്ജയിൻ ആർച്ചുബിഷപ്പായി സ്ഥാനമേറ്റു





ഉജ്ജയിൻ: മധ്യപ്രദേശിലെ ഉജ്ജയിൻ രൂപതയെ അതിരൂപതയായി ഉയർത്തിക്കൊണ്ടുള്ള പ്രഖ്യാപനവും പ്രഥമ ആർച്ചുബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേലിന്റെ സ്ഥാനാരോഹണം 2025 ഒക്ടോബർ 3ന് നടന്നു. നിരവധി മെത്രാന്മാരും വൈദികരും സമർപ്പിതരും വിശ്വാസികളും പങ്കെടുത്ത ഭക്തിനിർഭരമായ ശുശ്രൂഷകളോടെയായിരുന്നു അതിരൂപത പ്രഖ്യാപനവും സ്ഥാനാരോഹണവും.

ഉജ്ജയിൻ സെന്റ് മേരീസ് കത്തീഡ്രലിൽ സീറോമലബാർസഭാ മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിലിന്റെ മുഖ്യകാർമികത്വത്തിലായിരുന്നു ശുശ്രൂഷകൾ. പഴയ പള്ളിയിൽനിന്ന് പ്രദക്ഷിണമായി കാർമികർ ബലിവേദിയിലേക്ക് എത്തിയതോടെ ചടങ്ങുകൾക്കു തുടക്കമായി. അതിരൂപതാ പ്രഖ്യാപനത്തിന്റെയും മെത്രാപ്പോലീത്താ നിയമനത്തിന്റെയും ഡിക്രികൾ, സഭയുടെ കൂരിയ ചാൻസലർ റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ, രൂപതാ ചാൻസലർ റവ. ഡോ. ജോൺ കൊണ്ടുപറമ്പിൽ എന്നിവർ യഥാക്രമം ഇംഗ്ലീഷിലും ഹിന്ദിയിലും വായിച്ചു.

മാർ സെബാസ്റ്റ്യൻ വടക്കേലിനെ ആർച്ചുബിഷപ്പായി നിയമിച്ചുകൊണ്ടുള്ള പ്രാർഥനകളും ശുശ്രൂഷകളും മേജർ ആർച്ചുബിഷപ് നയിച്ചു. സ്ഥാനാരോഹണ ശുശ്രൂഷകളിൽ ചങ്ങനാശേരി ആർച്ചുബിഷപ് മാർ തോമസ് തറയിൽ, പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് എന്നിവർ സഹകാർമികരായിരുന്നു.

ആർച്ചുബിഷപ്പുമാരായ മാർ കുര്യാക്കോസ് ഭരണികുളങ്ങര, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മാർ പ്രിൻസ് പാണേങ്ങാടൻ, ഡോ. എ. ദുരൈരാജ് (ഭോപ്പാൽ) എന്നിവരുൾപ്പെടെ മധ്യപ്രദേശിലും പുറത്തുമുള്ള 24 മെത്രാന്മാർ, വിവിധ മേജർ സുപ്പീരിയർമാർ തുടങ്ങിയവർ ചടങ്ങുകളിൽ പങ്കെടുത്തു. വത്തിക്കാൻ നുൺഷ്യേച്ചറിന്റെ പ്രതിനിധി ഫാ. ആൽബർറ്റോ നാപ്പോളിത്താനോ നുൺഷ്യോയുടെ സന്ദേശം വായിച്ചു.

ശുശ്രൂഷകളെത്തുടർന്ന് ഉജ്ജയിൻ അതിരൂപതയിലെ വൈദികർ പുതിയ ആർച്ചുബിഷപ്പിനോടുള്ള വിധേയത്വമറിയിച്ചു. മെത്രാന്മാരുംവൈദികരുംആർച്ചുബിഷപ്പിനെ അനുമോദിച്ചു.

അനുമോദന സമ്മേളനത്തിൽ കേന്ദ്രമന്ത്രി ജോർജ് കുര്യൻ പ്രസംഗിച്ചു. എംപിമാർ, എംഎൽഎമാർ, മത, സാമൂഹ്യ, രാഷ്ട്രീയ രംഗങ്ങളിലെ പ്രമുഖർ തുടങ്ങിയവരും ആശംസകൾ അറിയിക്കാനെത്തി.

## മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ മെത്രാപ്പോലീത്തയായി അഭിഷിക്തനായി





കല്യാൺ (മഹാരാഷ്ട്ര): കൃതജ്ഞതാസ്തോത്രങ്ങളും പ്രാർഥനകളും നിറഞ്ഞ അന്തരീക്ഷത്തിൽ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ മെത്രാപ്പോലീത്തയായി 2025 ഒക്ടോബർ 19ന് അഭിഷിക്തനായി. താനെ കല്യാൺ സെന്റ് തോമസ് കത്തീഡ്രലിൽ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമികത്വത്തിലായിരുന്നു സ്ഥാനാരോഹണ കർമ്മങ്ങൾ നടന്നത്. കല്യാൺ അതിരൂപതയായും സഭയുടെ കൂരിയ മെത്രാനായിരുന്ന മാർ വാണിയപ്പുരയ്ക്കലിനെ പ്രഥമ മെത്രാപ്പോലീത്തയായും ഉയർത്തിക്കൊണ്ടുള്ള മേജർ ആർച്ചുബിഷപ്പിന്റെ ഉത്തരവ് സഭയുടെ കൂരിയ ചാൻസലർ റവ. ഡോ. ഏബ്രഹാം കാവിൽ പുരയിടത്തിൽ വായിച്ചു.

വി. കുർബാനയിൽ മുംബൈ മുൻ ആർച്ചുബിഷപ് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് വചനസന്ദേശം നൽകി. ബിഷപ് മാർ തോമസ് ഇലവനാൽ, കാഞ്ഞിരപ്പിള്ളി ബിഷപ് മാർ ജോസ് പുളിക്കൽ എന്നിവർ സഹകാർമികരായി. ആർച്ചുബിഷപ്പിന്റെ സഹോദരൻ ഫാ. ജോർജ് വാണിയപ്പുരയ്ക്കലായിരുന്നു ആർച്ചുഡീക്കൻ. വി. കുർബാനയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ സ്ഥാനമൊഴിഞ്ഞ ബിഷപ് മാർ തോമസ് ഇലവനാലിനു യാത്രയയപ്പു നൽകി. മുംബൈ അതിരൂപതാധ്യക്ഷൻ റൈറ്റ് റവ. ജോൺ റോഡ്രിഗസ് ഉൾപ്പടെ സീറോ മലബാർ ലത്തീൻ, സീറോ മലങ്കര റീത്തുകളിൽപ്പെട്ട 35 മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അൽമായർ, സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നിന്നും കാഞ്ഞിരപ്പള്ളി രൂപതയിൽ നിന്നും വാണിയപ്പുരയ്ക്കൽ കുടുംബത്തിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു.

കല്യാൺ അതിരൂപത വികാരി ജനറാൾ ഫാ. സിറിയക് കൂമ്പാട്ട്, കത്തീഡ്രൽ വികാരി ഫാ. ഡേവിസ് തരകൻ തുടങ്ങിയവർ ചടങ്ങുകൾക്കു നേതൃത്വം നൽകി.

# ജയിൻ അതിരൂപതകൾ;
# മ്പത്ത് അഭിഷിക്തനായി

## മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ ഷംഷാബാദ് അതിരൂപതാധ്യക്ഷൻ





ഹൈദ്രാബാദ്/ഷംഷാബാദ്: ഷംഷാബാദ് അതിരൂപതയുടെ പ്രഥമ അതിരൂപത അധ്യക്ഷനായി മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ 2025 ഒക്ടോബർ 26ന് സ്ഥാനാരോഹിതനായി. അതിരൂപത ആസ്ഥാനമായ ബാലാപൂരിലെ ബിഷപസ് ഹൗസിന്റെ അങ്കണത്തിൽ പ്രത്യേകം സജ്ജീകരിക്കപ്പെട്ടിരിക്കുന്ന വേദിയിലായിരുന്നു സ്ഥാനാരോഹണ ചടങ്ങുകൾ. മേജർ ആർക്കിഎപ്പിസ്കോപ്പൽ ചാൻസലർ റവ. ഡോ എബ്രാഹം കാവിൽപുരയിടത്തിൽ നിയമനപത്രിക വായിച്ചു. ഷംഷാബാദ് രൂപതയുടെ സഹായമെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ സ്വാഗതം നേർന്നു. സ്ഥാനാരോഹണ തിരുക്കർമ്മങ്ങൾക്ക് സീറോമലബാർസഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ മുഖ്യകാർമ്മികത്വം വഹിച്ചു. സ്ഥാനാരോഹിതനായ മാർ പ്രിൻസ് ആന്റണി പിതാവിന്റെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. മാർ ജോസഫ് പാംപ്ലാനിയും മാർ സെബാസ്റ്റ്യൻ വടക്കേലും മാർ ജോസഫ് തച്ചാപറമ്പിലും മാർ ജോസഫ് കൊല്ലംപറമ്പിലും മാർ തോമസ് പാടിയത്തും മാർ ടോണി നീലങ്കാവിലും സഹകാർമ്മികരായിരുന്നു. മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ വചനസന്ദേശം നല്കി. നൂൺഷ്യോയുടെ പ്രതിനിധിയായി മോൺ. ആൻഡ്രേ ഫ്രാൻചായും 30-ൽ പരം മെത്രാപ്പോലിത്തമാരും, മെത്രാന്മാരും, നൂറിൽപരം വൈദികരും സന്യാസിനി സന്യാസിമാരും അത്മായരും പങ്കുചേർന്നു.

അനുമോദനയോഗം മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. മാർ തോമസ് പാടിയത്ത് സ്വാഗതം നേർന്നു, തെലുങ്കാന ബിഷപ്പ് കോൺഫ്രൻസ് സെക്രട്ടറി മോൺ. റവ. ജോസഫ് രാജാറാവു തെലെങ്കാതോട്ടി അധ്യക്ഷത വഹിച്ചു. കേന്ദ്രമന്ത്രി ജോർജ് കുര്യൻ, മോൺ. ആൻഡ്രേ ഫ്രാൻച, സുരേഷ് ജോർജ് എന്നിവർ ആശംസകൾ അറിയിച്ചു. ആർച്ചുബിഷപ്പ് മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ നന്ദി അറിയിച്ചു. സീറോമലബാർ ആന്തത്തോടെ ചടങ്ങുകൾ സമാപിച്ചു.

## മാർ ജോസഫ് തച്ചാപറമ്പത്ത് അഭിഷിക്തനായി





അദിലാബാദ്: സീറോമലബാർസഭയുടെ അദിലാബാദ് രൂപത മെത്രാനായി മാർ ജോസഫ് തച്ചാപറമ്പത്ത് 2025 ഒക്ടോബർ 25ന് അഭിഷിക്തനായി. അദിലാബാദ് റബ്ബേനയിലെ എഫാത്ത ധ്യാനകേന്ദ്രത്തിൽ നടന്ന മെത്രാഭിഷേക ചടങ്ങുകളിൽ സഭയുടെ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ മുഖ്യകാർമികത്വം വഹിച്ചു. രൂപതയുടെ മുൻ മെത്രാന്മാരായ മാർ ജോസഫ് കുന്നത്ത്, മാർ പ്രിൻസ് പാണേങ്ങാടൻ എന്നിവർ സഹകാർമികരായി. സീറോ മലബാർ സഭ കൂരിയ ചാൻസലർ റവ. ഡോ. ഏബ്രഹാം കാവിൽപുരയിടത്തിൽ നിയമന ഉത്തരവ് വായിച്ചു.

വിജയവാഡ ബിഷപ് ഡോ. ജോസഫ് രാജാറാവു വചനസന്ദേശം നൽകി. സിഎംഐ പ്രിയോർ ജനറാൾ റവ. ഡോ. തോമസ് ചാത്തംപറമ്പിൽ ആർച്ച് ഡീക്കനായി. അദിലാബാദ് രൂപതയുടെ മൂന്നാമത്തെ മെത്രാനാണ് സിഎംഐ സഭാംഗമായ മാർ ജോസഫ് തച്ചാപറമ്പത്ത്.

## പ്രാർഥനാശംസകൾ



ബിഷപ്
ഡി സെൽവരാജൻ
ദാസൻ



റവ. ഡോ ആന്റണി
കാട്ടിപറമ്പിൽ

നെയ്യാറ്റിൻകര രൂപതാധ്യക്ഷനായി നിയമിതനായ ബിഷപ് ഡി സെൽവരാജൻ ദാസനും കൊച്ചി രൂപതാധ്യക്ഷനായി നിയമിതനായ റവ. ഡോ ആന്റണി കാട്ടിപറമ്പിലിനും സീറോമലബാർസഭയുടെ പ്രാർഥനാശംസകൾ. 1962 ജനുവരി 27-ന് വലിയവിളയിലാണ് ബിഷപ് സെൽവരാജൻ ജനിച്ചത്. 2025 ഫെബ്രുവരി എട്ടിന് നെയ്യാറ്റിൻകരരൂപതയുടെ പിന്തുടർച്ചാവകാശമുള്ള മെത്രാനായി നിയമിതനായ അദ്ദേഹത്തിന്റെ മെത്രാഭിഷേകം മാർച്ച് 25 നായിരുന്നു.


1970 ഒക്ടോബർ 14 ന് മുണ്ടംവേലിയിൽ ജേക്കബിന്റെയും പരേതയായ ട്രീസയുടെയും ഏഴ് മക്കളിൽ ഇളയവനായാണ് ഫാ. ആന്റണിയുടെ ജനനം. 1998 ഓഗസ്റ്റ് 15ന് ബിഷപ്പ് ജോസഫ് കുരീത്തറയിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. റോമിലെ പ്രസിദ്ധമായ പൊന്തിഫിക്കൽ അർബൻ യൂണിവേഴ്സിറ്റിയിൽനിന്നും ബൈബിൾ വിജ്ഞാനീയത്തിൽ ലൈസൻഷ്യേറ്റും (1996-1998) അതേ സർവകലാശാലയിൽ നിന്നു തന്നെ കാനൻ നിയമത്തിൽ ലൈസൻഷ്യേറ്റും (2013-2016) നേടിയിട്ടുണ്ട്. നിലവിൽ കൊച്ചി രൂപതയുടെ ജുഡീഷ്യൽ വികാരിയായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു

# വിശ്വാസത്തിൽ മായം കലർത്താതെ

**ദൈവത്തിന്റെ കണ്ണാടികൾ**



**St. Peter To Rot**




കാണും വരെ നാം ഒന്നും അറിയുന്നില്ല. അറിയുന്നതുവരെ നാം ഒന്നും മനസ്സിലാക്കുന്നുമില്ല. 2025 ഒക്ടോബർ 19 വരെ ലോകത്തിന് ആ പേര് അത്ര പരിചിതമായിരുന്നുവെന്ന് തോന്നുന്നില്ല. വിശുദ്ധ പീറ്റർ തോ റോട്ടിന്റെ കാര്യമാണ് പറയുന്നത്. പക്ഷേ അന്ന് ലെയോ പതിനാലാമൻ പാപ്പ മറ്റു ആറുപേർക്കൊപ്പം പീറ്റർ തോ യെ വിശുദ്ധനായി പ്രഖ്യാപിച്ചതോടെ ആ ജീവിതം പീഠത്തിൽ കൊളുത്തിവച്ച വിളക്കുപോലെയായി. അല്മായൻ, ഗോത്ര വിഭാഗക്കാരൻ, വിവാഹിതൻ, കാറ്റക്കിസ്റ്റ്, അതിനെല്ലാം ഉപരി പാപ്പുവാ ന്യൂഗിനിയായുടെ പ്രഥമ വിശുദ്ധൻ. വിശുദ്ധ പീറ്റർ ടോയുടെ ജീവിതത്തെക്കുറിച്ചുള്ള പൊതുവിശേഷണങ്ങൾ ഇവയെല്ലാമാണ്. എന്നാൽ ഈ വിശേഷണങ്ങൾക്കെല്ലാം അപ്പുറമായി അതിശയിപ്പിക്കുന്ന ഒരു ജീവിതത്തിന്റെ ഉടമയാണ് വിശുദ്ധ പീറ്റർ.

തദ്ദേശവാസിസമൂഹത്തിന്റെ നേതൃസ്ഥാനത്തുള്ളവരായിരുന്നു പീറ്ററിന്റെ മാതാപിതാക്കൾ. എന്നാൽ മിഷനറിസ് ഓഫ് ദ സേക്രട്ട് ഹാർട്ട് വൈദികരുടെ സുവിശേഷ പ്രഘോഷണങ്ങൾ അവരുടെ ജീവിതത്തിൽ പുതിയൊരു വെളിച്ചം കൊളുത്തി. ആ വെളിച്ചത്തിൽ അവരുടെ ജീവിതങ്ങൾ സ്നാനപ്പെട്ടു. സ്വാഭാവികമായും പീറ്ററും മാതാപിതാക്കളുടെ വഴിയെ സഞ്ചരിക്കാനാരംഭിച്ചു.. 1912 ലായിരുന്നു പീറ്ററിന്റെ ജനനം. 1930-ൽ മിഷനറീസ് ഓഫ് ദ സേക്രട്ട് ഹാർട്ട് വൈദികർ സ്ഥാപിച്ച സെന്റ് പോൾസ് കോളജിൽ ചേർന്ന് സുവിശേഷവല്ക്കരണപ്രവർത്തനങ്ങളിൽ അവൻ പരിശീലനം നേടി.

വൈദികരുടെ കുറവ് നന്നായി അനുഭവപ്പെട്ടിരുന്ന പാപ്പുവ ന്യൂഗിനിയായുടെ പ്രാന്തപ്രദേശങ്ങളിൽ ഇടവകഭരണത്തിലും സുവിശേഷവല്ക്കരണത്തിലും പ്രധാനപങ്കുവഹിച്ചിരുന്നത് കാറ്റക്കിസ്റ്റുകളായിരുന്നു. മൂന്നു വർഷത്തിനു ശേഷം റാക്കുവാനി ഇടവകയിലെ കാറ്റക്കിസ്റ്റായി പീറ്റർ നിയമിതനായി, 1936 നവംബർ 11 ന് പൗളയുമായുള്ള പീറ്ററിന്റെ വിവാഹംനടന്നു. ഒരുമിച്ചു പ്രാർത്ഥിക്കുന്ന മാതൃകാദമ്പതികളായിരുന്നു അവർ. സ്ഥിതിഗതികൾ അതുവരെ സാധാരണരീതിയിൽ കടന്നുപോവുകയായിരുന്നു എന്നാൽ 1943 ആയപ്പോഴേയ്ക്കും അന്തരീക്ഷം മാറി. ജപ്പാൻ അധിനിവേശം സംഭവിച്ചതായിരുന്നു പ്രധാന കാരണം.

അപ്പോഴേയ്ക്കും പീറ്റർ തന്റെ ശുശ്രൂഷയുമായി ബന്ധപ്പെട്ട് അതിദൂരെ എത്തിക്കഴിഞ്ഞിരുന്നു. രോഗീശുശ്രൂഷ, ഭവനസന്ദർശനം, മതബോധനം, ജ്ഞാനസ്നാനം നല്കൽ, ജയിലുകളിൽ കഴിയുന്ന സുവിശേഷ പ്രവർത്തകർക്ക് ഭക്ഷണമെത്തിക്കൽ, പുതിയ കാറ്റക്കിസ്റ്റുകൾക്കുള്ള പരിശീലനം എന്നിങ്ങനെ പോയി പീറ്ററിന്റെ ശുശ്രൂഷകൾ. ഇതിന് കാരണം ജാപ്പനീസ് സൈന്യം പാപ്പുവ ന്യൂഗിനിയ ആക്രമിക്കുകയും എല്ലാ വൈദികരെയും സന്യാസിമാരെയും ജയിലിൽ അടയ്ക്കുകയും ചെയ്തതായിരുന്നു. പീറ്ററിന്റെ ഈ പ്രവർത്തനങ്ങൾ ജപ്പാൻ സൈന്യത്തെ അസ്വസ്ഥപ്പെടുത്തിക്കൊണ്ടിരുന്നു. യുദ്ധസമയത്തെ സുരക്ഷ എന്ന കാരണം പറഞ്ഞ് അവർ പീറ്ററിന്റെ പ്രവർത്തനങ്ങൾക്ക് വിലക്കേർപ്പെടുത്തി.

1944 ആയപ്പോഴേയ്ക്കും ഒരുതരത്തിലുള്ള പ്രവർത്തനവും നടത്താതിരിക്കത്തക്കവിധത്തിൽ പട്ടാളം പീറ്ററിന്റെ പരസ്യശുശ്രൂഷകൾക്ക് താഴിട്ടു. എന്നാൽ ഇവിടെ വിവേകത്തോടെ പ്രവർത്തിക്കാനാണ് പീറ്റർ തയ്യാറായത്. അണ്ടർഗ്രൗണ്ട് ഷെൽട്ടറുകൾ പണിത് ആളുകളെ ഒരുമിച്ചുകൂട്ടുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരുന്നു. ജപ്പാൻകാരുടെ കണ്ണിൽപ്പെട്ടാൽ തന്റെ നില പരുങ്ങലിലാകും എന്ന് അറിഞ്ഞുകൊണ്ടായിരുന്നു പീറ്ററിന്റെ പ്രവർത്തനങ്ങളെല്ലാം. ഈ സന്ദർഭത്തിൽ ധാർമ്മികമായ മറ്റൊരു പ്രതിസന്ധികൂടി പീറ്ററിന്റെ മുമ്പിൽ ഉടലെടുത്തു. ജപ്പാൻകാർ ബഹുഭാര്യത്വം നടപ്പിലാക്കിയതായിരുന്നു അത്. ഗ്രാമത്തലവന്മാരുടെ പിന്തുണ നേടാൻ വേണ്ടിയായിരുന്നു ജപ്പാൻ ഈ തന്ത്രം പരീക്ഷിച്ചത്. ഇത് പീറ്ററിനെ അത്യധികം വേദനിപ്പിച്ചു. അദ്ദേഹം ഈ തിന്മയ്ക്കെതിരെ ശക്തമായി പ്രതികരിച്ചു.

1945 മെയ് മാസത്തിൽ പീറ്ററിനെ ജർമ്മൻ പട്ടാളം അറസ്റ്റ് ചെയ്ത് തടവിലാക്കി, ജയിൽ മോചനം അടുത്തുവന്നപ്പോൾ ജപ്പാൻ സൈന്യത്തിലെ രണ്ടു പട്ടാളക്കാർ ഒരു ആർമി ഡോക്ടറുടെ സഹായത്തോടെ പീറ്ററിനെ വിഷം കുത്തിവച്ച് കൊലപ്പെടുത്തി. രോഗബാധിതനായിട്ടാണ് പീറ്റർ മരിച്ചതെന്നാണ് ജപ്പാൻ പട്ടാളം അദ്ദേഹത്തിന്റെ ബന്ധുക്കളെ അറിയിച്ചത്. പക്ഷേ അമ്മാവൻ ചെന്നപ്പോൾ വലതുകൈയിൽ സൂചി അടയാളങ്ങളോടുകൂടിയതും ചെവിയിലും മൂക്കിലും പഞ്ഞിതിരുകി കഴുത്തിലെ സ്കാർഫ് രക്തത്തിൽ മുങ്ങിയതുമായ പീറ്ററിന്റെ മൃതദേഹമാണ് കണ്ടത്. ജീവനോടെയിരിക്കാനാണ് ആഗ്രഹമെങ്കിൽ മതബോധനപ്രവർത്തനങ്ങൾ അവസാനിപ്പിക്കണമെന്ന് ഭാര്യ ആവശ്യപ്പെട്ടപ്പോൾ പീറ്റർ പറഞ്ഞ മറുപടി തനിക്ക് അത് സാധ്യമല്ല എന്നായിരുന്നു. ജയിലിൽ തന്നെ കാണാനെത്തിയ അമ്മയോട് പീറ്റർ പറഞ്ഞത് ഇപ്രകാരമാണ്: ഇന്ന് വൈകുന്നേരം ഒരു ജപ്പാൻ ഡോക്ടർ എനിക്ക് മരുന്ന് തരാൻ വരുമെന്ന് പോലീസ് അറിയിച്ചിട്ടുണ്ട്. എനിക്ക് അസുഖമില്ലാത്തതിനാൽ ഇതിലെന്തോ ചതിയുണ്ടെന്ന് ഞാൻ കരുതുന്നു' അതുകൊണ്ട് ദൈവത്തെ അഭിമുഖീകരിക്കാൻ ഏറ്റവും നല്ല വസ്ത്രം ധരിച്ചും കുരിശു അണിഞ്ഞുമായിരുന്നു അദ്ദേഹം അന്ന് കാണപ്പെട്ടത്. ■

# നല്ലൊരു പേരന്റ് ആണോ നിങ്ങൾ?

**ഫാമിലി കോർണർ**

പെർഫോമൻസ് നോക്കി ഒരാൾ നല്ല പേരന്റ് ആണ് എന്ന് വിധിയെഴുതാനാവുമോ? മത്സരം നടത്തി ഒരു നല്ല പേരന്റിനെ കണ്ടെത്താൻ കഴിയുമോ? ഒരിക്കലുമില്ല. ചിലപ്പോൾ നല്ലൊരു പേരന്റ് ആണ് എന്ന് നമുക്ക് നമ്മെക്കുറിച്ചുതന്നെ വേണ്ടത്ര ബോധ്യമുണ്ടാവില്ല. കാരണം ഓരോ ദിവസവും ഏതെങ്കിലുമൊക്കെ ചില കാരണങ്ങളുടെ പേരിൽ പേരന്റിങിൽ പരാജയപ്പെട്ടുപോകുന്നവരാണ് ഭൂരിപക്ഷവും. വ്യക്തിപരമായ പ്രശ്നങ്ങൾക്കും മാനസിക സമ്മർദ്ദങ്ങൾക്കും അടിപ്പെട്ടും നാം പരാജയപ്പെട്ടുപോകുന്നുണ്ടാവാം. അതെന്തായാലും വിദഗ്ദർ പറയുന്ന ചില ലക്ഷണങ്ങൾ നിങ്ങൾക്ക് ബാധകമാകുന്നുണ്ടെങ്കിൽ തീർച്ചയായും നിങ്ങൾ ഒരു പേരന്റ് ആയിരിക്കും

**നിങ്ങളെ കാണുമ്പോൾ മക്കൾ അനുഭവിക്കുന്ന സുരക്ഷിതത്വം**

ഏതുപ്രായത്തിലും നിങ്ങളെ കാണുമ്പോൾ മക്കൾ സുരക്ഷിതത്വം അനുഭവിക്കുന്നുണ്ടെങ്കിൽ അവർക്ക് നിങ്ങളുടെ വാക്കുകളും സാമീപ്യവും ഉപദേശവും ആശ്വാസം നല്കുന്നുണ്ടെങ്കിൽ തീർച്ചയായും നിങ്ങൾ നല്ലൊരു പേരന്റ് ആണ്. ജേർണൽ ഓഫ് ഫാമിലി സൈക്കോളജി 2018-ൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ പറയുന്നത് മാതാപിതാക്കളുടെ സാന്നിധ്യത്തിൽ സുരക്ഷിതത്വം അനുഭവിക്കുന്ന മക്കൾക്ക് ടെൻഷൻ കുറവാണെന്നാണ്.

**തെറ്റുപറ്റുമ്പോൾ മാപ്പ് ചോദിക്കുന്ന ശീലം**

മക്കൾ മാതാപിതാക്കളോട് പറയേണ്ടതു മാത്രമാണ് മാപ്പ് എന്ന് കരുതരുത്. മാതാപിതാക്കൾക്ക് മക്കളോടും മാപ്പു പറയാം. കാരണം മനുഷ്യരെന്ന നിലയിൽ അവർക്കും തെറ്റുപറ്റാം. മക്കളോട് അനുചിതമായി സംസാരിക്കുകയോ പെരുമാറുകയോ ചെയ്തിട്ടുണ്ടാവാം. അതിന് അവരോട് സോറി പറയാൻ സാധിക്കുന്നുണ്ടെങ്കിൽ നിങ്ങൾ നല്ല പേരന്റ് ആണ്. മിസൗറിയൂണിവേഴ്സിറ്റിയിൽ 2019-ൽ നടന്ന ഒരു പഠനം പറയുന്നത് മാപ്പുപറയുന്ന മാതാപിതാക്കളെ പരിചയമുള്ള മക്കൾ അതുവഴിയായി ക്ഷമ പഠിക്കുകയും വൈകാരികസുരക്ഷിതത്വം അനുഭവിക്കുകയും ചെയ്യുന്നുവെന്നാണ്.

**മക്കളെ അവരുടെ വികാരം പ്രകടിപ്പിക്കാൻ അനുവദിക്കുക**

വികാരങ്ങൾ മറയില്ലാതെ പ്രകടിപ്പിക്കാൻ കുട്ടികൾക്ക് അവസരം കൊടുക്കാറുണ്ടോ അതോ ഭീഷണിപ്പെടുത്തിയും ശാസിച്ചും ശിക്ഷിച്ചും അവരുടെ വികാരങ്ങളെ അടിച്ചമർത്താൻ ശ്രമിക്കുകയാണോ ചെയ്യുന്നത്? വികാരങ്ങൾ അടക്കിവയ്ക്കാൻ പ്രേരിപ്പിക്കുന്നതിന് പകരം വികാരങ്ങൾ പ്രകടിപ്പിക്കാൻ അനുവദിക്കുന്ന മാതാപിതാക്കൾ നല്ല മാതാപിതാക്കളാണ്.



**ഞാൻ നല്ലൊരു അപ്പനാണോ, അമ്മയാണോ എന്ന് എപ്പോഴെങ്കിലുമൊക്കെ ഉള്ളിൽ ചോദ്യം ചോദിക്കുകയും മക്കളോട് ഇതേ ചോദ്യം ചോദിക്കുകയും ചെയ്യുന്നവരാണെങ്കിൽ മികച്ചൊരു പേരന്റ് ആണെന്നാണ് അതിന്റെ അർത്ഥം. സ്വന്തം നിലപാടുകളെ അവർ വിലയിരുത്താൻ തയ്യാറാകുന്നു.**

**സ്വയം വിലയിരുത്തുന്ന പ്രകൃതം**

ഞാൻ നല്ലൊരു അപ്പനാണോ, അമ്മയാണോ എന്ന് എപ്പോഴെങ്കിലുമൊക്കെ ഉള്ളിൽ ചോദ്യം ചോദിക്കുകയും മക്കളോട് ഇതേ ചോദ്യം ചോദിക്കുകയും ചെയ്യുന്നവരാണെങ്കിൽ മികച്ചൊരു പേരന്റ് ആണെന്നാണ് അതിന്റെ അർത്ഥം. സ്വന്തം നിലപാടുകളെ അവർ വിലയിരുത്താൻ തയ്യാറാകുന്നു. പേരന്റിംഗിന്റെ കാര്യത്തിൽ അമിതമായ ആത്മവിശ്വാസം ഉള്ളവരും തങ്ങൾ ചെയ്യുന്നത് ശരിയാണെന്ന് കരുതുന്നവരും മാത്രമേ ഇത്തരമൊരു ചോദ്യം സ്വയം ചോദിക്കാത്തതായുള്ളൂ. ■

# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

## സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 26 വരെ

**സെപ്റ്റംബർ**

- **26 വെള്ളി:** ക്ലർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ മൗണ്ടിൽ നടത്തിയ യുവവൈദികർക്കായിട്ടുള്ള തുടർ പരിശീലന പരിപാടിയിൽ പങ്കെടുത്തവരോടൊപ്പം വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി.
- **27 ശനി:** ചൊവ്വരയിലുള്ള സി. എസ്. എൻ ജനറലേറ്റിൽ വിവിധ പ്രോവിൻസുകളിൽനിന്നുള്ള ഏതാനും സന്യാസിനികളുടെ നിത്യവ്രത വാഗ്ദാനകർമത്തിൽ വി കുർബാനയർപ്പിച്ചു സന്ദേശം നൽകി.
- **29 തിങ്കൾ:** മുഖ്യദൂതന്മാരുടെ തിരുനാളിനോടനുബന്ധിച്ചു സഭാകേന്ദ്രത്തിൽ സമൂഹബലിയർപ്പിക്കുകയും വൈകുന്നേരം നടന്ന ആശംസാസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

**ഒക്ടോബർ**

- **1 ബുധൻ:** സാഗർ രൂപതയിലെ വിവിധ മിഷൻ സ്റ്റേഷനുകളിലും സ്ഥാപനങ്ങളിലും സന്ദർശനം നടത്തി.
- **2 വ്യാഴം:** സാഗർ രൂപതാദിനത്തോടനുബന്ധിച്ചു വി. കുർബാനയ്ക്കു കാർമികത്വം വഹിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.
- **3 വെള്ളി:** ഉജ്ജയിൻ രൂപതയെ അതിരൂപതയായും അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വടക്കേൽ പിതാവിനെ മെത്രാപ്പോലീത്തയായും ഉയർത്തിയ കർമങ്ങളിൽ കാർമികനായി. വി കുർബാനയിൽ വചനസന്ദേശം നൽകി.
- **5 ഞായർ:** തൃശൂർ അതിരൂപതയിലെ പുത്തൻപള്ളിയുടെ ശതാബ്ദിയോടനുബന്ധിച്ചു വി കുർബാനയ്ക്കു കാർമികത്വം വഹിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനംചെയ്യുകയും ചെയ്തു
- **7 ചൊവ്വ:** കല്യാൺ രൂപതാധ്യക്ഷനായി നിയമിതനായ കൂരിയ ബിഷപ് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ പിതാവിനു സഭാകേന്ദ്രത്തിൽ നല്കിയ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തു.
- **10 വെള്ളി:** ലിറ്റർജിക്കൽ റിസേർച്ചു സെന്ററിന്റെ 63-മത് സെമിനാർ സഭാകേന്ദ്രത്തിലെ റിസേർച് ആൻഡ് ഹെറിറ്റേജ് സെന്ററിൽ ഉദ്ഘാടനം ചെയ്തു.
- **11 ശനി:** ദീർഘകാലം വടവാതൂർ സെമിനാരിയിൽ സേവനംചെയ്ത ശ്രീ പി ഒ സെബാസ്റ്റ്യൻ വടക്കേപറശ്ശേരിലിന്റെ മൃതസംസ്കാരചടങ്ങുകളുടെ ആദ്യ ഭാഗത്തിനു എറണാകുളം-അങ്കമാലി അതിരൂപതയിലെ വടയാറ്റുള്ള അദ്ദേഹത്തിന്റെ ഭവനത്തിലെത്തി നേതൃത്വം നൽകി.

  എറണാകുളം-അങ്കമാലി അതിരൂപതയിലെ കാഞ്ഞൂർ, വല്ലം, മഞ്ഞപ്ര ഫൊറോനകൾ ഉൾപ്പെടുന്ന മേഖലയിലെ മതാധ്യാപകരുടെ ഏകദിന സെമിനാറിന്റെ സമാപനസമ്മേളനം ഉദ്ഘാടനംചെയ്തു.
- **12 ഞായർ:** സി എസ് എസ് ആർ സന്യാസസമൂഹത്തിന്റെ മറ്റൂരിലുള്ള പ്രൊവിൻഷ്യൽ ഭവനത്തിൽ രണ്ടു വൈദികവിദ്യാർത്ഥികൾക്കു ഡീക്കൻപട്ടം നല്കി.
- **14 ചൊവ്വ:** മലങ്കര കത്തോലിക്കാസഭയിൽനിന്നു മെത്രാൻസ്ഥാനത്തേക്കു നിയമിതനായ ഫാ. കുര്യാക്കോസ് തടത്തിൽ, ഫാ. ജോൺ കുറ്റിയിൽ എന്നിവരെ മൗണ്ടിൽ സ്വീകരിച്ചു.
- **15 ബുധൻ:** എറണാകുളം-അങ്കമാലി അതിരൂപതയിലെ തൃക്കാക്കരയിലുള്ള ഡോട്ടേഴ്സ് ഓഫ് സെന്റ് മേരി ഓഫ് ലെവുക്ക സന്യാസിനിസഭാംഗമായ സി. റെമിജിയയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു.

  ജപമാലമാസത്തിൽ സഭാ കേന്ദ്രത്തിൽ നടത്തിയ പത്തുദിവസത്തെ ആഘോഷമായ ജപമാലയർപ്പണത്തിന്റെ സമാപനത്തിൽ സന്ദേശം നൽകി.
- **17 വെള്ളി:** എറണാകുളം-അങ്കമാലി അതിരൂപതയുടെ ചിറ്റൂർ ധ്യാനകേന്ദ്രത്തിലെ നവീകരിച്ച ചാപ്പൽ കൂദാശചെയ്തു വി കുർബാനയർപ്പിച്ചു.
- **18 ശനി:** തൃശൂർ അതിരൂപതയിലെ ലൂർദ് കത്തീഡ്രൽ ദൈവാലയത്തിൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് അസീസി സന്യാസത്തിനി സമൂഹത്തിലെ ഏതാനും സന്യാസിനികളുടെ നിത്യവ്രതവാഗ്ദാനകർമ്മങ്ങളിൽ വി കുർബാനയർപ്പിച്ചു സന്ദേശം നല്കി.
- **19 ഞായർ:** കല്യാൺ രൂപതയെ അതിരൂപതയായും അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ പിതാവിനെ മെത്രാപ്പോലീത്തയായും ഉയർത്തുകയും ചെയ്ത കർമ്മങ്ങളിൽ കാർമികത്വം വഹിച്ചു. തുടർന്നു പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.
- **20 തിങ്കൾ:** എറണാകുളം-അങ്കമാലി അതിരൂപതയിലെ കിഴക്കമ്പലം, എറണാകുളം, ഇടപ്പള്ളി, പറവൂർ, തൃപ്പൂണിത്തുറ എന്നീ ഫൊറോനകളടങ്ങുന്ന മേഖലയിലെ മതാധ്യാപകരുടെ കൺവെൻഷന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു.
- **21 ചൊവ്വ:** കത്തോലിക്കാ കോൺഗ്രസ് കാസർഗോഡുനിന്നാരംഭിച്ച അവകാശസംരക്ഷണറാലിയെ പാലായിൽ അഭിസംബോധനചെയ്തു സംസാരിച്ചു.
- **23 വ്യാഴം:** തൃശൂർ അതിരൂപതയിലെ ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോനാപള്ളിയിലെ വി റപ്പായേൽ മാലാഖയുടെ തിരുനാളിനോടനുബന്ധിച്ചു വി കുർബാനയർപ്പിച്ചു.
- **25 ശനി:** അദിലാബാദ് രൂപതയുടെ മൂന്നാമത്തെ മെത്രാനായി ബഹു. ജോസഫ് തച്ചപ്പറമ്പത്തു സി എം ഐ അച്ചനെ അഭിഷേചിക്കുകയും വി. കുർബാനമധ്യേ വചനസന്ദേശം നല്കുകയും ചെയ്തു.
- **26 ഞായർ:** ഷംഷാബാദ് രൂപതയെ അതിരൂപതയായും അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവിനെ മെത്രാപ്പോലീത്തയായി ഉയർത്തുകയും ചെയ്ത കർമ്മങ്ങളിൽ കാർമികത്വംവഹിച്ചു. വി. കുർബാനമധ്യേ വചനസന്ദേശം നല്കി

# മാനസികമായി കരുത്തുനേടാൻ

YOUTH



ശാരീരികമായി കരുത്തുനേടാൻ താരതമ്യേന എളുപ്പമാണ്. പോഷകസമൃദ്ധമായ ഭക്ഷണവും വ്യായാമവും പോലെയുള്ള ചില എളുപ്പവഴികളിലൂടെ അത് സാധിച്ചെടുക്കാം. എന്നാൽ മാനസികമായി കരുത്തുള്ളവരാകുക അത്ര എളുപ്പമല്ല. ഓരോ ദിവസവും ബോധപൂർവ്വമായ ശ്രമം കൊണ്ടുമാത്രമേ മാനസികമായി കരുത്തുനേടാൻ സാധിക്കുകയുള്ളൂ. അതിനായി മനശ്ശാസ്ത്രവിദഗ്ദർ പറയുന്ന ചില മാർഗങ്ങൾ ഇവയാണ്.

### കംഫർട്ട് സോൺ ഉപേക്ഷിക്കുക

എല്ലാവർക്കും അവരുടേതായ കംഫർട്ട് സോണുകളുണ്ട്. അവനവരെ സുരക്ഷിതരാക്കുന്ന, സന്തോഷിപ്പിക്കുന്ന ഇടം. പക്ഷേ അവിടെതന്നെ നിലയുറപ്പിച്ചാൽ നമുക്ക് വളർച്ചയുണ്ടാവില്ല. ജീവിതത്തിൽ വിജയം വരിച്ചിട്ടുള്ളവരും നേട്ടങ്ങൾ കൊയ്തെടുത്തവരുമായ വ്യക്തികളെല്ലാം കംഫർട്ട് സോണുകളെ വിട്ടുപേക്ഷിച്ചവരായിരുന്നു. അതുകൊണ്ട് മാനസികമായി കരുത്തരാകാൻ കംഫർട്ട് സോണുകൾ ഉപേക്ഷിക്കുക. അപ്പോൾ സ്വാഭാവികമായി നമുക്ക് വെല്ലുവിളികൾ നേരിടേണ്ടിവരാം. ആ വെല്ലുവിളികളെ നേരിടുമ്പോൾ നമ്മുക്ക് മാനസികമായ വളർച്ചയും കരുത്തും ഉണ്ടാകും

### ദുശ്ശീലം വിട്ടുപേക്ഷിക്കുക

വ്യക്തികളെന്ന നിലയിൽ എല്ലാവർക്കും അവനവരുടേതായ ബലഹീനതകളുണ്ട്. അതിനെ മറ്റൊരാൾ കാണുന്നത് ദുശ്ശീലമായിട്ടായിരിക്കും. മദ്യപാനമോ വ്യഭിചാരമോ മാത്രമല്ല ദുശ്ശീലം. അലസതയും പരിശ്രമമില്ലായ്മയും മുൻവിധികളും മുൻകോപവും എല്ലാം ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ദുശ്ശീലങ്ങളാണ്. ആ ദുശ്ശീലങ്ങളെ വിട്ടുപേക്ഷിക്കാൻ ധൈര്യം കാണിക്കുമ്പോൾ നാം കരുത്തുള്ളവരാകും.

### അവനവനെ ആദരിക്കാൻ പഠിക്കുക

മറ്റുള്ളവരെ ആദരിക്കാനും ബഹുമാനിക്കാനും അസൂയയോടെ വീക്ഷിക്കാനും പലർക്കും കഴിയും. എന്നാൽ അവനവരെക്കുറിച്ചുതന്നെ ആദരവും ബഹുമാനവും മതിപ്പും തോന്നാൻ എത്രപേർക്കു സാധിക്കും? സ്വന്തം കഴിവിൽ അഭിമാനിക്കുക. മറ്റുള്ളവർ നിസ്സാരമായി നമ്മെ അവഗണിച്ചേക്കാം. പക്ഷേ നമുക്കറിയാമല്ലോ അവർക്കില്ലാത്തതും നമുക്കുള്ളതുമായ നിരവധി കഴിവുകളെക്കുറിച്ച്. അതിൽ അഭിമാനിക്കുക. സെൽഫ് റെസ്പെക്ട് ഒരു അപരാധമൊന്നുമല്ല.

### ജീവിക്കുന്ന ഇടം പോസിറ്റീവാക്കുക

പലപല കാരണങ്ങൾകൊണ്ട് നെഗറ്റിവിറ്റിനിറഞ്ഞിരിക്കുന്ന അന്തരീക്ഷമാണ് ചുറ്റും. ഓഫീസു മുതൽ വീടുവരെ. കാരണം പലതരം വ്യക്തികളുമായിട്ടാണ് ഓരോ ദിവസവും നാം ഇടപെടുന്നത്. അവരുടെ മാനസികനിലയനുസരിച്ചുള്ള പെരുമാറ്റമായിരിക്കും അവർ പ്രദർശിപ്പിക്കുന്നത്. അവരുടെ നെഗറ്റിവിറ്റി നമ്മുടെ പോസിറ്റിവിറ്റി നഷ്ടപ്പെടുത്താൻ അനുവദിക്കരുത്. മേലധികാരി കുറ്റപ്പെടുത്തിയേക്കാം. അവഗണിച്ചേക്കാം. തെറ്റിദ്ധരിച്ചേക്കാം. പക്ഷേ അതിന്റെ അനുരണനം നമ്മൾ ഇടപെടുന്ന മേഖലകളിൽ ഉണ്ടാവാതെ സൂക്ഷിക്കുക

### മെച്ചപ്പെടുത്താനുള്ളവ കണ്ടെത്തുക

ഓരോ ദിവസവും നമുക്ക് മെച്ചപ്പെടാനുള്ള അവസരമാണ്. അവനവരിലെ നല്ലത് കണ്ടെത്തിയാൽ മാത്രം പോരാ കൂടുതൽ മെച്ചപ്പെടാനുള്ളത് എവിടെയാണെന്ന് കണ്ടെത്തി അത് തിരുത്തി മുന്നോട്ടുപോവുകയും വേണം. വെല്ലുവിളികളെ മുമ്പിൽ കാണുക. പക്ഷേ തളരാനല്ല അവയെ മറികടന്നു മുന്നോട്ടുപോകാനുള്ള മാർഗം കൂടി കണ്ടെത്തണം.

### ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധ കൊടുക്കുക

ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുള്ളൂ എന്നാണ് പ്രമാണം. ശാരീരികാരോഗ്യത്തിലും ശുചിത്വകാര്യങ്ങളിലും ശ്രദ്ധ കൊടുക്കുക. ■

# പാലാ സെന്റ് തോമസ് കോളജ് പ്ലാറ്റിനം ജൂബിലി സമാപിച്ചു; രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമു മുഖ്യാതിഥി




പാലാ സെന്റ് തോമസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ സമാപിച്ചു. സമ്മേളനത്തിൽ രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമു മുഖ്യാതിഥിയായിരുന്നു. വ്യക്തികളുടെ ഭാവിയെ രൂപപ്പെടുത്തുന്ന പണിപ്പുരയാണ് കലാലയമെന്നും ബൗദ്ധികനിലവാരത്തിനൊപ്പം മൂല്യബോധവും മുറുകെപ്പിടിച്ച് പ്രതിഭകളെ വാർത്തെടുക്കുന്നതിൽ സെന്റ് തോമസ് കോളേജ് എക്കാലവും വിജയിച്ചിട്ടുണ്ടെന്നും രാഷ്ട്രപതി പ്രസ്താവിച്ചു. വിദ്യാഭ്യാസം തൊഴിൽദാതാക്കളെ സൃഷ്ടിക്കാനുതകുന്നതാകണമെന്നും പ്രധാനമന്ത്രിയുടെ വികസിത് ഭാരത് പദ്ധതിയുടെ ഭാഗമാകാൻ വിദ്യാർഥികൾക്ക് സാധിക്കണമെന്നും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പ്രസംഗിച്ചു. താൻ പാലാ സെന്റ് തോമസ് കോളേജിന്റെ ഉത്പന്നമാണെന്നും തന്റെ വ്യക്തിത്വവികാസത്തിനും വളർച്ചയ്ക്കും ഈ കലാലയം ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നും കേന്ദ്രമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. ഈട്ടിത്തടിയിലും പിത്തളയിലും കൊത്തുപണികൾ ചെയ്തെടുത്ത പീഠത്തിൽ സ്ഥാപിച്ച ആറൻമുള കണ്ണാടിയും പരമ്പരാഗത കൈത്തറിയിൽ തയ്യാറാക്കിയ കേരള കസവ് സാരിയും പാലാ രൂപതാധ്യക്ഷനും കോളേജിന്റെ രക്ഷാധികാരിയുമായ മാർ ജോസഫ് കല്ലറങ്ങാട്ട് രാഷ്ട്രപതിക്ക് സമ്മാനിച്ചു. സഹകരണ വകുപ്പ് മന്ത്രി വി.എൻ. വാസവൻ, ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ, ജോസ് കെ. മാണി, ഫ്രാൻസീസ് ജോർജ്, മാണി സി.കാപ്പൻ, പ്രിൻസിപ്പൽ ഡോ. സിബി ജയിംസ്, രൂപത മുഖ്യവികാരി ജനറാളും കോളേജ് മാനേജരുമായ മോൺ. ഡോ. ജോസഫ് തടത്തിൽ, ജില്ലാ കളക്ടർ ചേതൻ കുമാർ മീണ, കോട്ടയം എസ്. പി. ഷാഹുൽ ഹമീദ്, വൈസ് പ്രിൻസിപ്പൽ റവ. ഡോ. സാൽവിൻ തോമസ് കാപ്പിലിപ്പറമ്പിൽ, ബർസാർ ഫാ. മാത്യു ആലപ്പാട്ട്മേടയിൽ, ആശിഷ് ജോസഫ് എന്നിവരും പങ്കെടുത്തു.

# എപ്പിസ്കോപ്പൽ സഭകളുടെ പ്രതിനിധി സമ്മേളനം പാലാ ബിഷപ്സ് ഹൗസിൽ



പാലാ : ക്രൈസ്തവസഭകളെ ബാധിക്കുന്ന വിഷയങ്ങളെക്കുറിച്ച് പ്രധാനമായും എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധികളും മറ്റ് ആനുകാലിക വിഷയങ്ങളും ചർച്ച ചെയ്യുന്നതിനായി കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുടെ പ്രതിനിധി സമ്മേളനം പാലാ ബിഷപ്സ് ഹൗസിൽ നടന്നു. കേരളത്തിലെ വിവിധസഭകളുടെ വിദ്യാഭ്യാസത്തിനും സഭൈക്യത്തിനുമായുള്ള ചുമതലകൾ വഹിക്കുന്ന മെത്രാന്മാരും വൈദികരും അൽമായ പ്രതിനിധികളുമാണ് സീറോമലബാർ എക്യുമെനിക്കൽ, വിദ്യാഭ്യാസ കമ്മീഷനുകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച യോഗത്തിൽ പങ്കുചേർന്നത്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യസ്ഥാനീയനായി നടത്തപ്പെട്ട യോഗത്തിൽ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസ, സാമൂഹിക രംഗങ്ങളിൽ ക്രൈസ്തവർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്തു.

**യോഗ തീരുമാനങ്ങൾ :**

1. ഭിന്നശേഷി പ്രശ്നത്തിൽ സർക്കാർ അടിയന്തരമായി ഉത്തരവ് ഇറക്കണം. ഇനിയും കോടതിയിലേക്കു വലിച്ചിഴക്കാതെ പ്രശ്നം പരിഹരിക്കണം.

2. ഭിന്നശേഷി നിയമനത്തിലൂടെ ന്യൂനപക്ഷ സ്ഥാപനങ്ങളിലെ മാനേജർമാർക്കു ഭരണഘടന നൽകിയിരിക്കുന്ന, അധ്യാപകരെ തിരഞ്ഞെടുക്കാനും നിയമിക്കാനും ഉള്ള അധികാരം കവർന്നെടുക്കാനുള്ള ശ്രമത്തെ യോഗം അപലപിച്ചു. ഗവൺമെന്റ് തരുന്ന ലിസ്റ്റിൽ നിന്ന് ഇന്റർവ്യൂ നടത്തി യോഗ്യരായവരെ തിരഞ്ഞെടുക്കാനുള്ള അവകാശം ന്യൂനപക്ഷ മാനേജ്മെന്റുകൾക്കു പുനഃസ്ഥാപിച്ചു തരണം.

3. കഴിഞ്ഞ രണ്ടു വർഷമായി ഒരു നടപടിയും സ്വീകരിക്കാതെ പൂഴ്ത്തി വച്ചിരിക്കുന്ന ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ റിപ്പോർട്ട് പുറത്തു വിടുകയും കമ്മീഷൻ ക്രൈസ്തവ സമുദായങ്ങളുടെ ഉന്നമനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ നടപ്പാക്കുകയും ചെയ്യണം.

വിവിധ സഭകളിൽ നിന്നുള്ള മെത്രാന്മാരെ കൂടാതെ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസികളുടെ സെക്രട്ടറിമാരും വിവിധ സഭകളുടെ വൈദിക, അൽമായ പ്രതിനിധികളും യോഗത്തിൽ സംബന്ധിച്ചു. സീറോമലബാർസഭ പി ആർ ഒ ഫാ. ടോം ഓലിക്കരോട്ട്, സീറോമലബാർ എഡ്യുക്കേഷൻ കമ്മീഷൻ സെക്രട്ടറി ഫാ. ഡൊമിനിക് അയലൂപറമ്പിൽ, എക്യുമെനിക്കൽ കമ്മീഷൻ സെക്രട്ടറി ഫാ. സിറിൽ തോമസ് തയ്യിൽ എന്നിവർ പ്രസംഗിച്ചു.

# മാർ വാണിയപ്പുരക്കലിന് യാത്രയയപ്പ്



2014 മുതൽ സീറോമലബാർ സഭയുടെ വൈസ് ചാൻസലർ ആയും 2017 മുതൽ കൂരിയബിഷപ്പായും സേവനം ചെയ്തശേഷം കല്യാൺ അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി ചുമതലയേറ്റ മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കലിന് സീറോമലബാർ സഭയുടെ കേന്ദ്ര കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ യാത്ര അയപ്പു നല്കി. മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ, സീറോമലബാർ സഭയുടെ പെർമനന്റ് സിനഡ് അംഗങ്ങളായ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി, ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, മാർ പോളി കണ്ണൂക്കാടൻ, സീറോമലബാർ സഭയുടെ വിവിധ കമ്മീഷൻ സെക്രട്ടറിമാർ എന്നിവരും മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കലിന്റെ കുടുംബാംഗങ്ങളും പങ്കെടുത്തു.

കഴിഞ്ഞ പതിനൊന്നു വർഷങ്ങളായി സഭയുടെ കേന്ദ്ര കാര്യാലയത്തിൽ മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ സ്തുത്യർഹമായ സേവനമാണ് നിർവഹിച്ചതെന്നും വ്യക്തിബന്ധത്തിലും ആത്മീയതയിലും അധിഷ്ഠിതമായ അദ്ദേഹത്തിന്റെ പ്രവർത്തനശൈലി കല്യാൺ അതിരൂപതയ്ക്കു വലിയ അനുഗ്രഹമാകുമെന്നും സമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തിയ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് പറഞ്ഞു. 2025 ഒക്ടോബർ 19 നാണ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കലിന്റെ സ്ഥാനാരോഹണ ചടങ്ങ് നടന്നത്.

# 63-ാമത് LRC സെമിനാർ സമാപിച്ചു



കാക്കനാട്: സീറോമലബാർ ലിറ്റർജിക്കൽ റിസേർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള 63-ാമത് സെമിനാർ മൗണ്ട് സെന്റ് തോമസിലെ റിസേർച്ച് ആന്റ് ഹെറിറ്റേജ് സെന്ററിൽ നടന്നു. "Christinas and the Antecedents of the Kerala Model of Development" എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച രണ്ടു ദിവസത്തെ സെമിനാർ കേരളത്തിലെ സാമൂഹ്യ ആത്മീയ വിദ്യാഭ്യാസ മേഖലകളിൽ ക്രിസ്ത്യൻ സമൂഹത്തിന്റെ ചരിത്രപരമായ പങ്കിനെയും സംഭാവനകളെയും ആഴത്തിൽ അവലോകനം ചെയ്തു. എൽ. ആർ. സി. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ഡോ. ജോബിൻ കാഞ്ഞിരത്തിങ്കൽ സ്വാഗതം ആശംസിച്ചു. സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ സാമൂഹ്യവികസന മാതൃക ക്രിസ്ത്യൻ പാരമ്പര്യത്തിന്റെ ആത്മീയ മൂല്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും, ക്രൈസ്തവ സമൂഹത്തിന്റെ ആത്മസമർപ്പണവും സേവനമനോഭാവവുമാണ് സമൂഹപരിവർത്തനത്തിന്റെ അടിത്തറയായി നിലകൊണ്ടത് എന്നും മേജർആർച്ചുബിഷപ് പറഞ്ഞു. വിദ്യാഭ്യാസ സാമൂഹ്യ സേവനരംഗങ്ങളിലുള്ള കത്തോലിക്കരുടെ ഇടപെടലുകളെ പ്രശംസിച്ച അദ്ദേഹം സഭ അതിന്റെ സാമൂഹിക സേവനപ്രവർത്തങ്ങൾ തുടർന്നുകൊണ്ടുപോകാൻ കൂട്ടായ സഹകരണം ഉണ്ടാവണമെന്നും ഈ സെമിനാറിലൂടെ ലഭിക്കുന്ന ചരിത്രാവബോധം അതിനു സഹായകമാകട്ടെ എന്നും ആശംസിച്ചു. എൽ.ആർ.സി ചെയർമാൻ മാർ ടോണി നീലങ്കാവിൽ മുഖ്യപ്രഭാഷണം നടത്തി. സീറോമലബാർസഭാ ചാൻസിലർ റവ. ഡോ. എബ്രഹാം കാവിൽപുരയിടത്തിൽ പ്രസംഗിച്ചു. സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയ 12 വ്യക്തികൾ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഗവേഷകർ, പുരോഹിതർ, സന്യാസിനികൾ, വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു. എൽ.ആർസി ബോർഡ് മെമ്പർ റവ. ഡോ. ജെയിംസ് പുലിയുറുമ്പിൽ നന്ദി പറഞ്ഞു.

# എല്ലാവരെയും സ്വാഗതം ചെയ്യുന്ന ഒരു സഭയെ കെട്ടിപ്പടുക്കാം: ലെയോ മാർപാപ്പ



വത്തിക്കാൻ സിറ്റി: ഒക്ടോബർ 26 ഞായറാഴ്ച തന്റെ സന്ദേശത്തിൽ ലിയോ പതിനാലാമൻ മാർപാപ്പ സഭയുടെ ആഴമേറിയ 'രഹസ്യം' ധ്യാനിക്കാൻ വിശ്വാസികളെ ക്ഷണിച്ചു. സഭ നിശ്ചിത ശ്രേണികളും ഘടനകളുമുള്ള ഒരു മതസ്ഥാപനം മാത്രമല്ലെന്ന് ഓർമ്മിപ്പിച്ച പരിശുദ്ധ പിതാവ്, സഭ 'ദൈവത്തിനും മനുഷ്യത്വത്തിനും ഇടയിലുള്ള ഐക്യത്തിന്റെ ദൃശ്യമായ അടയാളമാണ്', സ്നേഹത്താൽ ബന്ധിക്കപ്പെട്ട ഒരു കുടുംബത്തിലേക്ക് ദൈവം എല്ലാവരെയും ഒരുമിച്ച് ചേർക്കുന്ന ഒരു സ്ഥലമാണിത്.

പരിശുദ്ധാത്മാവിനാൽ സൃഷ്ടിക്കപ്പെട്ടതും നിലനിർത്തപ്പെടുന്നതുമായ ഒരു യാഥാർത്ഥ്യമായ സഭാ കൂട്ടായ്മയുടെ അർത്ഥത്തെക്കുറിച്ച് ചിന്തിക്കുന്നതിലൂടെ, സഭയുടെ സ്വഭാവം നമുക്ക് നന്നായി മനസ്സിലാക്കാൻ കഴിയും എന്ന് മാർപാപ്പ വിശദീകരിച്ചു. ബന്ധങ്ങൾ അധികാരത്തിന്റെ യുക്തിയോടല്ല, മറിച്ച് സ്നേഹത്തിന്റെ യുക്തിയോടാണ് പ്രതികരിക്കുന്നത് എന്നും സഭയ്ക്കുള്ളിൽ എന്താണ് സംഭവിക്കുന്നതെന്ന് ഈ ഘടനകൾ പ്രകടിപ്പിക്കുന്നുവെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. ക്രിസ്ത്യൻ സമൂഹത്തിൽ ആത്മീയ ജീവിതം പരമപ്രധാനമാണെന്ന് പാപ്പ ഊന്നിപ്പറഞ്ഞു. എല്ലാറ്റിനുമുപരി, സ്നേഹമാണ് സഭയുടെ പരമോന്നത നിയമം എന്ന് ഓർമ്മിക്കാൻ ലെയോ മാർപ്പാപ്പ അഭ്യർത്ഥിച്ചു. 'ആരും ആധിപത്യം സ്ഥാപിക്കാൻ വിളിക്കപ്പെട്ടിട്ടില്ല; എല്ലാവരും സേവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു,' അദ്ദേഹം വിശദീകരിച്ചു. 'ആരും ഒഴിവാക്കപ്പെട്ടിട്ടില്ല; നാമെല്ലാവരും പങ്കാളികളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു.'

ക്രിസ്ത്യൻ സമൂഹത്തിൽ, സമൂഹത്തിന്റെ നന്മയെക്കാൾ അഹങ്കാരം പ്രബലമാകുമ്പോൾ, അത് വ്യക്തിത്വത്തിലേക്ക് നയിക്കുകയും യഥാർത്ഥ സഹോദര ബന്ധങ്ങളെ തകർക്കുകയും ചെയ്യുമ്പോൾ ഈ ഐക്യത്തിന് തടസ്സങ്ങൾ ഉണ്ടാകാമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരാണെന്ന് ആരെങ്കിലും വിശ്വസിക്കുമ്പോഴും ഇത് സംഭവിക്കുന്നു. 'മനുഷ്യരാശിയുടെ പാദങ്ങൾ കഴുകാൻ കുനിഞ്ഞിറങ്ങുന്ന; ഫരീസേയൻ ചുങ്കക്കാരനെ വിധിക്കുന്നതുപോലെ വിധിക്കാതെ, എല്ലാവർക്കും സ്വാഗതാർഹമായ ഒരു സ്ഥലമായി മാറുന്ന ഒരു സഭ' – കൂടുതൽ എളിമയുള്ള ഒരു സഭയെ – സ്വപ്നം കാണാനും കെട്ടിപ്പടുക്കാൻ ധൈര്യപ്പെടാനും ലെയോ മാർപാപ്പ എല്ലാവരോടും ആഹ്വാനം ചെയ്തു.

# കത്തോലിക്ക സഭയ്ക്ക് ഏഴ് പുതിയ വിശുദ്ധർ



വത്തിക്കാൻ സിറ്റി: ജീവിതത്തിൽ പരീക്ഷണങ്ങളും പ്രതിസന്ധികളും നേരിടേണ്ടി വരുന്ന കാലങ്ങളിലും തീക്ഷ്ണതയോടും വിശ്വാസത്തോടും കൂടെ പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത വിശ്വാസികളെ ഓർമ്മപ്പെടുത്തി ലിയോ പതിനാലാമൻ മാർപാപ്പ. കത്തോലിക്കാ സഭ ആഗോള മിഷൻ ഞായറാഴ്ചയിൽ, വിവിധ രാജ്യക്കാരായ ഏഴ് നവ വിശുദ്ധരുടെ നാമകരണ ചടങ്ങിനോട് അനുബന്ധിച്ച് നൽകിയ സന്ദേശത്തിലാണ് പാപ്പാ ഇക്കാര്യം വ്യക്തമാക്കിയത്, വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരിൽ തന്റെ മുഖ്യ കാർമികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലി മധ്യേയാണ് വാഴ്ത്തപ്പെട്ടവരായ ഏഴ് പേരെയും മാർപാപ്പ വിശുദ്ധരായി പ്രഖ്യാപിക്കുകയും അൾത്താരയിലെ വണക്കത്തിനായി ഉയർത്തുകയും ചെയ്തത്.

ആർച്ചുബിഷപ് ഇഗ്നേഷ്യസ് ചക്രള്ളാ പീറ്റർ തോ റോത്ത്, വിൻചേൻത്സ മരിയ പൊള്ളോണിസ, കാർമെൻ എലേന, മരിയ ത്രൊങ്കാത്തി, ഹൊസേ സിസ്നോരോസ്, ബെർത്തലോ ലോംഗോ എന്നിവരാണ് പുതിയ വിശുദ്ധർ.

# സി.ബി.സി.ഐ അധ്യക്ഷൻ മാർപാപ്പയെ ഇന്ത്യയിലേക്കു ക്ഷണിച്ചു



ലെയോ പതിനാലാമൻ മാർപാപ്പയെ ഇന്ത്യ സന്ദർശിക്കാൻ സിബിസിഐ അധ്യക്ഷൻ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ക്ഷണിച്ചു. 2025 ഒക്ടോബർ 22 നു വത്തിക്കാനിൽ നടന്ന കൂടിക്കാഴ്ചയിൽ ഇന്ത്യയിലെ കത്തോലിക്കാസഭയെ പ്രതിനിധീകരിച്ചുകൊണ്ടുള്ള ഔദ്യോഗിക ക്ഷണക്കത്ത് മാർപാപ്പയ്ക്ക് സി.ബി.സി.ഐ അധ്യക്ഷൻ കൈമാറി. സന്ദർശനവുമായി ബന്ധപ്പെട്ട വിഷയം കേന്ദ്രസർക്കാരുമായി ചർച്ച ചെയ്യുമെന്നും അദ്ദേഹം മാർപാപ്പയെ അറിയിച്ചു. ഇന്ത്യയിലേക്കുള്ള ക്ഷണം മാർപാപ്പ സ്വാഗതം ചെയ്തിട്ടുണ്ടെന്നും വൈകാതെ അദ്ദേഹം ഇന്ത്യ സന്ദർശിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയത്രോ പരോളിനുമായി നടക്കുന്ന കൂടിക്കാഴ്ചയിൽ സന്ദർശനവുമായി ബന്ധപ്പെട്ട ചർച്ചകൾ തുടരുമെന്നും ആർച്ചുബിഷപ്പ് താഴത്ത് വ്യക്തമാക്കി. 2026 ഫെബ്രുവരിയിൽ നടക്കുന്ന സി.ബി.സി.ഐ. ജനറൽബോഡി യോഗത്തെക്കുറിച്ച് മാർപാപ്പയെ അറിയിച്ചതായും യോഗത്തിനായുള്ള പ്രത്യേക സന്ദേശവും അനുഗ്രഹവും ലഭിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു. ഭാരത കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങൾ, സംഭാവനകൾ, സഭ നേരിടുന്ന വെല്ലുവിളികൾ തുടങ്ങി സഭയുടെ നിലവിലെ സാഹചര്യങ്ങൾ വിശദീകരിക്കുന്ന റിപ്പോർട്ട് മാർപാപ്പയ്ക്ക് മാർ താഴത്ത് കൈമാറി.



**സീറോ മലബാർ ഗ്ലോബൽ മാതൃവേദി ജനറൽ ബോഡി മീറ്റിങ്ങ് മോൺ. ജോളി വടക്കൻ ഉദ്ഘാടനം ചെയ്യുന്നു.**

# മദ്യോത്പാദനം കൂട്ടുമെന്ന മന്ത്രിയുടെ പ്രസ്താവന അപക്വം, അപകടകരം!

കേരളത്തിൽ തദ്ദേശീയമായി മദ്യോത്പാദനം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും മദ്യത്തിന്റെ ഉൽപാദനം വർദ്ധിപ്പിച്ച് വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യാൻ സംസ്ഥാനത്തിന് സാധിക്കണമെന്നുമുള്ള എക്സൈസ് മന്ത്രി എം. പി. രാജേഷിന്റെ പ്രസ്താവന അപക്വവും അപകടകരവും ആണെന്ന് സീറോമലബാർ സഭാ മീഡിയ കമ്മീഷൻ. വരുമാനമുണ്ടാക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാമ്പത്തിക വളർച്ച ഉറപ്പാക്കാനുമുള്ള നയരൂപീകരണമാണ് മന്ത്രി ലക്ഷ്യമിടുന്നതെങ്കിൽ സമൂഹത്തെ നശിപ്പിക്കുന്ന മദ്യത്തിൽ നിന്നുള്ള വരുമാനത്തെ അല്ല അതിന് ആശ്രയിക്കേണ്ടത്. കേരള സർക്കാർ അതിന്റെ പ്രധാന വരുമാനസ്രോതസ്സായി കാണുന്നത് മദ്യവും ലോട്ടറിയുമാണെന്നത് നിർഭാഗ്യകരമാണ്. തിരഞ്ഞെടുപ്പിനു മുൻപ് മദ്യനിരോധനം പറയുകയും തിരഞ്ഞെടുപ്പ് കഴിയുമ്പോൾ ഘടകവിരുദ്ധമായ സമീപനം സ്വീകരിക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. മദ്യത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ടു മുൻ തിരഞ്ഞെടുപ്പുകളിൽ നൽകിയിരുന്ന വാഗ്ദാനങ്ങൾ ഒക്കെയും വ്യാജമായിരുന്നു എന്ന് തെളിയിക്കുന്നതാണ് മന്ത്രി എം. പി. രാജേഷ് അവതരിപ്പിച്ച പുതിയ മദ്യനയം. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇത്രയധികം മദ്യശാലകളും മാരകലഹരി വസ്തുക്കളും വ്യാപകമായ മറ്റൊരു കാലമില്ല. ആശങ്കപ്പെടുത്തുന്ന രീതിയിൽ വർധിക്കുന്ന വിവാഹമോചന കേസുകളും, പൊതുനിരത്തിലെ വാഹനാപകടങ്ങളും, മാനസികവിഭ്രാന്തിയിൽ ചെയ്യുന്ന അക്രമസംഭവങ്ങളും ലഹരി ഉപയോഗത്തിന്റെ ഉപോൽപ്പന്നങ്ങളാണ്. ഗാർഹിക പീഡനങ്ങൾ പെരുകുന്നത് മുഖ്യമായും ലഹരിവസ്തുക്കളുടെ പ്രേരണയിൽ ആണെന്നുള്ള മാധ്യമ റിപ്പോർട്ടുകൾ ഭീതിപ്പെടുത്തുന്നതാണ്. ഇങ്ങനെ ഒരു കാലഘട്ടത്തിലാണ് വീണ്ടും മദ്യോത്പാദനം കൂട്ടാനും എന്തിനു, മദ്യം വീട്ടിലെത്തിക്കാൻവരെയുള്ള സർക്കാരിന്റെ പരിശ്രമങ്ങൾ എന്നത് അത്ഭുതമുളവാക്കുന്നു. മാനസികവും ശാരീരികവുമായ ആരോഗ്യമുള്ള ഒരു സമൂഹമാണ് ജനാധിപത്യ സർക്കാരിന്റെ ഏറ്റവും വലിയ സമ്പത്തെന്നതു മനസിലാക്കാതെ പോകുന്നത് ആശ്ചര്യകരമാണ്. മാത്രമല്ല അധ്വാനിക്കുന്ന ജനവിഭാഗത്തെ പ്രതിനിധീകരിക്കുന്ന ഒരു മുന്നണി, ലോട്ടറിയും മദ്യവും തങ്ങളുടെ പ്രധാന വരുമാനമാർഗങ്ങളാക്കി മാറ്റുന്നത് വിരോധാഭാസവുമാണ്. സർക്കാർ വിവേകരഹിതവും പൊതു നന്മയ്ക്കുപകരിക്കാത്തതുമായ ഇത്തരം തീരുമാനങ്ങൾ പുനഃപരിശോധിക്കാൻ തയ്യാറാകണം.

# സാഗർ രൂപതാദിനം ആചരിച്ചു



സാഗർ: സാഗർ രൂപത രൂപതാദിനം ആഘോഷിച്ചു. സീറോമലബാർ സഭ മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ മുഖ്യാതിഥിയായിരുന്നു. മാർ റാഫേൽ തട്ടിലും സാഗർ രൂപതാധ്യക്ഷൻ മാർ ജെയിംസ് അത്തിക്കളം MSTയും ചേർന്ന് വിശുദ്ധകുർബാനയർപ്പിച്ചു. രൂപതാ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ വിശ്വാസവും മിഷനറി ഉത്സാഹവും എല്ലാ ക്രൈസ്തവർക്കും മാതൃകയാകണമെന്ന് മാർ തട്ടിൽ സന്ദേശത്തിൽ ഓർമ്മിപ്പിച്ചു. കുർബാനയ്ക്കു ശേഷം സ്നേഹവിരുന്ന് നടന്നു. പൊതുസമ്മേളനത്തിൽ രജത സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന എല്ലാ വൈദികരെയും സന്യസ്തരെയും മാതാപിതാക്കളെയും അനുമോദിക്കുകയും ആദരിക്കുകയുംചെയ്തു. സാഗർ രൂപതാ മതബോധനവിഭാഗം സംഘടിപ്പിച്ച വിവിധ മത്സരങ്ങളിലും കൂടാതെ അക്കാദമിക് തലത്തിലും മികവ് തെളിയിച്ച വിദ്യാർഥികൾക്ക് സമ്മാനങ്ങളും സ്കോളർഷിപ്പുകളും വിതരണം ചെയ്തു. സാഗർരൂപതയുടെ ചരിത്രത്തിലെ നിർണായക നിമിഷമായിരുന്നു രൂപതാദിനാഘോഷം.

# തലശ്ശേരി അതിരൂപത





## വി. യൗസേപ്പിതാവ്
തലശ്ശേരി അതിരൂപതയുടെ മധ്യസ്ഥൻ

▲ തലശ്ശേരി അതിരൂപത ആർച്ചുബിഷപ്പ്സ് ഹൗസ്


മെത്രാപ്പോലീത്ത
മാർ ജോസഫ് പാംപ്ലാനി


മുൻ മെത്രാപ്പോലീത്ത
മാർ ജോർജ് ഞറളക്കാട്ട്


മുൻ മെത്രാപ്പോലീത്ത
മാർ ജോർജ് വലിയമറ്റം


പ്രഥമ മെത്രാൻ
മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തിരുവിതാംകൂർ, കൊച്ചി രാജ്യങ്ങളിൽനിന്ന് മലബാറിലേക്ക് കുടിയേറിയ സുറിയാനിക്കാർക്കായി 1953 ഡിസംബർ 31-ാം തീയതി പരിശുദ്ധ പിതാവ് പീയൂസ് പന്ത്രണ്ടാമൻ "ആദ് ക്രിസ്തി എക്ലേസിയാം റെജെൻദാം" എന്ന തിരുവെഴുത്തുവഴി തലശ്ശേരി രൂപത സ്ഥാപിച്ചു. കോഴിക്കോട് ലത്തീൻ രൂപതയുടെ അതിർത്തികൾ തന്നെയായിരുന്നു തലശ്ശേരി രൂപതയുടേത്. പുതിയ രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി 1954 മാർച്ച് 19-ന് അധികാരമേറ്റു. ചരിത്രപ്രാധാന്യമുള്ള മറ്റൊരു തിരുവെഴുത്തിലൂടെ 1955 ഏപ്രിൽ 29-ാം തീയതി തലശ്ശേരി രൂപതയുടെ അതിർത്തികൾ ലത്തീൻ രൂപതകളായ മംഗലാപുരം, ചിക്മാംഗലൂർ, മൈസൂർ, ഷിമോഗ, ഊട്ടി എന്നിവ ഉൾപ്പെടത്തക്കവിധം വികസിപ്പിച്ചു. 1955 ഒക്ടോബർ 16-ന് തലശ്ശേരി രൂപതയുടെ ആദ്യമെത്രാനായി മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് നിയമിതനായി. റോമിലെ വി. പത്രോസിന്റെ ബസിലിക്കയിൽവച്ച് 1956 ജനുവരി 8-ന് കർദ്ദിനാൾ യൗജിൻ ടിസറന്റ് പിതാവിനാൽ മെത്രാനായി അഭിഷിക്തനായി. തലശ്ശേരി രൂപതയുടെ സ്ഥാപനം സമാനതകളില്ലാത്ത ചരിത്ര സംഭവങ്ങളുടെ പരിണിത ഫലമാണ്. സീറോമലബാർ സഭ പരിമിതാതിർത്തികളിൽനിന്നും ഭാഗികമായി സ്വതന്ത്രയായത് തലശ്ശേരി രൂപതയുടെ സ്ഥാപനത്തോടെയാണ്.

1973 മാർച്ച് 01-ന് തലശ്ശേരി രൂപത വിഭജിച്ച് മാനന്തവാടി രൂപതയ്ക്കും, 1986 ഏപ്രിൽ 04-ന് താമരശ്ശേരി ആസ്ഥാനമാക്കി മറ്റൊരു രൂപതയ്ക്കും രൂപം കൊടുത്തു. വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ "സ്പിരിച്ച്യുവാലി ബോനോ ക്രിസ്തി ഫിദേലിയും" എന്ന തിരുവെഴുത്തു വഴി 1995 മെയ് 31-ന് തലശ്ശേരി രൂപതയെ അതിരൂപതയായി ഉയർത്തുകയും മാർ ജോർജ് വലിയമറ്റം പിതാവിനെ ആദ്യത്തെ മെത്രാപ്പോലീത്തയായി നിയമിക്കുകയും ചെയ്തു. കർണ്ണാടക സംസ്ഥാനത്തിലെ ദക്ഷിണ കന്നട, ഉഡുപ്പി, കൊടക് ജില്ലകളിലെ സുറിയാനി കത്തോലിക്കർക്കായി 1999 ഏപ്രിൽ 24-ന് സ്ഥാപിതമായ ബൽത്തങ്ങാടി രൂപതയും, 2007-ൽ നിലവിൽ വന്ന ഭദ്രാവതി രൂപതയും 2010-ൽ സ്ഥാപിതമായ മാണ്ഡ്യ രൂപതയും തലശ്ശേരി അതിരൂപതയുടെ സാമന്തരൂപതകളായി നിലകൊള്ളുന്നു. അഞ്ച് രൂപതകൾക്ക് ജന്മം കൊടുത്ത തലശ്ശേരി അതിരൂപതയുടെ വളർച്ച അത്ഭുതാവഹമായിരുന്നു. ഭാരതപ്പുഴക്കിക്കരെ സീറോമലബാർസഭ ശക്തമായി വളർന്നത് തലശ്ശേരി അതിരൂപതയുടെ സ്ഥാപനത്തോടെയാണ്. തലശ്ശേരി അതിരൂപതയുടെ മൂന്നാമത്തെ മെത്രാപ്പോലീത്തയായി 2022 ഏപ്രിൽ 20-ന് അഭി. മാർ ജോസഫ് പാംപ്ലാനി പിതാവ് നിയമിതനായി.

| | | | |
|---|---|---|---|
| MAR SEBASTIAN VALLOPPILLY | 1954 March 19 | - | 1989 May 01 |
| MAR GEORGE VALIAMATTAM | 1989 May 01 | - | 2014 October 30 |
| MAR GEORGE NJARALAKKATT | 2014 October 30 | - | 2022 April 20 |
| MAR JOSEPH PAMPLANI | 2022 April 20 | - | |

### അപ്പസ്തോലേറ്റുകൾ
- ഫാമിലി അപ്പസ്തോലേറ്റ്
- കാറ്റക്കെറ്റിക്കൽ അപ്പസ്തോലേറ്റ്
- കുടുംബ കൂട്ടായ്മ
- മീഡിയ അപ്പസ്തോലേറ്റ് (TellMe Creations)
- ബൈബിൾ അപ്പസ്തോലേറ്റ്
- മിഷൻലീഗ്, തിരുബാലസഖ്യം
- കെ.സി.വൈ.എം./ എസ്.എം.വൈ.എം.
- കത്തോലിക്കാ കോൺഗ്രസ്
- കെ.സി.ബി.സി. മദ്യവർജ്ജന സമിതി
- ഇൻഫാം
- വിൻസെന്റ് ഡി പോൾ സൊസൈറ്റി
- സെക്കുലർ ഫ്രാൻസിസ്ക്കൻ ഓർഡർ (SFO)
- തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
- കരിസ്മാറ്റിക് മൂവ്മെന്റ്

| | |
|---|---|
| 4953 SQ. KM | വിസ്തീർണ്ണം |
| 19 | ഫൊറോനകൾ |
| 203 | ഇടവകകൾ |
| 67000 | കുടുംബങ്ങൾ |
| 285776 | കത്തോലിക്കർ |
| 05 | രൂപതയിൽനിന്നുള്ള മെത്രാന്മാർ<br>- മാർ ജോസ് പൊരുന്നേടം<br>- മാർ ലോറൻസ് മുക്കുഴി<br>- മാർ ജോൺ പനന്തോട്ടം<br>- മാർ ജോർജ് പുതിയാകുളങ്ങര<br>- മാർ അലക്സ് താരാമംഗലം |
| 381 | രൂപത വൈദികർ |
| 191 | സെമിനാരി വിദ്യാർത്ഥികൾ |
| 02 | പാസ്റ്ററൽ സെന്ററുകൾ |
| 02 | റീജിയണൽ ബിഷപ്പ്സ് ഹൗസുകൾ |
| 85 | കുരിശുപള്ളികൾ |
| 03 | മിഷൻ പ്രദേശങ്ങൾ |
| 01 | അപ്പസ്തോലിക സമർപ്പിത സമൂഹം |
| 01 | റീജിയൺ (കാസർഗോഡ്) |

## കൂരിയ അംഗങ്ങൾ
തലശ്ശേരി അതിരൂപത

പ്രോട്ടോസിഞ്ചെല്ലൂസ്

മോൺ. ആന്റണി മുതുകുന്നേൽ

സിഞ്ചെല്ലൂസ്

മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി

സിഞ്ചെല്ലൂസ്

മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ

ചാൻസലർ


റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ

പ്രൊകുറേറ്റർ

റവ. ഫാ. ജോസഫ് കാക്കരമറ്റത്തിൽ

ജുഡീഷ്യൽ വികാർ

റവ. ഫാ. ജോസ് വെട്ടിക്കൽ

വൈസ് ചാൻസലർ

റവ. ഫാ. ജോസഫ് റാത്തപ്പിള്ളിൽ


ചെമ്പേരി ലൂർദ്ദ് മാതാ ബസലിക്ക ▲


വിളക്കന്നൂർ ദിവ്യകാരുണ്യ അടയാളം ▲

## ജീവകാരുണ്യ സ്ഥാപനങ്ങൾ


കരുണാലയം ▲

### കരുണാലയം ചെമ്പേരി
1975 ഓഗസ്റ്റ് 25-ന് 60 വയസ്സിനു മുകളിൽ പ്രായമായ അവഗണിക്കപ്പെട്ട, നിരാലംബരായ വൃദ്ധജനങ്ങൾക്കുവേണ്ടിയാണ് കരുണാലയം സ്ഥാപിതമായത്. ഇതിനോടകം 642 വൃദ്ധജനങ്ങൾക്ക് ശുശ്രൂഷ നൽകുവാൻ കരുണാലയത്തിന് കഴിഞ്ഞു. നിലവിൽ 55 വൃദ്ധജനങ്ങൾ കരുണാലയത്തിൽ താമസിക്കുന്നുണ്ട്.


സാന്ത്വനം ▲

### സാന്ത്വനം
തലശ്ശേരി അതിരൂപതയുടെ സുവർണ്ണ ജൂബിലി സ്മാരകമായി മരണാസന്നരായ കാൻസർ രോഗികളെ പരിചരിക്കുവാൻ 2003 ഡിസംബർ 20-ന് സാന്ത്വനം ആരംഭിച്ചു. ഇതിനോടകം 390 പേർ സാന്ത്വന സ്പർശനമേറ്റ് നിത്യജീവനിലേക്ക് യാത്രയായി.


ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ ▲

### ഏയ്ഞ്ചൽ ഡയാലിസിസ്
കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിനോട് ചേർന്ന് 20 രോഗികൾക്കും, ഇരിട്ടി കടത്തുംകടവിലുള്ള സെന്ററിൽ 11 പേർക്കും ഒരേസമയം ഡയാലിസിസിന് സൗകര്യം ഒരുക്കിയിരിക്കുന്നു. നിലവിൽ 125 ഡയാലിസിസ് രോഗികൾ തികച്ചും സൗജന്യമായി രണ്ടു സെന്ററുകളിലായി ഡയാലിസിസിന് വിധേയരാകുന്നുണ്ട്.

### സാവിയോ ബോയ്സ് ടൗൺ കുന്നോത്ത്

മലയോര മേഖലയിലെ പാവപ്പെട്ട കുടുംബങ്ങളിലെ ആൺ കുട്ടികൾക്ക് പഠനസൗകര്യം ലഭ്യമാക്കുവാൻ ഹോസ്റ്റൽ സൗകര്യം നൽകുന്ന സാവിയോ ബോയ്സ് ടൗൺ കുന്നോത്ത് 1981 ജനുവരി 25-ന് സ്ഥാപിതമായി.

### മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ബാലികാഭവൻ

മലയോര മേഖലയിലെ പാവപ്പെട്ട കുടുംബങ്ങളിലെ പെൺ കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുവാൻ പാലത്തും കടവിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ നാമത്തിൽ ബാലികാഭവൻ പ്രവർത്തിക്കുന്നു.

### മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി ഭവന നിർമ്മാണപദ്ധതി

ഭവനരഹിതരും ഭൂരഹിതരുമായ ആളുകൾക്കുവേണ്ടി സ്ഥലം കണ്ടെത്തി വീടുകൾ നിർമ്മിച്ചു കൊടുക്കുന്ന പദ്ധതിയാണിത്. ഈ ഭവന നിർമ്മാണ പദ്ധതിയിൽ ഇതിനോടകം 954 വീടുകളുടെ നിർമ്മാണം പൂർത്തിയായി.

### ആദം മിനിസ്ട്രി

ബധിരരും മൂകരുമായ സഹോദരങ്ങളുടെ ആത്മീയവും ഭൗതീകവുമായ വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ട് ആദം മിനിസ്ട്രി പ്രവർത്തിക്കുന്നു. പടന്നക്കാട് റീജിയണൽ പാസ്റ്ററൽ സെന്റർ കേന്ദ്രമാക്കി ആദം മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ നടക്കുന്നു.

## സ്കോളർഷിപ്പ് പദ്ധതികൾ

### നൈറ്റിൻഗേൽ സ്കോളർഷിപ്പ്

പാവപ്പെട്ട കുടുബങ്ങളിലെ കുട്ടികൾക്ക് നേഴ്സിങ് പഠനത്തിനായി ഓരോ വർഷവും 50,000/- രൂപ നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. നിലവിൽ 150 കുട്ടികൾ ഈ സ്കോളർഷിപ്പ് പദ്ധതിയിലൂടെ പഠിക്കുന്നുണ്ട്. വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ടിലൂടെ ഓരോ വർഷവും നാല് കോടി രൂപയുടെ വിവിധ സ്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്ക് നൽകുന്നു.

### സെന്റ് തോമസ് സ്കോളർഷിപ്പ്

ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തികമായി വിഷമിക്കുന്ന കുട്ടികൾക്കായി ഓരോ വർഷവും 40,000/- രൂപ പഠന സഹായത്തിന് നൽകുന്ന പദ്ധതിയാണിത്. 125 കുട്ടികൾ ഈ സ്കോളർഷിപ്പ് പദ്ധതിയിലൂടെ പഠിക്കുന്നുണ്ട്. നിർധനരായ കുട്ടികൾക്ക് സ്കൂൾ പഠനത്തിന് എല്ലാവർഷവും 15,000/- രൂപ നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയും സെന്റ് തോമസ് സ്കോളർഷിപ്പിലൂടെ നൽകുന്നുണ്ട്.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

### കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മലബാറിന്റെ വിദ്യാഭ്യാസ മേഖലയിൽ നിസ്തുലമായ സംഭാവനകൾ നൽകുവാൻ തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ട്.

| | |
|---|---|
| എൽ.പി. സ്കൂളുകൾ | - 23 |
| യു.പി. സ്കൂളുകൾ | - 30 |
| ഹൈസ്കൂളുകൾ | - 24 |
| ഹയർ സെക്കൻഡറി സ്കൂളുകൾ | - 15 |
| വിദ്യാർത്ഥികൾ | - 33475 |
| അധ്യാപകർ | - 1580 |

### വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂഷൻസ്

ചെമ്പേരിയിൽ 2002-ൽ തലശ്ശേരി അതിരൂപത വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചു. നിലവിൽ ഇവിടെ മൂന്ന് പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നു. വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്, വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, സാൻജോസ് അക്കാദമി. NAC ACREDITATION സ്വന്തമാക്കിയ വിമൽജ്യോതി 2024-ൽ ഓട്ടോണമസ് പദവിയിലേക്ക് ഉയർത്തപ്പെട്ടു.

### നിർമ്മലഗിരി കോളേജ്

1964 മെയ് 13-ന് സ്ഥാപിതമായ നിർമ്മലഗിരി കോളേജ് കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള പ്രഥമ വിദ്യാഭ്യാസ സ്ഥാപനമാണ്. 1600 വിദ്യാർത്ഥികളും, 100 അധ്യാപകരുമുള്ള കോളേജ് ഓട്ടോണമസ് പദവിയിലേക്ക് ഉയർത്തപ്പെട്ടു. നിർമ്മലഗിരി കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസും ഈ ക്യാമ്പസിൽ പ്രവർത്തിക്കുന്നു.

### സാന്താ മാതാ നേഴ്സിങ് കോളേജ് ഗുണ്ടൽപ്പേട്ട

കർണ്ണാടകയിലെ ഗുണ്ടൽപ്പേട്ടയിൽ തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിലുള്ള നേഴ്സിങ് കോളേജ് 2025 സെപ്റ്റംബർ 20-ന് പ്രവർത്തനം ആരംഭിച്ചു. BSc നേഴ്സിങ് പഠനം നടത്തുന്ന 4 ബാച്ചുകളിലെ കുട്ടികളാണ് ഈ കോളേജിലുള്ളത്.

### മലനാട് ടി.ടി.ഐ.

തളിപ്പറമ്പിൽ 2004-ൽ അദ്ധ്യാപകരെ പരിശീലിപ്പിക്കുവാൻ അതിരൂപതയുടെ നേതൃത്വത്തിൽ ടി.ടി.ഐ. കോളേജ് ആരംഭിച്ചു.


കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ ▲


വിമൽജോതി എഞ്ചിനീയറിംഗ് കോളേജ് ▲


നിർമ്മലഗിരി കോളേജ് ▲


സാന്താ മാതാ നേഴ്സിങ് കോളേജ് ▲



ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ▲


പ്രതീക്ഷ - ഡി അഡിക്ഷൻ സെന്റർ ▲


ഹാപ്പി വില്ലേജ് - കമ്മ്യൂണിറ്റി ലിവിംഗ് ▲


സന്ദേശഭവൻ പാസ്റ്ററൽ സെന്റർ ▲


ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് - കോൺവൊക്കേഷൻ ▲

## ആശുപത്രികൾ

### കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ

കാത്തലാബ് അടക്കമുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ മലയോര മേഖലയിലെ ഏക സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലാണ് കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ.

### വിമല ഹോസ്പിറ്റൽ ചെമ്പേരി

15 ബെഡുകളുള്ള ചെമ്പേരി വിമല ഹോസ്പിറ്റൽ കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിന്റെ ഭാഗമാണ്.

## ദൈവശാസ്ത്ര പഠനം

### ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി & സയൻസ്

ദൈവശാസ്ത്രപഠനം സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനായി 2006 ഡിസംബർ 08-ന് ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് അഭി. മാർ ജോർജ് വലിയമറ്റം പിതാവിന്റെ മേൽനോട്ടത്തിൽ സ്ഥാപിതമായി. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചാൻസലറും തലശ്ശേരി അതിരൂപതാദ്ധ്യക്ഷനുമായ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ദീർഘ വീക്ഷണവും അക്കാദമിക് ദർശനവുമാണ് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനത്തിന് കാരണമായി ഭവിച്ചത്. വിവിധ രാജ്യങ്ങളിൽ നിന്നായി ഇതുവരെ 10000-ത്തോളം വിദ്യാർത്ഥികൾ തങ്ങളുടെ തിയോളജി പഠനം പൂർത്തിയാക്കുകയും, ഇപ്പോൾ 800 വിദ്യാർത്ഥികൾ പഠിക്കുകയും ചെയ്യുന്നു.

## ആത്മീയ മേഖല

### മദർ ഹോം - ധ്യാനകേന്ദ്രം

മലബാറിലെ ദൈവജനത്തിന്റെ ആത്മീയ വളർച്ചക്ക് സഹായകമായി നിലകൊള്ളുന്ന അതിരൂപതയുടെ ധ്യാനകേന്ദ്രമാണ് പരിയാരത്ത് സ്ഥാപിതമായിരിക്കുന്ന മദർഹോം ധ്യാനകേന്ദ്രം.

### തീർത്ഥാടനങ്ങൾ

തലശ്ശേരി അതിരൂപതയിലെ 19 ഫൊറോനകളിലെയും ദൈവജനത്തെ പങ്കെടുപ്പിച്ചുകൊണ്ടുള്ള നാല് തീർത്ഥാടനങ്ങൾ എല്ലാ വർഷവും നടക്കുന്നു. ഡിസംബർ മാസത്തിൽ ചെമ്പേരിയിലേക്ക് എടൂരിൽനിന്ന് 35 കിലോമീറ്ററുകളും, ആലക്കോട് നിന്നും 23 കിലോമീറ്ററുകളും ദൂരം ഒരു രാത്രി മുഴുവൻ ജപമാല ചൊല്ലി കാൽനടയായി നടത്തുന്ന മരിയൻ തീർത്ഥാടനം മലബാറിലെ ഏറ്റവും വലിയ തീർത്ഥാടനമാണ്. കാസർഗോഡ് ജില്ലയിലെ പനത്തടി സെന്റ് ജോസഫ് തീർത്ഥാടനാലയത്തിലേക്ക് മാർച്ച് 19-ന് സാൻജോസ് തീർത്ഥാടനവും, ചെറുപുഴ സെന്റ് മേരീസ് ദൈവാലയത്തിലേക്ക് നാൽപതാം വെള്ളി തീർത്ഥാടനവും, കൊളക്കാട് സെന്റ് തോമസ് പള്ളിയിലേക്ക് സാൻതോം തീർത്ഥാടനവും നടക്കുന്നു.

## സാമൂഹ്യ സേവനങ്ങൾ

### ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

കുടിയേറ്റ കർഷകന്റെ ഉത്പന്നങ്ങളെ മൂല്യവർദ്ധിത വസ്തുക്കളാക്കി മാറ്റി കാർഷിക ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തലശ്ശേരി അതിരൂപത കർഷകരെ ചേർത്തുപിടിച്ചുകൊണ്ട് ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി സ്ഥാപിച്ചു. 5500-ലേറെ കർഷകർ ബയോമൗണ്ടൻ കമ്പനിയിൽ അംഗങ്ങളാണ്.

### TRACE ഹെൽപ് ഡെസ്ക്

തലശ്ശേരി അതിരൂപതയിലെ ദൈവജനത്തിന് സർക്കാർ സർക്കാരിതര ആനുകൂല്യങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിന് ആരംഭിച്ച സഹായവേദിയാണ് TRACE ഹെൽപ് ഡെസ്ക്. EWS സർട്ടിഫിക്കറ്റ്, വിവിധ ന്യൂനപക്ഷ സഹായങ്ങൾ, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, മറ്റു ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം ആളുകൾക്ക് നൽകുന്നു.

### സ്വകാര്യ വ്യവസായ പാർക്ക് കുന്നോത്ത്

സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ മൈസൂർ - ഇരിട്ടി ഹൈവേയുടെ സമീപം കുന്നോത്ത് മലയോര കർഷകർക്ക് സ്വന്തമായി സംരംഭങ്ങൾ തുടങ്ങുവാൻ ഉള്ള പദ്ധതിയാണ് സ്വകാര്യ വ്യവസായ പാർക്ക്.

### ഹാപ്പി വില്ലേജ് (HOME FOR RETIREMENT LIFE)

മക്കൾ വിദേശരാജ്യങ്ങളിൽ ജോലി സംബന്ധമായി സ്ഥിരതാമസമാക്കുകയും, മാതാപിതാക്കൾ തനിയെ വീടുകളിൽ കഴിയുകയും ചെയ്യുന്ന സാഹചര്യത്തിൽ അവരുടെ സംരക്ഷണത്തിനും സന്തോഷകരമായ ജീവിതത്തിനുംവേണ്ടി ഹാപ്പി വില്ലേജ് എന്ന പേരിൽ ഇരിട്ടിക്കടുത്ത് തലശ്ശേരി - മൈസൂർ ഹൈവേയിൽ ബാരാപ്പുഴയുടെ തീരത്ത് 100 ഏക്കർ സ്ഥലത്ത് ഒരു കമ്മ്യൂണിറ്റി ലിവിങ് സമുച്ചയം ഒരുങ്ങുകയാണ്. 2027 ജനുവരിയിൽ ഹാപ്പി വില്ലേജിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കും.

### പ്രതീക്ഷ (ഡി അഡിക്ഷൻ സെന്റർ തലശ്ശേരി)

1983 ഒക്ടോബർ 04-ന് പ്രതീക്ഷ മദ്യപാനമുക്തി ചികിത്സാ കേന്ദ്രം ആരംഭിച്ചു. ആയിരക്കണക്കിനാളുകൾ ലഹരി മുക്തരായി ജീവിതത്തിന്റെ സന്തോഷത്തിലേക്കും നന്മയിലേക്കും മടങ്ങുവാൻ പ്രതീക്ഷ കാരണമായി.



# വിശുദ്ധ ജോൺ ഹെൻട്രി ന്യൂമാൻ

## കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ സ്വർഗീയ മധ്യസ്ഥൻ

വിശുദ്ധ ജോൺ ഹെൻട്രി ന്യൂമാനെ കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ സ്വർഗീയ മധ്യസ്ഥനായി ലെയോ പതിനാലാമൻ മാർപാപ്പ പ്രഖ്യാപിച്ചു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ക്രിസ്തീയ വിദ്യാഭ്യാസത്തെ കുറിച്ചുള്ള പ്രമാണ രേഖയായ ഗ്രവീസിമും എദുകാസിയൊണെയുടെ അറുപതാം വാർഷികത്തോടനുബന്ധിച്ചായിരുന്നു പ്രഖ്യാപനം. ആഗോള വിദ്യാഭ്യാസ ജൂബിലിയുടെ സമാപന ദിവസത്തിൽ വിശുദ്ധ ന്യൂമാനെ സഭയുടെ 38-ാമത്തെ വേദപാരംഗതനായും മാർപാപ്പ പ്രഖ്യാപിച്ചു. വത്തിക്കാന്റെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ലോകത്തെമ്പാടുമുള്ള 171 രാജ്യങ്ങളിലായി രണ്ടു ലക്ഷത്തി മുപ്പതിനായിരം കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ 7.2 കോടി വിദ്യാർഥികൾക്ക് വിദ്യാഭ്യാസ സേവനം നൽകുന്നുണ്ട്.

# ‘എവയ്ക്ക്’ എസ്എംവൈഎം അയർലണ്ട് വാർഷിക കോൺഫ്രൻസ്





ഡബ്ലിൻ: അയർലണ്ടിലെ സീറോമലബാർ യൂത്ത് മൂവ്മെന്റ് വാർഷിക കോൺഫ്രൻസ് യൂണിവേഴ്സിറ്റി സെന്റ് പാട്രിക് കാമ്പസിൽ നടന്നു ഒക്ടോബർ 25 മുതൽ 27 വരെ തീയതികളിൽ നടന്ന കോൺഫ്രൻസിൽ 16 മുതൽ 25 വരെ പ്രായമുള്ള അയർലണ്ട് റീജിയനിലെ മുഴുവൻ യുവജനങ്ങളും പങ്കെടുത്തു. സീറോമലബാർസഭയുടെയും എസ്എംവൈഎം അയർലണ്ടിന്റെയും ആഭിമുഖ്യത്തിൽ നടന്ന കോൺഫ്രൻസിന്റെ ലക്ഷ്യം ആഴമേറിയവിശ്വാസമുള്ള യുവജനനേതാക്കളെ അടുത്തതലമുറയിലേക്ക് വാർത്തെടുക്കുക എന്നതായിരുന്നു. യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്റർ ബിഷപ് സ്റ്റീഫൻ ചിറപ്പണത്തിന്റെ സാന്നിധ്യം കോൺഫ്രൻസിലുടനീളമുണ്ടായിരുന്നു. എസ്എംവൈഎം യൂറോപ്പ് യൂത്ത് അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ബിനോജ് മുളവരിക്കൽ ക്ലാസുകൾ നയിച്ചു. ഫാ. ജോസഫ് ഓലിയക്കാട്ടിൽ, ഫാ. ബൈജു കണ്ണമ്പിള്ളി, ഫാ. സെബാൻ സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നല്കി. വിശുദ്ധകുർബാന, ആരാധന, പ്രെയ്സ് ആന്റ് വർഷിപ്പ് എന്നിവയും നടന്നു. മോട്ടിവേഷനൽ സ്പീക്കർ ജോസഫ് അന്നംകുട്ടി ജോസ്, ക്രിസ്ത്യൻ ഹിപ്പ് ഹോപ്പ് ആർട്ടിസ്റ്റ് പ്രോഡിഗൈൽ, ഫാ. മെൽവിൻ പോൾ മംഗലത്ത്, ഗായകനും സംഗീതജ്ഞനുമായ അൽഫോൻസ് ജോസഫ് തുടങ്ങിയവരുടെ സാന്നിധ്യവും എവയ്ക്കിനെ ശ്രദ്ധേയമാക്കി. ഹോസ്റ്റ് ഫാമിലി ഇൻഷ്യേറ്റീവ്, ടാലന്റ് ഷോക്കേസസ്, ടീം വർക്ക് ആന്റ് ലീഡർഷിപ്പ് എന്നിവ കോൺഫ്രൻസിന്റെ പ്രത്യേകതകളായിരുന്നു.

# ചരിത്രം കുറിച്ച് കത്തോലിക്കാ കോൺഗ്രസ് അവകാശസംരക്ഷണയാത്ര




**കത്തോലിക്ക കോൺഗ്രസിന്റെ അവകാശ സംരക്ഷണ യാത്ര പാലായിലെത്തിയപ്പോൾ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ നയിക്കുന്നു**



**കത്തോലിക്ക കോൺഗ്രസ് അവകാശ സംരക്ഷണ യാത്ര മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്യുന്നു. മാർ റെമിജിയോസ് ഇഞ്ചനാനിയിൽ രാജീവ് കൊച്ചുപറമ്പിലിന് പതാക കൈമാറുന്നു**



**അവകാശ സംരക്ഷണ യാത്ര സമാപനം തിരുവനന്തപുരം സെക്രട്ടറിയേറ്റ് പടിക്കൽ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്യുന്നു.**

കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ വിവിധ ജനകീയ ആവശ്യങ്ങൾ ഉന്നയിച്ച് ഒക്ടോബർ 13 നു കാസർകോഡ് തുടങ്ങിയ ‘അവകാശ സംരക്ഷണ യാത്ര’ ഒക്ടോബർ 24 വെള്ളി 10 മണിക്ക് തിരുവനന്തപുരത്ത് സമാപിച്ചു. പാളയം രക്തസാക്ഷിമണ്ഡപത്തിൽ നിന്നും ആരംഭിച്ച ആയിരങ്ങൾ അണിനിരന്ന സെക്രട്ടറിയേറ്റ് മാർച്ചോടെയും തുടർന്ന് സെക്രട്ടറിയേറ്റിനു മുൻപിൽ നടന്ന ധർണ്ണയോടെയുമായിരുന്നു സമാപനം.

കത്തോലിക്ക കോൺഗ്രസ് പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ നേതൃത്വം നൽകിയ ജാഥ കാസർഗോഡ് പാണത്തൂരിൽ ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. ബിഷപ് ലഗേറ്റ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ ഫ്ലാഗ് ഓഫ് ചെയ്തു. കേരളത്തിലെ എല്ലാ രൂപതകളിലൂടെയും പ്രയാണം ചെയ്ത യാത്ര ഉജ്വലമായ സ്വീകരണങ്ങൾ ഏറ്റുവാങ്ങി സമുദായത്തിന്റെയും കർഷകരുടെയും പ്രശ്നങ്ങൾ കൃത്യമായി അവതരിപ്പിച്ചു. തിരുവനന്തപുരത്ത് സമാപന സമ്മേളനം ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത ആർച്ച്ബിഷപ് മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. മാർ റെമിജിയോസ് ഇഞ്ചനാനിയിൽ മുഖ്യപ്രഭാഷണം നടത്തി. കത്തോലിക്ക കോൺഗ്രസ് അവകാശ പത്രിക പ്രഖ്യാപനവും സമർപ്പണവും നടന്നു.

സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പാലായിൽ നടന്ന റാലിയും സമ്മേളനവും ഉദ്ഘാടനം ചെയ്തു. സമുദായത്തോടും സമൂഹത്തോടും രാഷ്ട്രീയ കക്ഷികൾ കാണിക്കുന്ന അസാമാന്യമായ അനീതിയും അവഗണനയും അവഹേളനവും തിരിച്ചറിയാനും പ്രതികരിക്കാനും സമുദായത്തിന് അറിയാമെന്ന് മാർ റാഫേൽ തട്ടിൽ ഓർമിപ്പിച്ചു.

സർക്കാരുകളും രാഷ്ട്രീയപാർട്ടികളും മുഖംതിരിച്ചു നിൽക്കുന്ന വിവിധ ജനകീയ സാമുദായിക വിഷയങ്ങൾ ചൂണ്ടിക്കാട്ടിയാണ് കേരളത്തിലെ 14 ജില്ലകളിലൂടെയും അവകാശ സംരക്ഷണ യാത്ര കടന്നു പോയത്. ബിഷപ്പുമായ മാർ പോളി കണ്ണൂക്കാടൻ, മാർ ജോസ് പുളിക്കൽ, മാർ ജോസ് പൊരുന്നേടം, മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, മാർ ടോണി നീലങ്കാവിൽ, മാർ ജോൺ നെല്ലിക്കുന്നേൽ, മാർ ജോസഫ് പണ്ടാരശ്ശേരിൽ എന്നിവർ വിവിധ കേന്ദ്രങ്ങളിൽ ജാഥയെ അഭിസംബോധന ചെയ്തു.

പാണത്തൂർ, ചിറ്റാരിക്കൽ, പേരാവൂർ, മാനന്തവാടി, തിരുവമ്പാടി, മണ്ണാർക്കാട്, തൃശൂർ, ഇരിങ്ങാലക്കുട, അങ്കമാലി, കോതമംഗലം, കട്ടപ്പന, കാഞ്ഞിരപ്പള്ളി, പാലാ, കോട്ടയം, കുട്ടനാട്, ചങ്ങനാശ്ശേരി, ആലപ്പുഴ, തിരുവനന്തപുരം ഉൾപ്പെടെ നൂറ് കണക്കിന് കേന്ദ്രങ്ങളിൽ സമുദായ സാമൂഹ്യ നേതാക്കന്മാർ, സമുദായ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്ത പ്രകടനങ്ങളും ജനകീയ മഹാ സമ്മേളനങ്ങളും സംഘടിപ്പിച്ചു.

‘നീതി ഔദാര്യമല്ല അവകാശമാണ്’ എന്ന മുദ്രാവാക്യവുമായി മതേതരത്വവും രാജ്യത്തിന്റെ ഭരണഘടനയും സംരക്ഷിക്കുക, ജസ്റ്റിസ് ജെ ബി കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ച് നടപ്പിലാക്കുക, വന്യമൃഗ ശല്യവും ഭൂപ്രശ്നങ്ങളും അവസാനിപ്പിക്കുക, റബ്ബർ, നെല്ല് ഉൾപ്പെടെ കാർഷിക ഉൽപന്നങ്ങളുടെ വില തകർച്ചയ്ക്ക് പരിഹാരം കാണുക, വിദ്യാഭ്യാസ ന്യൂനപക്ഷ രംഗങ്ങളിലെ അവഗണനകൾ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു യാത്ര.

ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ഡോ ജോസ്കുട്ടി ജെ ഒഴുകയിൽ, ട്രഷറർ അഡ്വ. ടോണി പുഞ്ചകുന്നേൽ, ഭാരവാഹികളായ ഡോ. കെ.എം. ഫ്രാൻസിസ്, ബെന്നി ആന്റണി, ട്രീസ ലിസ് സെബാസ്റ്റ്യൻ, രാജേഷ് ജോൺ, ജോർജ് കോയിക്കൽ, ബിജു സെബാസ്റ്റ്യൻ, ഫിലിപ്പ് വെളിയത്ത്, ജേക്കബ് നിക്കോളാസ്, അഡ്വ. മനു വരാപ്പള്ളി എന്നിവർ നേതൃത്വം നൽകി.

Syromalabar Vision (Private circulation only), Published by Major Archiepiscopal Curia, Mount St. Thomas, PB No 3110, Kakkanad P.O, Kochi - 682030, Kerala, India
E mail: syromalabarvision@gmail.com, Design & Print at Don Bosco Igact, Ernakulam